ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് മാണിസാർ പറഞ്ഞതിനെ നിഷേധിക്കുന്നില്ല.

ശ്രീ. സി. ദിവാകരൻ : മാണിസാർ പറഞ്ഞതിനെ നിഷേധിക്കുന്നതല്ല. ഞാൻ അന്ന് എന്റെ കൈവശമുണ്ടായിരുന്ന രേഖകളുടെ അടിസ്ഥാനത്തിൽ സഭയിൽ സത്യസന്ധമായി പറഞ്ഞു. കൂടുതൽ അന്വേഷണങ്ങൾ നടത്തി. ഇപ്പോഴും അന്വേഷണങ്ങൾ തുടരുകയാണ്. കിട്ടിയിടത്തോളം രേഖകൾ ഞാൻ ഇപ്പോൾ മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. കെ. എം. മാണി : ഞാൻ പറഞ്ഞത് വസ്തുതാപരമാണെങ്കിൽ സീരിയസല്ലേ ? അങ്ങനെയെങ്കിൽ ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കുന്നു ; ഇത് ലാഘവത്തോടെ കാണാൻ പറ്റുമോ ?

ശ്രീ. സി. ദിവാകരൻ : ഞാൻ സഭയിൽ സത്യസന്ധമായി പറഞ്ഞിട്ടുണ്ട്. എന്റെ കൈവശമുള്ള എല്ലാ രേഖകളും ഇപ്പോൾ മേശപ്പുറത്ത് വയ്ക്കും.

ശ്രീ. ഉമ്മൻ ചാണ്ടി : അന്ന് സപ്ലിമെന്റ്സിന് ഇതിന്റെ രൂപ കൊടുത്തോ എന്ന് ഞാൻ ചോദിച്ചപ്പോൾ, അത് പരിശോധിച്ചിട്ട് പറയാമെന്ന് പറഞ്ഞു. ഈ മേഖല സാധനങ്ങൾ സപ്ലൈ ചെയ്തവരുടെ രൂപ പിടിച്ചുവയ്ക്കാനാണ് വിജിലൻസ് ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെട്ടിരിക്കുന്നത്. പക്ഷേ ഇതിനോടകം അതിന്റെ തുക കൊടുത്തോ എന്നുള്ളത് പരിശോധിച്ച് പറയാമെന്ന് പറഞ്ഞു. അതൊന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. സി. ദിവാകരൻ : കേസ് തീരുന്നതുവരെ വിത്ത്ഹെൽഡ് ചെയ്തിരിക്കുകയാണ്.

VI നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്നും പ്രമേയവും അനന്തരനടപടികളും

(i) കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ, 2010

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ, 2010 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ, 2010 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടെയും ശ്രദ്ധയ്ക്ക്. ഇന്ന് മൂന്ന് ബില്ലുകൾ പാസാക്കേണ്ടതുണ്ട്. അതോടൊപ്പം സപ്ലിമെന്ററി ഡിമാന്റിന്റെ അപ്രോപ്രിയേഷനും ഉണ്ട്. അതുകൊണ്ട് ദയവായി എല്ലാവരും സഹകരിക്കണം.

ശ്രീ. തോമസ് ചാഴികാടൻ: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ മുഴുവൻ ജനങ്ങളും കഴിഞ്ഞ കുറേ വർഷങ്ങളായി കാത്തിരുന്ന ഒരു നിയമനിർമ്മാണമാണ് ഇന്ന് നമ്മുടെ സഭയിൽ പരിഗണിക്കപ്പെടുന്നത്. കേരളത്തിൽ ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത് ഒരവസരത്തിൽ വളരെ കുറച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് ഈ സ്ഥാപനങ്ങളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. കേരളത്തിൽ ഗവൺമെന്റ് സെക്ടറിൽ ഇന്ന് 5 മെഡിക്കൽ കോളേജുകളുണ്ട്. സഹകരണ-സ്വകാര്യ-മേഖലകളിൽ ഉൾപ്പെടെ ഇപ്പോൾ അത് 29 എണ്ണമായി. ദന്തൽ കോളേജുകൾ ഗവൺമെന്റ് സെക്ടറിൽ 3 സ്വകാര്യ സഹകരണ മേഖലയിൽ ഉൾപ്പെടെ 22. അതുപോലെ ആയുർവ്വേദ മെഡിക്കൽ കോളേജുകൾ 16. ഹോമിയോ മെഡിക്കൽ കോളേജുകൾ 5. നഴ്സിംഗ് കോളേജുകൾ 90. ഫാർമസി കോളേജുകൾ 26. മറ്റ് പാരാ മെഡിക്കൽ കോഴ്സുകൾക്കായി 24. കോളേജുകളുണ്ട്. അങ്ങനെ മൊത്തം 213 ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുണ്ട്. കേരളത്തിൽ ആദ്യമായി കേരള യൂണിവേഴ്സിറ്റി സ്ഥാപിക്കുമ്പോൾ കോളേജുകളുടെ എണ്ണം വളരെ ചുരുക്കമായിരുന്നു. പിന്നീട് കൂടുതൽ കോളേജുകൾ വന്നപ്പോൾ കോഴിക്കോട്- കാലിക്കട്ട് യൂണിവേഴ്സിറ്റി സ്ഥാപിച്ചു. കോട്ടയത്ത് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്ഥാപിച്ചു. കോഴിക്കോട് യൂണിവേഴ്സിറ്റിയെ വിഭജിച്ച് കണ്ണൂർ യൂണിവേഴ്സിറ്റിയും സ്ഥാപിച്ചു. അതിനുശേഷം കാർഷിക സർവ്വകലാശാലയ്ക്ക് രൂപം കൊടുത്തു. ഈ രീതിയിൽ കേരളത്തിൽ ഇന്ന് ഏതാണ്ട് 7 യൂണിവേഴ്സിറ്റികൾ നിലവിലുണ്ട്. ഈ സർവ്വകലാശാലകളുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്നുണ്ട്. കാർഷിക സർവ്വകലാശാല വിഭജിച്ച് വെറ്റിനറിയും ജന്തുശാസ്ത്രവും എന്ന ഒരു സർവ്വകലാശാല രൂപീകരിക്കുന്നതിനുള്ള ഒരു ബിൽ ഈ സമ്മേളനത്തിൽ സഭയുടെ പരിഗണനയിലിരിക്കുകയാണ്. അതുപോലെതന്നെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ മറ്റൊരെണ്ണം കൂടി വരികയാണ്. ഞാൻ ഇത് സൂചിപ്പിച്ചത്, ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിന്റെ പിറകിലായി പറയുന്നത്, ആധുനിക വൈദ്യശാസ്ത്രത്തിനും ഹോമിയോപ്പതിക്കും ആയുർവ്വേദം, യുനാനി, സിദ്ധ, പ്രകൃതി ചികിത്സ, യോഗ തുടങ്ങിയ വ്യത്യസ്തങ്ങളായ ആരോഗ്യ ശാഖകൾക്കും കൂടിയുള്ള ഒരു യൂണിവേഴ്സിറ്റിയെന്നാണ്. ഞാൻ എന്റെ ഡിസന്റ് നോട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്, ആരോഗ്യ വിദ്യാഭ്യാസ ശാഖകൾക്ക് എല്ലാം കൂടി ഒരു യൂണിവേഴ്സിറ്റി എന്നതിനുപകരം മോഡേൺ മെഡിസിൻ അല്ലെങ്കിൽ അലോപ്പതിയും അതുമായി ബന്ധപ്പെട്ട ശാസ്ത്രശാഖകൾക്കുംവേണ്ടി ഒരു

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റിയും ഭാരതീയ ആരോഗ്യ മേഖലയായ ആയുർവ്വേദം, യുനാനി, സിദ്ധ, പ്രകൃതി ചികിത്സ, യോഗ തുടങ്ങിയ ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിന് പ്രത്യേകമായിട്ടൊരു യൂണിവേഴ്സിറ്റിയുമുണ്ടാകുന്നതാണ് ഉചിതമെന്ന് ഞാൻ കരുതുകയാണ്. ഇത് മറ്റൊന്നുകൊണ്ടുമല്ല, നമ്മുടെ അലോപ്പതി വിദ്യാഭ്യാസ രംഗത്താണ് ഇന്ന് ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാണുന്നത്. 213 ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ളതിൽ ഹോമിയോ കോളേജ് 5, സിദ്ധ കോളേജ് 1, ആയുർവ്വേദ കോളേജ് 16-ഉം ഒഴിച്ചാൽ ബാക്കി മുഴുവൻ മോഡേൺ മെഡിസിന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. അതുകൊണ്ട് തന്നെ മോഡേൺ മെഡിസിന്റെ കീഴിൽ വരുന്ന ആരോഗ്യ വിദ്യാഭ്യാസ ശാഖകൾക്ക് മെച്ചപ്പെട്ട രീതിയിൽ ഗവേഷണം നടത്തുവാനും മെച്ചപ്പെട്ട രീതിയിൽ വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിക്കാനും അതിന് നേതൃത്വം കൊടുക്കുവാനും പ്രത്യേകമായി ഒരു യൂണിവേഴ്സിറ്റിയുണ്ടാകുന്നതാണ് നല്ലതെന്ന് വിശ്വസിച്ചുകൊണ്ടാണ് ഞാൻ ഈ കാര്യം സൂചിപ്പിക്കുന്നത്.

ബഹുമാന്യനായ ഡോ. ബി. ഇക്ബാലിന്റെ നേതൃത്വത്തിലുള്ള ഒരു സമിതിയാണ് നമ്മുടെ സംസ്ഥാനത്ത് മെഡിക്കൽ യൂണിവേഴ്സിറ്റി പ്രത്യേകമായി സ്ഥാപിക്കുന്നത് സംബന്ധിച്ച ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചത്. ആ റിപ്പോർട്ടിൽത്തന്നെ സൂചിപ്പിച്ചിരുന്നത്, മെഡിക്കൽ യൂണിവേഴ്സിറ്റി & ഡിഫറന്റ് സിസ്റ്റംസ് ഓഫ് മെഡിസിൻ എന്നുപറഞ്ഞത്.....ഞാൻ എല്ലാം വായിക്കുന്നില്ല. അതിൽ ഒരു പാരഗ്രാഫിലെ ഒരു വാചകം ഇങ്ങനെയാണ്. The experience of the Medical Universities in other States reveal the fact that because of the mixing up of different systems focus the approach to the research and educational needs of different systems could not be realised. ഒരു പ്രത്യേക ശാഖയിൽ ഫോക്കസ് ചെയ്തുള്ള റിസർച്ച് നടത്താൻ മറ്റ് സംസ്ഥാനങ്ങളിൽ മോഡേൺ മെഡിസിനും മറ്റ് ഭാരതീയ ശാഖകൾക്കുമെല്ലാം കൂടി ചേർത്ത് സ്ഥാപിച്ച യൂണിവേഴ്സിറ്റികൾക്ക് സാധിച്ചിട്ടില്ലെന്ന് ഈ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പഠനം നടത്തിയ കമ്മിറ്റി തന്നെ റിപ്പോർട്ട് ചെയ്യുകയാണ്. അവർ വളരെ വിശദമായി സൂചിപ്പിക്കുന്നുണ്ട്. Taking into consideration the experience of the Universities of Health Sciences in other States, the committee feels that the modern medical institutions under the Government, Co-operative and Private Sectors ie., Medical, Dental, Nursing, Pharmacy Colleges and those Paramedical institutions conducting degree level courses need be affiliated to the proposed Medical University. ഇങ്ങനെ വളരെ വ്യക്തമായി ഒരു വിദഗ്ദ്ധ സമിതി തന്നിരിക്കുന്ന റിപ്പോർട്ട് നിലനിൽക്കുമ്പോൾ നമ്മൾ ഇവിടെ കൊണ്ടുവന്നിട്ടുള്ള ബില്ലിൽ മോഡേൺ മെഡിസിനോടൊപ്പം തന്നെ ഹോമിയോപ്പതിയും ആയുർവ്വേദവും യുനാനിയും സിദ്ധ, പ്രകൃതിചികിത്സ, യോഗ തുടങ്ങിയ വ്യത്യസ്ത ആരോഗ്യ ശാഖകളിൽ ബോധനവും അദ്ധ്യാപനവും പരിശീലനവും ഗവേഷണവും ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് ഈ ബിൽ കൊണ്ടുവരുന്നതെന്നാണ് പറയുന്നത്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയോട് ഇപ്പോഴും അഭ്യർത്ഥിക്കുവാനുള്ളത് ഈ കാര്യം ഒന്ന് പുനഃപരിശോധിക്കണം. തീർച്ചയായും നമ്മുടെ സ്വന്തമായ ആരോഗ്യ വിജ്ഞാന ശാഖയായ ആയുർവ്വേദം, നാച്വറോപ്പതി, സിദ്ധ, യുനാനി തുടങ്ങിയ മറ്റ് ആരോഗ്യ ശാഖകൾക്കെല്ലാം പ്രത്യേകം പരിഗണന നൽകേണ്ടതുണ്ട്. ആരോഗ്യ വിദ്യാഭ്യാസ ശാഖകളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അവിടെ നടത്തുന്ന റിസർച്ചും അവിടെ നടത്തുന്ന പഠനവും ഈ മോഡേൺ മെഡിസിന്റെ പഠനവുമായി ചേർന്നുപോകാൻ ബുദ്ധിമുട്ടുണ്ടെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇതിന് നിരവധി തെളിവുകൾ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും.

ഞാൻ ഹോമിയോപ്പതി ചികിത്സാരീതി അവലംബിക്കുന്ന ഒരാളാണെങ്കിൽപ്പോലും അലോപ്പതിയിൽ ഉള്ളതുപോലുള്ള ഗവേഷണം നടത്തി ശാസ്ത്രീയമായ രീതിയിലുള്ള മരുന്നാണോ കൊടുക്കുന്നതെന്ന കാര്യത്തിൽ സംശയമുണ്ട്. ആയുർവ്വേദ മെഡിസിന്റെ കാര്യമെടുത്താലും, അതിന്റെ സ്റ്റാന്റേർഡ്സ് നിശ്ചയിച്ചുകൊണ്ട് നമുക്ക് ഇതുവരെ വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. മറിച്ച്, അലോപ്പതിയിൽ മോഡേൺ മെഡിസിനിൽ ശാസ്ത്രീയമായ പഠനങ്ങൾക്കുശേഷം വളരെ വ്യക്തമായ രീതിയിലുള്ള സ്റ്റാന്റേർഡ്സ് നിശ്ചയിച്ചുകൊണ്ടാണ് ഈ ശാഖ ഇന്ന് മുമ്പോട്ട് പോയിക്കൊണ്ടിരിക്കുന്നത്. മോഡേൺ മെഡിസിനിലെ എല്ലാ ശാഖകൾക്കും പ്രാധാന്യം കിട്ടാൻ കൂടുതൽ സാധ്യതയും ലഭിക്കും. ഇതിന് മാത്രമായി ഒരു യൂണിവേഴ്സിറ്റിയുണ്ടെങ്കിൽ, ഉദാഹരണത്തിന്, ഇന്ന് കേരളത്തിൽ ഏതാണ്ട് 22 ദന്തൽ കോളേജുകളുണ്ട്. ദന്തൽ കോളേജുകളിൽത്തന്നെ ഇന്ന് 9 സ്പെഷ്യാലിറ്റി ശാഖകളുണ്ട്. ഈ ശാഖകൾക്കെല്ലാം പ്രാധാന്യം കൊടുത്തുകൊണ്ട് പ്രത്യേകമായി റിസർച്ച് നടത്തുവാനും പഠനങ്ങൾ നടത്തുവാനും അവിടെ നല്ല രീതിയിലുള്ള അദ്ധ്യയനം നടത്തുവാനുമൊക്കെ, മോഡേൺ മെഡിസിന്റെ ഒരു ശാഖയായ ദന്തൽ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം കിട്ടുന്ന തരത്തിൽ ഒരു സർവ്വകലാശാലയ്ക്ക് പ്രവർത്തിക്കാൻ കഴിയും.

അതുപോലെ മോഡേൺ മെഡിസിനിലെ മറ്റൊരു മേഖലയാണ് പാരാമെഡിക്കൽ കോഴ്സുകളുടെ ഭാഗമായി നിശ്ചയിച്ചിട്ടുള്ള ഫിസിയോതെറാപ്പി. ഫിസിയോതെറാപ്പി ഇന്ന് വളർന്നുവരുന്ന ഒരു ശാഖയാണ്. ഇന്ന് ഏതാണ്ട് 10 സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഈ ശാഖയിലുണ്ട്. ഈ ഓരോ ശാഖയിലും അല്ലെങ്കിൽ പാരാമെഡിക്കൽ കോഴ്സ് എന്നുപറയുന്ന ഫിസിയോതെറാപ്പിയെ കൂടുതൽ പ്രോത്സാഹിപ്പിക്കുവാനും കൂടുതൽ റിസർച്ച് ചെയ്യാനും കഴിയത്തക്ക വിധത്തിൽ മോഡേൺ മെഡിസിന് മാത്രമായി ഒരു യൂണിവേഴ്സിറ്റി ഉണ്ടായാൽ സാധ്യമാകും എന്നതിന് സംശയമില്ല. ഇന്ന് ഫിസിയോതെറാപ്പിക്ക് മാത്രമായി ഡിഗ്രി കോഴ്സ് നടത്തുന്ന ഏതാണ്ട് 13 സ്ഥാപനങ്ങൾ കേരളത്തിൽത്തന്നെയുണ്ട്. കേരളത്തിന് വെളിയിലും നിരവധി സ്ഥാപനങ്ങളുണ്ട്. പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സ് നടത്തുന്ന 3 സ്ഥാപനങ്ങളുണ്ട്. ഈ മേഖലയിൽ പി. എച്ച്. ഡി. ചെയ്യാൻ ശ്രീചിത്രാ മെഡിക്കൽ സെന്റർ പോലുള്ള ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാധ്യതകളുണ്ട്. അതിനാൽ ഇത്തരം ശാഖകളിൽ കൂടുതൽ റിസർച്ച് നടത്തുവാനും കൂടുതൽ പരിശീലനം നൽകുവാനും സാധ്യതകളുണ്ടാകുന്ന സാഹചര്യമൊരുക്കാൻ മോഡേൺ മെഡിസിന് മാത്രമായി ഒരു യൂണിവേഴ്സിറ്റി ഉണ്ടാകുമ്പോൾ അത് സാധ്യമാകും എന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും ഓരോ പ്രത്യേക മേഖലയ്ക്കും അല്ലെങ്കിൽ പ്രത്യേക വിഷയത്തിനും ഒരു യൂണിവേഴ്സിറ്റി ഉണ്ടാകുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിച്ചുതുടങ്ങിയിരിക്കുന്നു. ഉദാഹരണത്തിന്, വെറ്ററിനറി കോളേജും അതുമായി ബന്ധപ്പെട്ട ഡയറി കോളേജുകളുമൊക്കെ, കാർഷിക സർവ്വകലാശാലയുടെ കീഴിലായിരുന്നു ഇപ്പോൾ നമുക്ക് ബോധ്യം വന്നു, കാർഷിക സർവ്വകലാശാലയിൽത്തന്നെ വെറ്ററിനറി വിദ്യാഭ്യാസവും ഡയറിയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസവുമൊക്കെ നിൽക്കുന്നതിനുപകരം അതിന് പ്രത്യേകമായ ഒരു യൂണിവേഴ്സിറ്റി ഉണ്ടാകുന്നതാണ് അഭികാമ്യം എന്ന് ബോധ്യം വന്നതു കൊണ്ടല്ലേ ഇപ്പോൾ ഈ മേഖലയ്ക്ക് മാത്രമായി ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നമ്മൾ തീരുമാനമെടുത്തിരിക്കുന്നത്.

ഫിഷറീസ് മേഖലയിൽ- ഓഷ്യാനോഗ്രാഫി പഠിക്കുന്ന മേഖലയിൽ, ഫിഷറീസുമായി ബന്ധപ്പെട്ട് മാത്രം നിന്നിരുന്ന ഒരു ശാഖയ്ക്ക് കൂടുതൽ പരിശീലനം നൽകുവാൻ സാധ്യതയുണ്ടാക്കിക്കൊണ്ടാണ് പുതിയ യൂണിവേഴ്സിറ്റി ഉണ്ടാകുന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഫിസിയോതെറാപ്പിയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ഫിസിയോതെറാപ്പി ഈ സർവ്വകലാശാലയുടെ ഭാഗം അല്ലെന്നുള്ള നിലപാടാണ് നമ്മുടെ കേരളത്തിൽ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന രീതി. എന്നാൽ 1976 മുതൽ ഇൻഡ്യയിൽത്തന്നെ ഇതര സംസ്ഥാനങ്ങളിൽ ഫിസിയോതെറാപ്പിക്ക് പ്രത്യേകമായി പാരാമെഡിക്കൽ കൗൺസിലുണ്ടാക്കി ആ കൗൺസിലിൽ അഫിലിയേറ്റ് ചെയ്യുന്ന രീതിയിൽത്തന്നെ ഫിസിയോതെറാപ്പി പഠിപ്പിക്കുന്ന രീതി സ്വീകരിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾത്തന്നെ ഡീംഡ് യൂണിവേഴ്സിറ്റിയായി മഹാരാഷ്ട്രയിൽ പ്രവർത്തിക്കുന്ന കേവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, പുനെ, ഈ രീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. അവരുടെ ഡീംഡ് യൂണിവേഴ്സിറ്റിയിൽ അവർ ഉണ്ടാക്കിയെടുത്ത സിസ്റ്റം പാരാമെഡിക്കൽ കൗൺസിലുണ്ടാക്കി അതിൽ അഫിലിയേറ്റ് ചെയ്ത് അവരെക്കൊണ്ട് ഫിസിയോതെറാപ്പിയുടെ ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അംഗീകാരം കൊടുക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലും ഇത്തരത്തിലുള്ള ഒരു രീതി സ്വീകരിക്കാൻ സാധിക്കുമെന്ന് അങ്ങ് കരുതുന്നുണ്ടോ ?

ശ്രീ. തോമസ് ചാഴികാടൻ : ഞാൻ അതാണ് ഇവിടെ സൂചിപ്പിച്ചത്. ഫിസിയോതെറാപ്പിക്ക് വലിയ പ്രാധാന്യം കൊടുക്കാത്ത രീതിയിലാണ് ഇപ്പോൾ ഈ ബില്ലിൽ പരാമർശിച്ചിട്ടുള്ളത്. വ്യത്യസ്തങ്ങളായിട്ടുള്ള പാരാമെഡിക്കൽ കോഴ്സുകളിൽ ഒരെണ്ണം എന്ന നിലയിലാണ് ഇവിടെ ഫിസിയോതെറാപ്പി വന്നിരിക്കുന്നത്. മറിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി സൂചിപ്പിച്ചതുപോലെ കേരളത്തിന് വെളിയിൽ ഫിസിയോതെറാപ്പിക്ക് വലിയ പ്രാധാന്യമുണ്ടായിട്ടുണ്ട്. ഓർത്തോ, ന്യൂറോ, കാർഡിയോ തൊറാസിക്ക്,

LIBRARY ARCHIVES Kerala Legislative Assembly

പീഡിയാട്രിക്സ്, സ്പോർട്സ്, ജൈനക്കോളജി, ജെറിയാട്രിക്സ്, പ്രോസ്റ്റസിക് ഓർത്തോട്ടിക്സ്, സി. ബി. ആർ. (കമ്മ്യൂണിറ്റി ബേസ്ഡ് റീ-ഹാബിലിറ്റേഷൻ), ഹാന്റ് റി-ഹാബിലിറ്റേഷൻ തുടങ്ങിയ പത്ത് സ്പെഷ്യാലിറ്റികൾ ഈ മേഖലയിലുണ്ട്. ഇതൊരു വളർന്ന ശാഖയാണ്. ഇതിനാവശ്യമായ പ്രോത്സാഹനം കൊടുക്കാൻ ഈ ബില്ലിൽ പ്രത്യേകമായ പരിഗണനയുണ്ടാകണം. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ കാര്യങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്.

ശ്രീ. പള്ളിപ്രം ബാലൻ : സർ, ഭാരതീയ ചികിത്സകളെല്ലാം ഏകോപിപ്പിച്ച് കൊണ്ടുവരാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബില്ല് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോൾ തന്നെ വിവിധ ചികിത്സാ രീതികൾ മെഡിസിന്റെ ഭാഗമായി കൊണ്ടുവരുന്നതിന് മെഡിസിൻ വിഭാഗത്തിന്റെ ആളുകൾ എതിരാണ്. ആയുർവേദത്തെയും ഹോമിയോപ്പതിയെയും അങ്ങോട്ട് അടുപ്പിക്കാതെ അകറ്റി കൊണ്ടുപോകുകയാണ്. ഈയൊരു സർവ്വകലാശാല വന്നാൽ, എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലും നടക്കുന്ന ഗവേഷണങ്ങളും ഏകോപിപ്പിച്ച് പുതിയ തലങ്ങളിലേക്ക് കൊണ്ടുപോകാനും പുതിയ കണ്ടെത്തലുകൾ നടത്തുന്നതിനും സഹായകരമാകുമെന്നതിനുപകരം വിഭജിച്ച് നിർത്തിയാൽ അത് കൂടുതൽ കൂടുതൽ അകലങ്ങളിലേക്ക് പോകുന്നതിനല്ലേ അങ്ങ് നിർദ്ദേശിക്കുന്നത് ?

ശ്രീ. തോമസ് ചാഴികാടൻ : ബഹുമാനപ്പെട്ട അംഗം എന്നെ തെറ്റിദ്ധരിച്ച് പറഞ്ഞതാണ്. ഞാൻ ഉദ്ദേശിച്ചത് അങ്ങനെ മാറ്റി നിർത്തണമെന്നുള്ളതല്ല. ആയുർവേദ ചികിത്സ ഇന്ന് വളരെയേറെ അംഗീകാരം നേടിവരുന്ന ഒരു ചികിത്സാ രംഗമാണ്. അതുപോലെ സിദ്ധയും, യുനാനിയും, ഹോമിയോപ്പതിയുമൊക്കെ ഇന്ന് വളരെ അംഗീകാരം ലഭിച്ചുവരുന്ന ചികിത്സാ രീതികളാണ്. അങ്ങനെ രൂപീകരിച്ച് പോകുന്ന വിവിധ ചികിത്സാ രീതികൾക്ക് എന്തിനാണ് പ്രത്യേകമായി സർവ്വകലാശാലകൾ ഉണ്ടാക്കുന്നത് ? വെറ്ററിനറി മേഖലയ്ക്കും ഫിഷറീസ് മേഖലയ്ക്കും ഒരു പ്രത്യേക സർവ്വകലാശാല ഉണ്ടാക്കുന്നത് എന്തിനാണ് ? എന്തുകൊണ്ടാണ് നമ്മൾ ഇപ്പോൾ ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി അല്ലെങ്കിൽ ഹെൽത്ത് സയൻസസിന് ഒരു യൂണിവേഴ്സിറ്റി ഉണ്ടാകണമെന്നതിനെക്കുറിച്ച് ആലോചന നടത്തിയത് ? നേരത്തെ നമ്മുടെ യൂണിവേഴ്സിറ്റികൾ സർവ്വകലാശാലകളെന്നാണ് അറിയപ്പെട്ടുകൊണ്ടിരുന്നത്. നിലവിലുണ്ടായിരുന്ന യൂണിവേഴ്സിറ്റികളിൽ സയൻസ്, ആർട്സ്, എഞ്ചിനീയറിംഗ്, മെഡിസിൻ, ഫൈൻ ആർട്സ്; തുടങ്ങി സർവ്വ മേഖലയും ഉൾക്കൊള്ളുന്ന യൂണിവേഴ്സിറ്റികളാണ്. എന്നാൽ ഓരോ മേഖലയ്ക്കും പ്രത്യേകമായ പഠനം നടത്തുവാനും റിസർച്ച് നടത്തുവാനും അവിടെ നേട്ടങ്ങൾ ഉണ്ടാക്കുവാനും തീർച്ചയായും പ്രത്യേകമായ സർവ്വകലാശാല ഉണ്ടാകണമെന്ന നിർദ്ദേശങ്ങൾ വരികയും ആ നിർദ്ദേശങ്ങളെ അംഗീകരിച്ചുകൊണ്ടാണ് ഇപ്പോൾ ഈ തത്തിലേക്ക് നമ്മൾ വരുന്നത്. ഈ ചിന്ത തീർച്ചയായിട്ടും നല്ലതാണ്. ഇവിടെ സൂചിപ്പിച്ചതു പോലെ ആയുർവേദത്തെ മാറ്റി നിർത്താനോ അല്ലെങ്കിൽ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനെ മാറ്റി നിർത്താനോ അല്ല.

LIBRARY ARCHIVES Kerala Legislative Assembly

അഖിലേന്ത്യാ തലത്തിൽ നമുക്കറിയാം, ആയുഷ് ഡിപ്പാർട്ടുമെന്റുണ്ട്. അവിടെ മോഡേൺ മെഡിസിനുവേണ്ടി പ്രത്യേക ഡിപ്പാർട്ടുമെന്റുള്ളതു പോലെതന്നെ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനുവേണ്ടി, അതിൽ ആയുർവേദം, ഹോമിയോ, യുനാനി, നാച്ചുറോപ്പതി അങ്ങനെ നമ്മുടെ നാടൻ ചികിത്സാ രീതികളെ പ്രോത്സാഹിപ്പിക്കാൻ തീർച്ചയായും സംവിധാനമുണ്ടാകുന്നത് നല്ലതാണ്. അതിന് പ്രത്യേകമായൊരു പഠനസംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, നമ്മളിവിടെ അപ്പം ചുടുന്നതു പോലെ യൂണിവേഴ്സിറ്റി ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷേ ഒരു കാര്യം ഇപ്പോഴും ഇതിനകത്ത് വന്നിട്ടില്ലാ എന്നാണ് എന്റെ അഭിപ്രായം. അതായത് ഗവേഷണത്തിനുള്ള ഒരു സെന്റർ ഓഫ് എക്സലൻസ് എന്നുള്ള ഒരു കൺസെപ്റ്റ് ഇവിടെ കൊണ്ടുവന്ന ഒരു ബില്ലിലും കാണുന്നില്ല. ഇപ്പോൾ കേരളമൊട്ടാകെ ജൂറിസ്ഡിക്ഷനുള്ള വലിയൊരു സർവ്വകലാശാലയാണ് ആരോഗ്യമേഖലയിൽ വരാൻ പോകുന്നത്. അതുപോലെതന്നെ വെറ്ററിനറി എടുത്താൽ പഠിച്ചു-എഴുന്നുനോ കുട്ടികൾക്കുവേണ്ടിയുള്ള ചെറിയ സ്ഥാപനമായിട്ട് മാറുന്നു. അതിനുപകരം സെന്റർ ഓഫ് എക്സലൻസ് എന്ന രീതിയിൽ ഏതെങ്കിലുമൊരു സ്ഥാപനം വികസിപ്പിക്കാനും അതിന്റെ പ്രയോജനം ജനങ്ങളിലേക്ക് എത്തിക്കാനും കഴിയുന്ന ഒരു കൺസെപ്റ്റ് ഇതിൽ ഇല്ല എന്നൊരു പോരായ്മ കാണുന്നില്ലേ?

ശ്രീ. സി. പി. മുഹമ്മദ്: നമ്മുടെ രാജ്യത്ത് ഏത് യൂണിവേഴ്സിറ്റിയുടേയും പരമമായ ആത്യന്തിക ലക്ഷ്യം പുതിയ കണ്ടുപിടിത്തങ്ങളായിരിക്കണം. ഇവിടെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞ സെന്റർ ഓഫ് എക്സലൻസായി കേരളത്തിൽ താരതമ്യേന രോപ്പെട്ട് പ്രവർത്തിക്കുന്നത് ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് മാത്രമാണ്. ഇവിടെ ആഗോള വ്യാപകമായി പുതിയ മരുന്നുകളുടെ ഗവേഷണം നടത്തുന്നത് ബഹുരാഷ്ട്ര കുത്തകകളാണ്. പുതിയ മെഷിനറി കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. നമ്മുടെ മെഡിക്കൽ കോളജുകളിലൊന്നും ഒരു ഗവേഷണവും നടക്കുന്നില്ല. അതുകൊണ്ട് ഈ യൂണിവേഴ്സിറ്റിയുടേതെന്നല്ല എല്ലാ യൂണിവേഴ്സിറ്റികളുടേയും ഏറ്റവും അവസാനത്തെ അജണ്ടയായി ഗവേഷണം മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ മരുന്നുകളുടെ കാര്യത്തിലും പുതിയ ഡയഗ്നൈസ് യന്ത്രങ്ങളുടെ കാര്യത്തിലും ഗവേഷണം നടത്തുന്ന എക്സലൻസ് സെന്ററുകൾ കൂടുതലായി ഉണ്ടാക്കാൻ സംവിധാനമില്ലാതെ മെഡിക്കൽ യൂണിവേഴ്സിറ്റി വന്നതുകൊണ്ടും കാര്യമില്ലായെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. തോമസ് ചാഴികാടൻ: തീർച്ചയായും ഇവിടെ സൂചിപ്പിച്ചത് ശരിയായ കാര്യമാണ്. അതുകൊണ്ടാണ് ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനും മോഡേൺ മെഡിസിനും കൂടി ഒരുമിച്ച് പോകുകയും ഇതെല്ലാം കൂടി ജനറലൈസ് ചെയ്ത് പോകാതിരിക്കാനും ഓരോ മേഖലയിലും പ്രത്യേകമായ റിസർച്ച് നടത്തുവാനും. ഉദാഹരണത്തിന് ഫിസിയോ തെറാപ്പിയുടെ മേഖല. ഫാർമസിയും ഇന്ന് വളരെ വികസിതമായൊരു ശാഖയാണ്. വിദേശരാജ്യങ്ങളിലൊക്കെ ഫാർമസിസ്റ്റ് പ്രിസ്ക്രൈബ് ചെയ്യുന്ന മെഡിസിൻ മാത്രമേ ഡോക്ടർ

LIBRARY ARCHIVES Kerala Legislative Assembly

പ്രിസ്ക്രൈബ് ചെയ്താലും രോഗികളിൽ അഡ്മിനിസ്റ്റർ ചെയ്യാൻ കഴിയൂ. ഫാർമസിസ്റ്റാണ് ഓരോ മെഡിസിന്റേയും കോമ്പോസിഷനെ കുറിച്ച് അഭിപ്രായം പറയേണ്ടത്. അതിന് പ്രത്യേകമായി പ്രാക്ടീസ് ചെയ്യുന്ന ഫാർമസിസ്റ്റുണ്ട്. ഒരു പ്രൊഫഷണൽ പ്രാക്ടീസായി ആ മേഖല വളർന്നിട്ടുണ്ട്. മോഡേൺ മെഡിസിന്റെ കീഴിൽ തന്നെ നമുക്ക് പറയാൻ കഴിയുന്ന എത്രയോ ശാഖകളുണ്ട്. ഡെന്റൽ, ഫിസിയോ തെറാപ്പി, ഫാർമസി, മെഡിക്കൽ ലാബ് ടെക്നോളജി, നഴ്സിംഗ്, ഒപ്റ്റോമെട്രി, റേഡിയോളജി, ഓഡിയോളജി, സ്പീച്ച് പതോളജി, മെഡിക്കൽ അനാട്ടമി, ബയോകെമിസ്ട്രി ഇതെല്ലാം ഈ ബില്ലിനകത്ത് ഒരു പാരഗ്രാഫിൽ ഉൾപ്പെടുത്തിയിരിക്കുകാണ്. ഞാൻ പറഞ്ഞു വരുന്നത്, ഓരോ ശാഖയ്ക്കും പ്രത്യേകമായി റിസർച്ച് നടത്തുവാനും പ്രത്യേകമായ ഗവേഷണത്തിലൂടെ പുതിയ പുതിയ കണ്ടെത്തലുകളുണ്ടാകുവാനും അത് മാനവരാശിക്ക് പ്രയോജനകരമാകുന്ന രീതിയിൽ ഉപയോഗപ്പെടുത്തുവാനും കഴിയത്തക്കവിധത്തിൽ ഇവിടെ നമ്മൾ പാസാക്കുന്ന ഈ നിയമംകൊണ്ട് പ്രയോജനകരമാകണം. അതിന് സ്പെഷ്യാലിറ്റികൾക്ക് പ്രത്യേക പ്രാധാന്യം നൽകണം.

മി. സ്പീക്കർ : യെസ്.....ശ്രീ. തോമസ് ചാഴികാടൻ.....യെസ്.....

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ വേറെ ഒന്നും പറയുന്നില്ലല്ലോ ? ശ്രദ്ധയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതുപോലെ തന്നെ ഡെന്റൽ ശാഖയിൽ വളരെ വലിയ സാധ്യതകളുള്ള നല്ല ചികിത്സാ സൗകര്യം ലഭ്യമാക്കാൻ കഴിയുന്ന ഒൻപത് സ്പെഷ്യാലിറ്റികളുള്ള ഒരു മേഖലയാണ്. അതിനു പ്രാധാന്യം കിട്ടണമെങ്കിൽ ഈ ശാഖ പ്രത്യേകമായി പരിഗണിക്കപ്പെടണം.

സിദ്ധ ചികിത്സാ രംഗത്ത് ഒരേയൊരു കോളേജാണ് ഇന്ന് കേരളത്തിലുള്ളത്. ഞാൻ സിദ്ധ ചികിത്സ മോശമായ ചികിത്സാരീതിയാണെന്ന് അല്ല പറഞ്ഞത്. നാച്ചറോപ്പതിക്കും യുനാനിയ്ക്കും പരിശീലനം നൽകാൻ അംഗീകൃതമായ കോളേജുകൾ ഉണ്ടോ എന്നുതന്നെ സംശയമുണ്ട്. ഇതൊക്കെ വളർന്നു വരുന്ന ശാഖകളാണ്. അവയെ പ്രോത്സാഹിപ്പിക്കുവാനും കൂടുതൽ പ്രാധാന്യം കിട്ടുവാനും നമ്മുടെ ചികിത്സാ രീതിയെന്ന നിലയിൽ പരിഗണിക്കപ്പെടുവാനും അവയെ എല്ലാം കൂടി പ്രത്യേകമായി ചേർത്തുകൊണ്ട് ഒരു സർവ്വകലാശാല ഉണ്ടാകണം.

ഇവിടെ ഹോമിയോ ചികിത്സയെപ്പറ്റി സൂചിപ്പിച്ചു. ഹോമിയോ ചികിത്സ നല്ല ചികിത്സയാണ്. ഇവിടെ മൂന്ന് വർഷം മുൻപ് വളരെ വ്യാപകമായി ചിക്കുൻ ഗുനിയ വന്നപ്പോൾ, കോട്ടയം മെഡിക്കൽ കോളേജിൽ ഹോമിയോ ചികിത്സ നടത്തുന്നതിനായി ഹോമിയോ ഡിപ്പാർട്ടുമെന്റിന്റെ ഒരു ക്ലിനിക്ക് മെഡിക്കൽ കോളേജിന്റെ പ്രിമിസസിൽ ആരംഭിച്ചപ്പോൾ അലോപ്പതി ചികിത്സ നടത്തുന്ന മെഡിക്കൽ കോളേജിലെ ഡോക്ടർമാർ അതിനെ എതിർത്തു. അവസാനം അവർക്ക് മെഡിക്കൽ കോളേജ് കാമ്പസിന് പുറത്തുപോയി ചികിത്സ നടത്തേണ്ട ഗതികേടുണ്ടായി. ഞാൻ ഇത് സൂചിപ്പിച്ചത് അന്യോന്യം അംഗീകരിക്കുന്നില്ല എന്നുള്ളതാണ്. എല്ലാ ശാഖകളും ചികിത്സാ രീതികളും

LIBRARY ARCHIVES Kerala Legislative Assembly

നല്ലതുതന്നെയാണ്. പക്ഷേ ഇവയെ എല്ലാം കൂടി ഒരുമിച്ച് ഒരു കുട്ടിനകത്തിടുന്നതിനുപകരം അവരവരുടെ മേഖലയിൽ പ്രത്യേകമായ സൗകര്യങ്ങൾ ചെയ്തുകൊടുത്ത് അവരവരുടെ ഗവേഷണങ്ങൾ ചെയ്യുവാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതായിരിക്കും കൂടുതൽ അഭികാമ്യം എന്നതു കൊണ്ടാണ് ഞാൻ ഇങ്ങനെയൊരു നിർദ്ദേശം വയ്ക്കുന്നത്.

മറ്റൊരു കാര്യം, നമ്മുടെ ഒറിജിനൽ ബിൽ, സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ അതിന് മാറ്റമുണ്ടാക്കിയിട്ടുണ്ട്, Clause 4. Composition of the University:- The University shall be composed of the following, namely:-

(A) Institutions of the University which shall include the following: -

(i) School of studies and research in areas as may be decided by the University from time to time;

നമ്മുടെ ഒറിജിനൽ ബില്ലിൽ ഏതാനും സ്കൂളുകൾ സ്പെസിഫൈ ചെയ്ത് പറഞ്ഞിരുന്നു. ഇങ്ങനെ പൊതുവായ ഒരു വാചകത്തിൽ അത് ഒതുക്കിയാൽ ഏതെങ്കിലും ശാഖ പരിഗണിക്കപ്പെടാതെ പോകുമോ എന്ന് സംശയമുണ്ട്. തീർച്ചയായും ഇവിടെ സൂചിപ്പിച്ച 4-ാം വകുപ്പിൽ A(i) School of Medicine, School of Public Health, School of Surgery, School of Behavioral Studies ഇങ്ങനെ എട്ടാൻപത് ശാഖകൾക്ക് പ്രത്യേകമായി സ്കൂൾ ആരംഭിക്കണമെന്ന് പറഞ്ഞിരുന്നു. അതിലൊന്നും ഫിസിയോതെറാപ്പിയോ, ഡെന്റിസ്ട്രിയോ വന്നിട്ടില്ല. അങ്ങനെ വരുമ്പോൾ ഏതെങ്കിലും പ്രധാനപ്പെട്ട ശാഖയ്ക്ക് മാത്രമായി ഒരു സ്കൂൾ ആരംഭിക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ടാവരുത്. ഒറ്റവാചകത്തിൽ വിവിധ സ്കൂളുകൾ, യൂണിവേഴ്സിറ്റിയുടെ താല്പര്യമനുസരിച്ച് അതാത് സമയങ്ങളിൽ ആരംഭിക്കാൻ അനുവാദം നൽകും എന്ന് പറയുമ്പോൾ ഏതെങ്കിലും ഡിപ്പാർട്ടുമെന്റ് അവഗണിക്കപ്പെട്ട് പോകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം എന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്.

22-ാം വകുപ്പിൽ, ഗവേണിംഗ് കൗൺസിലിൽ ആരൊക്കെ ഉണ്ടായിരിക്കണം എന്നതിനെ സംബന്ധിച്ച് സൂചിപ്പിക്കുന്നുണ്ട്. അതിൽ "22(viii) three members elected by the Academic Council from among its members as prescribed by Statutes one each from Modern Medicine, Indian Systems of Medicine and Homoeopathic Medicine;...." ഇവിടെ നിരവധി ശാഖകൾ ഈ ബില്ലിൽ പറയുന്നുണ്ട്. ഈ ശാഖകളെല്ലാം വരുമ്പോൾ മോഡേൺ മെഡിസിനും ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനും ഹോമിയോപ്പതിയും മാത്രം ഗവേണിംഗ് കൗൺസിലിൽ മതിയോ എന്നതിനെ കുറിച്ച് ആലോചിക്കണം. ഏറ്റവും ചുരുങ്ങിയത് എല്ലാ സിസ്റ്റം ഓഫ് മെഡിസിനും അല്ലെങ്കിൽ എല്ലാ ശാഖകൾക്കും ഡെന്റിസ്ട്രി, ഫാർമസി, നഴ്സിംഗ് ഈ വിഭാഗങ്ങൾക്കൊക്കെ ഗവേണിംഗ് കൗൺസിലിൽ റൊട്ടേഷൻ ബേസിസിൽ അംഗത്വം ലഭിക്കുവാനുള്ള സാഹചര്യം ഒരുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

47-ാം വകുപ്പ്, ഞാൻ നേരത്തെ സൂചിപ്പിച്ചു ;- "subject to the rights of the minority educational institutions, admission to all courses in the University Departments and affiliated colleges shall be made in accordance with the reservation policy of Government for the weaker sections of the society and on the basis of competitive merit in accordance with the rules, if any, made by the Government." അതിൽ മൈനോറിറ്റീസിന് കിട്ടേണ്ട പരിഗണന കിട്ടാതെ പോകരുത് എന്ന ഉദ്ദേശത്തോടുകൂടി ക്ലാസ്-47 ഗവൺമെന്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ഞാൻ അവതരിപ്പിക്കുകയാണ്. അത് റീ-കാസ്റ്റ് ചെയ്താൽ അതിന് കൂടുതൽ ക്ലാരിറ്റി ഉണ്ടാകുമെന്ന് കരുതുന്നു. Without prejudice to the minority rights guaranteed under the Constitution of India, admission to all courses in the University Departments and affiliated Colleges shall be made subject to the reservation rules and on competitive merit. അങ്ങനെ അത് പുനരാവിഷ്കരിക്കണം.

മി. സ്പീക്കർ : യെസ്.....ശ്രീ. തോമസ് ചാഴികാടൻ.....പ്ലീസ് പ്ലീസ്.....

ശ്രീ. തോമസ് ചാഴികാടൻ : ക്ലാസ്-50 (2) "The Educational Agency applying for affiliation or recognition and whose college or institution has been granted affiliation or recognition, shall give and comply with the following undertaking:-" അങ്ങനെ ഒരു പ്രത്യേകമായ undertaking ആവശ്യമുണ്ട് എന്ന് തോന്നുന്നില്ല. കാരണം ഈ നിയമം പ്രാബല്യത്തിൽ വന്നാൽ ഇതുമായി ബന്ധപ്പെട്ട മുഴുവൻ ആളുകൾക്കും അത് ബാധകമാണ്. പിന്നെ പ്രത്യേകമായി undertaking എന്ന് എഴുതി വാങ്ങേണ്ട ആവശ്യമില്ല. അതുകൊണ്ട് ക്ലാസ് 50(2) ഇതിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് പറഞ്ഞുകൊണ്ട് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ ഇത്തരത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയാത്തതുകൊണ്ട് ഞാൻ എന്റെ ഡിസന്റ് നോട്ട് അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ എന്റെ വിയോജനകുറിപ്പ് രേഖപ്പെടുത്തുന്നു. ആരോഗ്യ സർവ്വകലാശാല ഒരു അനാരോഗ്യ സർവ്വകലാശാലയായി മാറുന്ന ഒരു സ്ഥിതി വിശേഷമാണ് ഈ ബില്ലിലൂടെ ഉണ്ടാകാൻ പോകുന്നത്. ശരിയായ ചർച്ച ഈ ഫ്ളോറിൽ നടക്കുന്നില്ല. ഒരിക്കൽ ഈ ബിൽ സഭയിൽ ചർച്ചയ്ക്ക് വരേണ്ട സമയത്ത് സഭ നിർത്തി വച്ചതുകൊണ്ട് അന്ന് അത് നടന്നില്ല. അപ്പോൾ ഒരു തവണയുള്ള ചർച്ച നമുക്ക് നഷ്ടപ്പെട്ടിരിക്കുകയാണ്. ഇന്ന് ചർച്ചയ്ക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ചെയറിൽ വന്നിരിക്കുകയാണ്.

മി. സ്പീക്കർ : ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. രണ്ട് മണിക്കൂറിൽ 20 മിനിട്ടൊക്കെ സംസാരിച്ചു. വേണമെങ്കിൽ നമുക്ക് രാവിലെ വരെ ഇരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹിദ് : ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. സർവ്വകലാശാലകൾ സംബന്ധിച്ച് മൂന്ന് ബില്ലാണ് സഭയിൽ വന്നത്. നിയമമിങ്ങനെ ഉണ്ണിയപ്പം ചുട്ട് പെറുക്കിയിടുന്നതുപോലെ ഇങ്ങനെ പാസ്സാക്കിക്കൊണ്ടിരുന്നാൽ ഒരുപാട് ഭേദഗതികളും ഉണ്ണിയപ്പം പോലെ സഭയിൽ തിരിച്ചുവന്നുകൊണ്ടിരിക്കും. വേണ്ടപ്പെട്ട ചർച്ച ഫ്ളോറിൽ നടക്കാതിരുന്നാൽ ഇതെന്താണെന്ന് ഗവൺമെന്റിന് മനസ്സിലാക്കാൻ കഴിയില്ല. അതനുസരിച്ച് ആവശ്യമായ ഭേദഗതി ചെയ്ത് നിയമം നന്നാക്കാൻ പറ്റില്ല. അങ്ങനെ വരുമ്പോൾ വീണ്ടും ഭേദഗതികൾ വന്നുകൊണ്ടിരിക്കും. അതാണ് സ്ഥിതി വിശേഷം. അതുകൊണ്ട് സഭയിൽ നിയമത്തെ കുറിച്ച് ശരിയായ ചർച്ച ഉണ്ടാവണം. ഈ നിയമത്തിൽ 93 ക്ലാസുണ്ട്. 93 ക്ലാസ്സുള്ള ഈ ബിൽ യഥാർത്ഥ ചർച്ച നടത്താതെ വളരെ വേഗം പാസ്സാക്കുകയാണ്. ആ ഒരു ആക്ഷേപം തീർച്ചയായും എനിക്കുണ്ട്. സർവ്വകലാശാല എന്നതിനെക്കുറിച്ച് ഒരു സങ്കൽപ്പമുണ്ട്. എന്റെ ഡിസന്റിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ വ്യത്യസ്തമായി മലയാളം സർവ്വകലാശാല വേണം എന്ന് ഈ സഭയിൽ വാദിച്ച ഒരാളാണ് ഞാൻ. സർവ്വകലാശാലയെ കുറിച്ച് പഠിച്ചപ്പോഴാണ് മാംസത്തിന് ഒരു സർവ്വകലാശാല, മത്സ്യത്തിന് ഒരു സർവ്വകലാശാല. ഇങ്ങനെ പോയാൽ ഈ സർവ്വകലാശാലകളുടെ കുമ്പാരമായിരിക്കും കേരളത്തിലുണ്ടാവുക. സർവ്വകലാശാലയെ കുറിച്ച് നമ്മുടെ ശബ്ദതാരാവലിയിൽ ശ്രീകണ്ഠേശ്വരൻ പറഞ്ഞിട്ടുള്ളത്, ഒരു കുടയ്ക്കകത്ത് നിൽക്കുന്ന എല്ലാം ഉൾക്കൊള്ളുന്നതാണ്. സർവ്വം എന്ന് പറഞ്ഞാൽ 'മുഴുവനും ആയത്' എന്നാണ്. സർവ്വ എന്ന് പറഞ്ഞാൽ മുഴുവനും, ഒന്നൊഴിയാതെ എന്നുള്ളതാണ്. സർവ്വകലാശാല എന്നാണ്, സർവ്വകലയുടേയും ശാലയെന്നാണ്. ഉത്തമകലകൾ അഭ്യസിക്കുന്ന സ്ഥാപനമെന്നും ഇതിനർത്ഥമുണ്ട്. വിശ്വവിദ്യാപീഠമെന്നും ഇതിനർത്ഥമുണ്ട്. കലകളുടെ കേന്ദ്രമെന്നും അർത്ഥമുണ്ട്. ഇതിനൊക്കെ വ്യത്യസ്തമായി നമ്മുടെ നാട്ടിൽ ഇപ്പോൾ ഓരോ സ്വഭാവത്തിലും ഓരോ രീതിയിലും ഓരോ ഭാഷയ്ക്കും ഓരോ സർവ്വകലാശാല ഉണ്ടാകുന്നത് ഭൂഷണമല്ല.

കാർഷിക മംഗത്തെ ഗവേഷണങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതിനും കാർഷിക രംഗം സമ്പുഷ്ടമാക്കുന്നതിനുംവേണ്ടി കാർഷിക സർവ്വകലാശാല കൊണ്ടുവന്നു. എന്റെ കഷ്ടകാലത്തിന് ഞാൻ അതിന്റെ ഗവേണിംഗ് ബോഡിയിൽ വന്നു. അതിലൊരു കമ്മിറ്റിയിലെ ചെയർമാനുമായി. ഞാൻ സർവ്വകലാശാലയുടെ പത്തിരുപതോളം ഗവേണിംഗ് ബോഡിയിൽ പങ്കെടുത്തു. ഞാൻ പങ്കെടുത്ത ഒരു ഗവേണിംഗ് ബോഡിയിലും ഗവേഷണത്തെ കുറിച്ചൊന്നും ചർച്ച ചെയ്തിട്ടില്ല. അവിടെ ചർച്ച ചെയ്തത് അവിടത്തെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുക, സസ്പെൻഷൻ നടപടി പിൻവലിക്കുക, ശമ്പളം വർദ്ധിപ്പിക്കുക, വി.സി.-യെ മാറ്റുക, രജിസ്ട്രാറെ മാറ്റുക തുടങ്ങിയ നടപടികളെക്കുറിച്ചാണ്. അല്ലാതെ ഗവേഷണത്തെ കുറിച്ച് ഇന്നു വരെ അവിടെ ചർച്ച ചെയ്തിട്ടില്ല. മണ്ഡരി രോഗം കേരളത്തിലെ കേര കർഷകരെ വല്ലാതെ ബാധിച്ചിട്ടുണ്ട്. അതിൽ എന്തെങ്കിലും ഗവേഷണം നടത്തിയിട്ടുണ്ടോ എന്ന് ഞാൻ 21-ാമത്തെ യോഗത്തിൽ ഒരു ചോദ്യം ചോദിച്ചപ്പോൾ അത് പഠിച്ചുകൊണ്ടിരിക്കുന്നതേയുള്ളു എന്നാണ് പറഞ്ഞത്.

LIBRARY.ARCHIVES Kerala Legislative Assembly

മണ്ഡരിയെ കുറിച്ച് തെങ്ങിന്റെ മുകളിൽ കയറി ശാസ്ത്രജ്ഞൻമാർ പഠിച്ചു കൊണ്ടിരിക്കുന്നതേയുള്ളു. അപ്പോഴേക്കും ഏകദേശം തെങ്ങുകളൊക്കെ തീരും. അതുപോലെ കുറെ ഉദ്യോഗസ്ഥന്മാരുടെയും കുറെ ആളുകളുടേയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുകയും അവർക്ക് ശമ്പളം കൊടുക്കുകയും ചെയ്യുന്ന ഒരു വെള്ളാനയായി എല്ലാ സർവ്വകലാശാലയും മാറും. താല്പര്യങ്ങളുടെ ഒരു സംഘർഷം തീർച്ചയായിട്ടും ഇതിനകത്തുണ്ടാകും. ഇനിയും സർവ്വകലാശാലകൾ വരാൻ പോകുകയാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല.

ആരോഗ്യ മേഖലയിൽ ഒന്ന് ഒന്നിനോട് ചേരാത്ത രീതിയിലാണ് നിൽക്കുന്നത്. മോഡേൺ മെഡിസിൻ ആയുർവേദത്തെ അംഗീകരിക്കില്ല. ആയുർവേദം മോഡേൺ മെഡിസിനെ അംഗീകരിക്കില്ല. ഇത് രണ്ടും ഹോമിയോ മെഡിസിനെ അംഗീകരിക്കില്ല. ഇതിന് പുറമേയാണ് യുനാനി, സിദ്ധ, മർമ്മ ചികിത്സ ഇങ്ങനെ ഒരോ വിഭാഗമായി കിടക്കുന്നത്. ഇത് ഒന്ന് ഒന്നുമായി ചേരുന്നില്ല. ഇവിടെ ഒരു ഗവേണിംഗ് ബോഡി ഉണ്ടാക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ മോഡേൺ മെഡിസിനിൽ ഉള്ള ആൾക്കാരായിരിക്കും പ്രധാനമായിട്ടും വരുന്നത്. അങ്ങനെ വരുമ്പോൾ മോഡേൺ മെഡിസിനിൽ ഒരു ഗവേഷണവും നടക്കില്ല.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വിവിധ വിഷയങ്ങൾക്ക് വ്യത്യസ്തമായ സർവ്വകലാശാലകൾ വേണമെന്നും വൈദ്യശാസ്ത്രത്തിൽ എല്ലാറ്റിനെയും ഒന്നിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരരുത് എന്നുമാണ്. പക്ഷേ സത്യത്തിൽ വിവിധ വിഭാഗങ്ങളെ ഒന്നിപ്പിക്കാൻ ഒരു വലിയ പ്രേരകഘടകമായി ഈ സർവ്വകലാശാല മാറില്ലേയെന്നാണ് ഞാൻ ആലോചിക്കുന്നത്. പലപ്പോഴും മോഡേൺ മെഡിസിൻ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനോട് വിയോജിപ്പുണ്ട്. ആ നിലയിൽ എല്ലാവരെയും ഒന്നിച്ച് ഒരു സർവ്വകലാശാലയ്ക്ക് കീഴിൽ കൊണ്ടുവന്ന് റിസർച്ച് നടത്തി, ഇപ്പോൾ തന്നെ കേരളത്തിൽ അന്യമാകുന്ന ആയുർവേദത്തിൽ മെന്റൽ ചികിത്സയ്ക്ക് ഏഷ്യയിൽതന്നെ ഒരു ചികിത്സാ കേന്ദ്രമുള്ളത് കേരളത്തിലാണ്. ആയുർവേദ ചികിത്സയുടെ ഭാഗമായി ഇങ്ങനെ ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ കോട്ടയ്ക്കൽ ആയുർവേദ ആശുപത്രിയിൽ പ്രവർത്തിക്കുന്നു എന്നുള്ളത് ലോകത്ത് ആർക്കും പരിചയമില്ല. അപ്പോൾ അത്തരത്തിലുള്ള ചികിത്സാരീതികളെ ഒരു സർവ്വകലാശാലയുടെ കീഴിലേക്ക് കൊണ്ടുവന്നാൽ ലോകമൊട്ടുക്കും പരിചയപ്പെടുത്താൻ ഇതുകൊണ്ട് സാദ്ധ്യമാകും. നമ്മുടെ തൊട്ടയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ ഇതുപോലെ എല്ലാ വിഷയങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി 1988-ൽ എം.ജി.ആർ. മെഡിക്കൽ യൂണിവേഴ്സിറ്റി തുടങ്ങിയതാണ്. ആ എം.ജി.ആർ. മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ ഇതേ രീതി തന്നെയാണ് 1989 മുതൽ അവലംബിച്ചിട്ടുള്ളത്. അത് എല്ലാ ശാഖകളെയും പരസ്പരം ബന്ധപ്പെടുത്താൻ ഉപകരിക്കുന്ന ഒരു സിസ്റ്റമായിട്ട് തമിഴ്നാട്ടിൽ മാറി. തീർച്ചയായും കേരളത്തിൽകൂടി ആ രീതി കൊണ്ടുവരുന്നതാണ് ഉചിതം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: ശ്രീ. അബ്ദുറഹ്മാൻ രണ്ടത്താണി പറഞ്ഞതിനോട് ശക്തമായ വിയോജിപ്പുണ്ട്. ഇത് കലാശാല അല്ലെങ്കിൽ സർവ്വകലാശാല ആയിരിക്കില്ല. ഇതൊരു കലാപശാലയായിട്ട് മാറുകയുള്ളു. കാരണം മോഡേൺ മെഡിസിൻകാർ ഒരു രീതിയിലും ഹോമിയോപ്പതി അംഗീകരിക്കില്ല. എനിക്ക് ചിക്കൻഗുനിയ വന്നു. ഞാൻ ആദ്യം പോയത് മോഡേൺ മെഡിസിനിലാണ്. മെഡിക്കൽ കോളേജിൽ പോയി പത്തിരുപത് ദിവസം കിടന്നു. നീർ കുടുന്നതല്ലാതെ കുറയുന്നില്ല. ഗുളികയും തീർന്നു. അവസാനം മന്ത് കാലും കൊണ്ടാണ് ഞാൻ ഈ നിയമസഭയിൽ വന്നത്. പിന്നീട് അനുഭവസ്ഥർ പറഞ്ഞു ഹോമിയോ ആണ് നല്ലതെന്ന്. ഞാൻ ഹോമിയോ കഴിച്ചു. എനിക്കിപ്പോൾ അസുഖം കുറഞ്ഞു. നമ്മുടെ എം.എൽ.എ. ഹോസ്റ്റലിലുള്ള ഡോക്ടർ ഹരികുമാർ ഈ മുന്ന് ബ്രാഞ്ചിന്റെയും ഡിഗ്രി എടുത്തിട്ടുള്ള ആളാണ്. എം.എൽ.എ. ഹോസ്റ്റലിലെ ഡോക്ടറായ ഹരികുമാർ മോഡേൺ മെഡിസിനിൽ ഡിഗ്രി എടുത്തിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം മോഡേൺ മെഡിസിനിൽ തന്നെ പി.ജി.-ക്ക് പോയിരിക്കുകയാണ്. ആയുർവേദത്തിൽ അദ്ദേഹത്തിന് ഡിഗ്രിയുണ്ട്. ഹോമിയോയിലും ഡിഗ്രിയുണ്ട്. ഇനി സിദ്ധയിൽ കിട്ടുമോയെന്ന് നോക്കുകയാണ്. ഒരു പക്ഷേ ഡോക്ടർ മോഹൻദാസ് വളരെ മോശക്കാരനല്ല. യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായ ആളാണ്. നമ്മുടെ ഇന്ത്യയിൽ കിട്ടാവുന്ന ഏറ്റവും നല്ല ആളിനെ തന്നെയാണ് വൈസ് ചാൻസിലർ ആക്കിയിരിക്കുന്നത്. പക്ഷേ ഈ മുന്ന് ശാഖയും കൂടി അദ്ദേഹത്തെ കൊണ്ട് പറ്റുമോ? അങ്ങനെ ആകണമെങ്കിൽ ഡോക്ടർ ഹരികുമാർ ആകണമായിരുന്നു. ഡോക്ടർ ഹരികുമാറിനെ പോലെ മുന്ന് ബ്രാഞ്ചിലും ഡിഗ്രിയുള്ളവർ ലോകത്തെവിടെയെങ്കിലും ഉണ്ടെങ്കിൽ അവരെ കൊണ്ടുവന്ന് നിങ്ങൾ വൈസ് ചാൻസലർ ആക്കണമായിരുന്നു. എന്നാൽ പരസ്പരം മത്സരിക്കില്ലായിരുന്നു. ഇവിടെ പരസ്പര മത്സരമാണ് നടക്കുന്നത്. മത്സരം ഇതുമാത്രമല്ല. മോഡേൺ മെഡിസിനിലുള്ള ഫിസിയോതെറാപ്പി അംഗീകരിക്കില്ല. ഫിസിയോതെറാപ്പിക്കാർ ഡോക്ടർ എന്നുള്ള പദവി വച്ചതിന് എതിരായി കേസ് പോകുകയും അത് നമ്മുടെ ഗവൺമെന്റ് വളരെ തന്ത്രപരമായി ഒഴിയുകയും ചെയ്തപ്പോൾ ഹൈക്കോടതിയുടെ ഒരു ഓർഡർ വന്നു. ഫിസിയോതെറാപ്പിസ്റ്റിന് ഡോക്ടർ എന്ന പേര് വയ്ക്കാം. പക്ഷേ അങ്ങനെ ഡോക്ടർ എന്ന പദവി വച്ചാൽ മോഡേൺ മെഡിസിനിൽ ഉള്ളവർ തന്നെ അംഗീകരിക്കുന്നില്ല.

ഇവിടെ ബില്ലിലെ നാലാം ക്ലാസിൽ സബ്ജക്ട് കമ്മിറ്റിക്ക് പോകുന്നതിന് മുമ്പുള്ള ബില്ലിന്റെ ഘടനയിൽ സ്കൂൾ ഓഫ് മെഡിസിൻസിൽ കുറച്ച് സ്കൂളുകൾ പറഞ്ഞിട്ടുണ്ട്. അതിൽ ഫിസിയോതെറാപ്പിക്ക് സ്കൂളില്ല. ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് നോക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഫിസിയോതെറാപ്പിയെ മോഡേൺ മെഡിക്കൽ സയൻസ് അംഗീകരിക്കുന്നില്ല എന്നത് ശരിയല്ല. ഫിസിയോതെറാപ്പിയെ കേരളത്തിൽ അംഗീകരിച്ചിട്ടില്ല. പാരാമെഡിക്കൽ കൗൺസിൽ ഉണ്ടാക്കി അതിൽ അഫിലിയേറ്റ് ചെയ്ത് അതിൽ അംഗീകരിക്കുന്ന രീതി ഇന്ത്യയിൽ പലയിടത്തും ഉണ്ട്. മഹാരാഷ്ട്രയിൽ ഉണ്ട്. മഹാരാഷ്ട്രയിൽ നാസിക്കിലുള്ള

പ്രവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ഡീംഡ് യൂണിവേഴ്സിറ്റിയാണ്. ആ ഡീംഡ് യൂണിവേഴ്സിറ്റി ഇത് അംഗീകരിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ തന്നെ ഏകദേശം നാല്പതോളം ഫിസിയോതെറാപ്പി ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിച്ചുവരുന്നു. ബംഗാളിലുണ്ട്. അവിടെയൊക്കെ അംഗീകരിച്ചിട്ടുണ്ട്. ഇത് അംഗീകരിച്ചിട്ടില്ല എന്നുള്ള രീതിയല്ല. കേരളത്തിന്റെ സിസ്റ്റത്തിൽ അത് അംഗീകരിച്ചില്ല. അതുകൊണ്ട് ഈ യൂണിവേഴ്സിറ്റിയിൽ ഫിസിയോതെറാപ്പി കൂടി അംഗീകരിക്കുന്ന രീതിയിലേക്ക് ഇത് ചിട്ടപ്പെടുത്തുന്നതല്ലേ ഏറ്റവും ഉചിതമായിട്ടുള്ളത്.

ശ്രീ. എം. എ. വാഹീദ് : അത് സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ഞങ്ങൾ ഭേദഗതി ചെയ്തു. അത് റീകാസ്റ്റ് ചെയ്തിട്ടുണ്ട്. ഗവേണിംഗ് ബോഡി കാലാകാലങ്ങളിൽ സർക്കാരുമായി ആലോചിച്ച് ഓരോ സ്കൂളും ഓരോ ബ്രാഞ്ചസും സ്ഥാപിക്കാമെന്നാണ് അതിനകത്ത് പറഞ്ഞിട്ടുള്ളത്. എന്തായിരുന്നാലും ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ കൊണ്ടുവന്നപ്പോൾ മോഡേൺ മെഡിസിനുമായിട്ടായിരിക്കും കൂടുതൽ ആലോചിച്ചിട്ടുള്ളത്. ഈ ബില്ലിൽ തന്നെ ഫിസിയോതെറാപ്പി അംഗീകരിച്ചിട്ടില്ല. ഫിസിയോതെറാപ്പിസ്റ്റുകൾക്ക് ഡോക്ടർ പദവി കൊടുത്തതുകൊണ്ട് മോഡേൺ മെഡിസിൻകാർ അതെ അംഗീകരിക്കില്ല. അങ്ങനെ ഒരു ബ്രാഞ്ചിൽ തന്നെ മോഡേൺ മെഡിസിനിൽ തന്നെ പരസ്പര യുദ്ധം നടക്കുകയാണ്. ആ യുദ്ധം പിന്നെ മറ്റ് ശാഖകളിലേക്ക് പോകുന്നു. ആയുർവേദത്തിലേക്കും ഹോമിയോയിലേക്കും യുനാനിയിലേക്കും സിദ്ധയിലേക്കും പോകുന്നു.

ശ്രീ. സി. പി. മുഹമ്മദ് : മോഡേൺ മെഡിസിൻ ഫിസിയോതെറാപ്പിയെ അംഗീകരിച്ചിട്ടില്ല എന്ന് പറയുന്നത് ശരിയല്ല. ഞാൻ അതിന്റെ അനുഭവസ്ഥനാണ്. എന്നെ എഴുന്നേറ്റ് നടത്തിച്ചത് ഫിസിയോതെറാപ്പിയാണ്. ബാംഗ്ലൂരിലെ പ്രശസ്തമായ നിംഹാൻസ് ആണ്. അത് പാർട്ട് ഓഫ് മോഡേൺ മെഡിസിനാണ്.

ശ്രീ. എം. എ. വാഹീദ് : അത് പാർട്ട് ഓഫ് മോഡേൺ മെഡിസിൻ തന്നെയാണ്. ഞാൻ അത് അംഗീകരിക്കുന്നില്ലായെന്നല്ല പറഞ്ഞത്. അവർക്ക് ഒരു പദവി കൊടുക്കുന്നത് അംഗീകരിക്കുന്നില്ലായെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : ഫിസിയോതെറാപ്പിയുടെ പ്രധാനപ്പെട്ട ഒരു പ്രശ്നം പാരാമെഡിക്കലിലാണ് ഇതിനെ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നതാണ്. പ്രത്യേകമായ ബോർഡ് ഓഫ് സ്റ്റഡീസും അക്കാഡമിക് കൗൺസിലും ഫാക്കൽറ്റിയും ഉൾപ്പെടെ അവർക്ക് പ്രാതിനിധ്യം വേണമെന്ന വിഷയം ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടില്ല. അതിനാവശ്യമായിട്ടുള്ള ഭേദഗതി ബില്ലിൽ വേണമെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. എം. എ. വാഹീദ് : പരസ്പര സംഘർഷത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. അത് ഇതിനകത്ത് ഉണ്ടാകണം. പക്ഷേ നാലാമത്തെ ക്ലാസിൽ നിന്നും അത് എടുത്തുകളഞ്ഞു. പ്രത്യേക വിഭാഗങ്ങളായി സ്കൂൾ ഓഫ് സ്റ്റഡീസ് ഉണ്ടാക്കുന്നതിനെകുറിച്ചുള്ളത് ഇപ്പോൾ എടുത്തുകളഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ പള്ളിപ്രം ബാലൻ : ഭേദഗതി വരുമ്പോൾ ഫിസിയോതെറാപ്പി കൂടി അതിൽ ചേർക്കണം എന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ ?

ശ്രീ. എം. എ വഹീദ് : തീർച്ചയായിട്ടും ഞാൻ അതിനോട് യോജിക്കുന്നുണ്ട്. ഞാൻ ഇവിടെ പറഞ്ഞുവന്നത് പരസ്പരം യോജിക്കാത്തവർ തന്നെ മോഡേൺ മെഡിസിനിൽ ഒരു പദവിയുടെ പേരിൽ നിൽക്കുകയാണ്. മോഡേൺ മെഡിസിനിലെ ഡോക്ടർമാർ ഉപയോഗിക്കുന്ന ഡോക്ടർ എന്ന പദവി നാലര വർഷക്കാലം പഠിക്കുന്ന ഫിസിയോതെറാപ്പിസ്റ്റിന് ഉപയോഗിക്കാൻ പാടില്ലായെന്നുള്ള ഒരു വാശി ഇതിനകത്തുണ്ട്. മറ്റവർ അഞ്ച് വർഷമാണ് പഠിക്കുന്നത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : ഫിസിയോതെറാപ്പിസ്റ്റുകൾ ഡോക്ടർ പദവി ഉപയോഗിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളത് പ്രസക്തമല്ല. നമ്മുടെ ചെറിയ ഹോസ്പിറ്റലുകളിൽ വരെ ഇപ്പോൾ ഫിസിയോതെറാപ്പിസ്റ്റുകളുണ്ട്. അത് മോഡേൺ മെഡിസിന്റെ ഒരുഭാഗമാണ്. പക്ഷേ ഈ ബില്ലിൽ അങ്ങ് തന്നെ പറഞ്ഞതു പ്രകാരം സബ്ജക്ട് കമ്മിറ്റിക്ക് മുമ്പാകെ വന്നപ്പോൾ ഫിസിയോതെറാപ്പിസ്റ്റുകൾക്ക് പ്രത്യേക സ്കൂൾ വേണമെന്നുള്ള ആവശ്യം അംഗീകരിച്ചില്ലായെന്നാണ് പറഞ്ഞത്. അത് അംഗീകരിക്കേണ്ട ഒരു വിഷയമാണ്. സബ്ജക്ട് കമ്മിറ്റിക്ക് മുമ്പാകെ ഇപ്പോൾ വന്നിട്ടുള്ള നിലപാട് മാറ്റി ഫിസിയോതെറാപ്പി സ്കൂൾ ഈ സർവ്വകലാശാല ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്തണം എന്ന ഒരു നിലപാടിലേക്ക് അങ്ങ് പോകുമോ ?

ശ്രീ. എം. എ.വഹീദ് : ഇതുപോലെ ഒരുപാട് ബ്രാഞ്ചസ് ഉണ്ട്. അങ്ങനെ ഓരോ ബ്രാഞ്ചസും ഇപ്പോൾ ഈ ക്ലാസിനകത്ത് പ്രത്യേകം പരാമർശിച്ചാൽ പരാമർശിക്കാത്തത് ഇതിൽപ്പെടില്ലായെന്ന ഒരു ധാരണ വരും. അതുകൊണ്ട് കാലാകാലങ്ങളിൽ ഗവേണിംഗ് ബോഡിയും ഗവൺമെന്റുമായി ആലോചിച്ച് ഓരോ സ്ഥാപനങ്ങൾ സ്ഥാപിക്കാമെന്നതാണ് അവസാനം സബ്ജക്ട് കമ്മിറ്റിയിൽ വന്ന അഭിപ്രായം. ഞാൻ പറഞ്ഞത് ഡ്രാഫ്റ്റിനകത്ത് ഇത് വന്നില്ലായെന്നുള്ളതാണ്. ഈ ഡ്രാഫ്റ്റ് മിക്കവാറും ബഹുമാനപ്പെട്ട മന്ത്രി ചർച്ച ചെയ്തിട്ടുള്ളത് മോഡേൺ മെഡിസിൻകാരുമായിട്ടായിരിക്കും.

ശ്രീ. വി. എസ്. സുനിൽ കുമാർ : ഫിസിയോതെറാപ്പിയുടെ നാലര വർഷത്തെ മാസ്റ്റർ ഡിഗ്രി കോഴ്സ് കഴിഞ്ഞവരുണ്ട്. ഇതിനകത്ത് തന്നെ എംഫില്ലും പിഎച്ച്ഡി കോഴ്സുമൊക്കെ കഴിഞ്ഞ ഫിസിയോതെറാപ്പിസ്റ്റുകളുണ്ട്. അവർക്ക് അതിനകത്ത് പ്രാതിനിധ്യം കിട്ടുന്നില്ല. ഈ ബില്ലിനകത്ത് ഫിസിയോതെറാപ്പി എന്ന് പറയുന്നതിന് ഫാക്കൽറ്റിയും ബോർഡ് ഓഫ് സ്റ്റഡീസും അക്കാഡമിക് കൗൺസിൽ പോലുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അവർക്ക് ആവശ്യമായുള്ളത് കിട്ടിയിട്ടില്ലായെന്നാണ് പറയുന്നത്. അത് ഈ ബില്ലിനകത്ത് വേണമെന്നാണ് എന്റെ അഭിപ്രായം. അങ്ങേക്ക് അതിനോട് യോജിക്കാൻ കഴിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: തീർച്ചയായും ഞാൻ അക്കാര്യത്തിൽ നോളിപ്പുള്ള ആളാണ്.

ശ്രീ. സി. പി. മുഹമ്മദ്: അങ്ങ് ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ട ഒരുപാട് കാര്യങ്ങൾ പറഞ്ഞു. പക്ഷേ കേരളത്തിൽ കോടിക്കണക്കിന് രൂപയുടെ ബിസിനസ് നടത്തുന്ന ധാരാളം വൈദ്യശാഖകളുണ്ട്. ഹാർട്ടിന് ഈരാളി. കരളിന് കാമിലാരി, തലമുടിക്ക് ശ്രീധരി, എയ്ഡ്സിന് ഫെയർഫാർമ പിന്നെ ഒരുപാട് രോഗങ്ങൾക്ക് ഒരുപാട് പരസ്യങ്ങൾ നൽകുന്ന വിവിധ മരുന്നുകളുണ്ട്. ഇതെല്ലാം ഒന്നുകിൽ ഗവൺമെന്റ് നിരോധിക്കുക. അല്ലെങ്കിൽ ഈ യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തി നല്ലതാണെങ്കിൽ സ്വീകരിക്കുക. അല്ലെങ്കിൽ അതിനെതിരെ നടപടിയെടുക്കണം എന്ന് അങ്ങേക്ക് അഭിപ്രായമുണ്ടോ ?

ശ്രീ. എം. എ. വാഹീദ്: അത് മാത്രമല്ല, വണ്ണം കുറയ്ക്കാനുള്ളതുമുണ്ട്. നമ്മുടെ സി. പി. മുഹമ്മദ് അത് വിട്ടുപോയി എന്ന് തോന്നുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: അങ്ങ് ഇപ്പോൾ ഈ പറഞ്ഞ പല മരുന്നുകളും ബഹുമാനപ്പെട്ട അംഗം ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞതുപോലെ വയർ കുറയ്ക്കാനും അതുപോലെതന്നെ മുസ്ലി പവർ എക്ട്രാ പോലുള്ള വാജീകരണ ഔഷധങ്ങൾ ഒക്കെതന്നെ നമ്മുടെ കേരളത്തിൽ വൻ പരസ്യം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത് ശാസ്ത്രീയമായി തെളിയിക്കപ്പെടുന്ന കാര്യങ്ങളൊന്നുമല്ല. കോസ്മെറ്റിക് ഡ്രഗ്സ് നിയമം അനുസരിച്ചുകൊണ്ട് അവർക്ക് എതിരെ കേസ് എടുക്കാനുള്ള കാര്യങ്ങൾ നടക്കുന്നുണ്ട്. ഇവർ പറയുമ്പോൾ കേസ് എടുത്തുവെന്ന് പറയുന്നതല്ലാതെ ഈ കച്ചവടം നടത്തി ജനങ്ങളെ പറ്റിക്കുന്ന കാര്യത്തിൽ ഇടപെടാൻ ഇപ്പോൾ പലർക്കും കഴിയുന്നില്ല. അതാണ് പ്രശ്നം. അവ തടയുന്നതിനാവശ്യമായ നടപടി വേണം എന്നുള്ള കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ് ?

ശ്രീ. എം. എ. വാഹീദ്: വളരെ മോശപ്പെട്ട പരസ്യങ്ങൾ നിരോധിക്കേണ്ടതാണ്. നിരോധിക്കാൻ ഗവൺമെന്റിന് വകുപ്പുണ്ടെങ്കിൽ തീർച്ചയായും നിരോധിക്കണം. ഇതെല്ലാം നമ്മുടെ ചികിത്സാ സമ്പ്രദായത്തിൽ വളരെ തരംതാഴ്ന്ന പ്രവണതകളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. സാജുപോൾ: ബഹുമാനപ്പെട്ട വാഹീദ് കാർഷിക സർവ്വകലാശാലയുടെ ജനറൽ കൗൺസിലിലും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ സെനറ്റിലും അംഗമായിരിക്കുന്ന എനിക്കും അങ്ങിൽനിന്നും വ്യത്യസ്തമായ ഒരു അഭിപ്രായമില്ല. കാലടിയിൽ സംസ്കൃത സർവ്വകലാശാല രൂപവൽക്കരിച്ചു. ഇത്രയും കാലംകൊണ്ട് പത്തുപേരെങ്കിലും സംസ്കൃതം എഴുതാനും വായിക്കാനും അറിയാവുന്നവരായി കേരളത്തിൽ ഉണ്ടായി എന്ന് പറയാൻ പറ്റില്ല. മറ്റു പല കോഴ്സുകളും ബി.എഡ്. മുതൽ മറ്റു മേഖലകളിലേക്ക് പോവുകയാണ്. അപ്പോൾ ഒരു യൂണിവേഴ്സിറ്റി സ്ഥാപിതമായി അതിന്റെ ധർമ്മം നിർവ്വഹിക്കുന്നില്ലെങ്കിൽ എന്തു ചെയ്യണം എന്നുള്ളത് സംബന്ധിച്ച് ഒരു നിയമത്തിലും വ്യവസ്ഥ ചെയ്യുന്നില്ല. "മിതഞ്ച" 'സാരഞ്ച വാചോഹി

വാഗ്മിത' എന്ന വാചകം കേരളത്തിലെ രാഷ്ട്രീയക്കാരെയെങ്കിലും പഠിപ്പിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എത്രയോ ചർവ്വിതചർവ്വണം ഇവിടെ ഒഴിവാകുമായിരുന്നു. യഥാർത്ഥത്തിൽ ആ യൂണിവേഴ്സിറ്റി നിർവ്വഹിക്കാത്ത കാര്യങ്ങൾ ചെയ്യാത്ത സാചര്യമുണ്ടായാൽ അത് എങ്ങനെ മുന്നോട്ടു പോകണം എന്നുള്ളത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം അങ്ങേക്ക് പറയാനുണ്ടോ ?

<u>ശ്രീ. എം. എ. വാഹിദ്</u> : ഞാൻ അതാണ് പറഞ്ഞു വരുന്നത്. ഗവേഷണത്തിനുവേണ്ടിയാണ് പ്രത്യേക സർവ്വകലാശാല ഉണ്ടാക്കുന്നതെന്നാണ് നമ്മുടെ കാർഷിക സർവ്വകലാശാല ബിൽ അവതരിപ്പിച്ചുകൊണ്ട് നിയമസഭയിൽ പ്രസംഗിച്ചത്. ശാസ്ത്ര സാങ്കേതിക രംഗത്ത് പുതിയ പുതിയ കണ്ടുപിടുത്തങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, പിന്നെ സംസ്കൃത സർവ്വകലാശാല ഒരു പ്രത്യേക സാഹചര്യത്തിൽ വന്നതാണെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ഒരു പ്രയോജനവുമില്ല. എന്തെങ്കിലും പ്രയോജനമുണ്ടെങ്കിൽ അത് ശ്രീ. ബാബു പ്രസാദിനും ശ്രീ. സാജു പോളിനും ശ്രീ. സി. പി. മുഹമ്മദിനും മാത്രമാണ്. അവർക്കു മാത്രമാണ് അൽപ്പം സംസ്കൃതം അറിയാവുന്നത്. ഇവർക്ക് രണ്ടുമൂന്നു പേർക്കുള്ള പ്രയോജനമല്ലാതെ ഈ സംസ്കൃത സർവ്വകലാശാലകൊണ്ട് ആർക്കെങ്കിലും പ്രയോജനമുണ്ടായിട്ടുണ്ടോ എന്ന് എനിക്കറിയില്ല. അവിടെ ഗവേഷണം നടക്കുന്നില്ല. ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ഗവേഷണം നടക്കുന്നതായി നമുക്ക് അറിയില്ല. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടക്കുന്നതായി അറിയില്ല. മണ്ഡരി രോഗത്തിനുള്ള പ്രതിരോധ മരുന്നിനെക്കുറിച്ച് ഗവേഷണം നടത്താൻ അവർക്ക് കഴിഞ്ഞിട്ടില്ല. അവിടെ ഒന്നും നടക്കുന്നില്ല. സേവന-വേതന വ്യവസ്ഥകളെക്കുറിച്ചുള്ള ചർച്ചയല്ലാതെ ഗവേണിംഗ് ബോഡിയിൽ ഒന്നും നടക്കുന്നില്ല. ആരോഗ്യ സർവ്വകലാശാലയും സേവന-വേതന വ്യവസ്ഥകളുടെ ഒരു കേന്ദ്രമായി മാറും. ഹോമിയോക്കാർ പറയും, ഞങ്ങൾക്ക് ഇതു പോര ആയുർവ്വേദക്കാർ പറയും മോഡേൺ മെഡിസിന്റെ അതേ ശമ്പളം വേണമെന്ന്. അങ്ങനെ ശമ്പള തർക്കത്തിന്റെ വലിയൊരു കലാപശാലയായി ഇത് മാറും എന്നുള്ളതാണ് എന്റെ അഭിപ്രായം.

<u>ശ്രീ. സി. പി. മുഹമ്മദ്</u> : അങ്ങ് സംസ്കൃത സർവ്വകലാശാലകൊണ്ട് കാര്യമില്ല എന്ന് പറഞ്ഞതിനോട് ഞാൻ വിയോജിക്കുകയാണ്. ഞാൻ പട്ടാമ്പി സംസ്കൃത കോളേജിൽ സെക്കന്റ് ലാംഗ്വേജ് സംസ്കൃതം എടുത്ത് പഠിച്ചയാളാണ്. ആയുർവേദ കോളേജ് വ്യാപകമായതോടുകൂടി ഒരുപാട് പേർ സംസ്കൃതം പഠിക്കാൻ മുന്നോട്ടു വരുന്നുണ്ട്. സംസ്കൃത സർവ്വകലാശാലയിലെ ആയുർവേദ താളിയോല ഗ്രന്ഥങ്ങളെക്കുറിച്ച് ചിലർ ഗവേഷണം നടത്തുന്നുണ്ട്. ഭാഷയ്ക്കുള്ള സർവ്വകലാശാല എന്നു പറയുന്നത് എപ്പോഴും പ്രസക്തമാണ്. മലയാള സർവ്വകലാശാലയ്ക്ക് വേണ്ടി വാദിക്കുന്നത് ഇൻഡ്യയിലെ സ്വന്തം മാതൃഭാഷയ്ക്ക് സർവ്വകലാശാലയില്ലാത്ത ഏക സംസ്ഥാനം കേരളമാണ് എന്നാണ്. അതും ഇതുപോലെയുള്ള സർവ്വകലാശാലകളുമായി അങ്ങ് താരതമ്യപ്പെടുത്തരുത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : കൂടുതൽ സർവ്വകലാശാലകൾ വരുന്നതിനോട് യോജിക്കാത്ത രൂപത്തിലാണ് ചർച്ചകൾ പോകുന്നത്. നമ്മൾ ഇവിടെ മനസ്സിലാക്കേണ്ട ചെറിയ ഒരു കാര്യം. പണ്ട് ചികിത്സാരംഗത്ത് ഒരു ഡോക്ടർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടെ സ്പെഷ്യാലിറ്റി ഡോക്ടർമാർ ഇല്ലായിരുന്നു. അങ്ങനെയുള്ള ഡോക്ടർമാർക്ക് എല്ലാ ബ്രാഞ്ചസും നോക്കാൻ പറ്റുമായിരുന്നു. പക്ഷേ കാലം മാറി. ഇപ്പോൾ കാർഡിയോളജി വന്നതിനുശേഷം ബൈപ്പാസ് സർജറി തുടങ്ങി. ഓരോ വിഭാഗത്തിനും ആ നിലയിലുള്ള നേട്ടങ്ങൾ നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്വാഭാവികമായും ഇവിടെ കൂടുതൽ സർവ്വകലാശാലകൾ വരുന്നത് തീർച്ചയായിട്ടും അവിടെ ഗവേഷണം നടക്കുന്നില്ലെങ്കിൽ അത് മാറ്റണം. പുതിയ പുതിയ കണ്ടുപിടുത്തങ്ങളും കാലത്തിനനുസരിച്ചുള്ള മാറ്റങ്ങളും അനിവാര്യമാണ്. അതുകൊണ്ട് ആ നിലയിലേക്കുള്ള പോസിറ്റീവായ ഒരു ചർച്ചയിലേക്ക് പോകുന്നതല്ലേ നമുക്ക് നല്ലത് ?

ശ്രീ എം. എ. വാഹീദ് : ഞാൻ നെഗറ്റീവാകുന്നതല്ല. അനുഭവങ്ങൾ പാഠം പഠിപ്പിച്ചതുകൊണ്ട് പറയുന്നതാണ്. ഇതുവരെ ഉണ്ടാക്കിയിട്ടുള്ള പ്രത്യേക സർവ്വകലാശാലകളിലൊന്നും ആവശ്യമായ ഗവേഷണം നടക്കുന്നില്ല. ഭാഷ പഠിപ്പിക്കാൻ പോകുന്നുണ്ട്. പക്ഷേ സംസ്കൃത സർവ്വകലാശാലയിൽ നടക്കേണ്ട ഗവേഷണം നടന്നതായി എനിക്ക് ഇതുവരെ അറിയില്ല. അപ്പോൾ ആരോഗ്യ സർവ്വകലാശാലയും അങ്ങനെ ഒരു ഗവേഷണം നടത്തുമെന്നുള്ളതിന് ഉറപ്പില്ല. അതിനാൽ നമ്മുടെ സർവ്വകലാശാലയുടെ കീഴിൽ ഓരോ വിഭാഗത്തിനും പ്രത്യേകം ഫാക്കൽറ്റിയുണ്ടാക്കി അല്ലെങ്കിൽ പ്രത്യേകം മേഖലകളുണ്ടാക്കി അവിടെ ഗവേഷണം നടത്തുന്നതിന് കൊടുക്കുന്നതായിരിക്കും നല്ലത്. അവിടെയാകുമ്പോൾ ശാഖകൾ തമ്മിലുള്ള മത്സരം കുറയും. കാരണം ഒരു യൂണിവേഴ്സിറ്റിക്ക് കീഴിൽ എല്ലാ ബ്രാഞ്ചുകളും വരുമ്പോൾ എല്ലാറ്റിന്റെയും മെറിറ്റ് നോക്കാനും ഗുണം മനസ്സിലാക്കാനും അതിന്റേതായ ആളുണ്ടാകും. അപ്പോൾ മറ്റുള്ള ശാഖകളെല്ലാം ഇതിനോട് യുദ്ധം ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകാൻ സാദ്ധ്യതയുണ്ട് എന്നുള്ളതാണ് എന്റെ കാഴ്ചപ്പാട്. അതുകൊണ്ട് ഇങ്ങനെ ഒരു സർവ്വകലാശാല എന്നുള്ള സങ്കൽപ്പം വരുമ്പോൾ തീർച്ചയായും അതിന്റെ ഗവേണിംഗ് ബോഡിയിൽ എല്ലാ ശാഖകൾക്കും തുല്യമായ പ്രാതിനിധ്യം വേണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : കേരളത്തിന്റെ പ്രധാനപ്പെട്ട ഒരു വരദാനമാണ് ആയുർവേദം. യഥാർത്ഥത്തിൽ ആയുർവേദ ചികിത്സയുടെ ഗുണം സംബന്ധിച്ചും ആയുർവേദ മരുന്നുകളുടെ ഇൻഗ്രീഡിയൻസ് എന്തൊക്കെയാണ് എന്നുള്ളതിനെ സംബന്ധിച്ചും ഇന്ന് നിയമപരമായി ഒരു വ്യവസ്ഥയുമില്ല. യഥാർത്ഥത്തിൽ ആയുർവേദം അവഗണിക്കപ്പെടുന്നതിന്റെ ഒരു കാരണം അതാണ്. ഇങ്ങനെ ഒരു യൂണിവേഴ്സിറ്റി വന്നു കഴിഞ്ഞാൽ ഏറ്റവും ചുരുങ്ങിയത് കേരളത്തിന്റെ തനത് ചികിത്സാരൂപമായ ആയുർവേദത്തിന്റെ ഗുണാത്മകതയെ സംബന്ധിച്ചും അതിന്റെ മരുന്നുകളെ സംബന്ധിച്ചുമുള്ള കൃത്യത നിശ്ചയിക്കുന്നതിനും ആവശ്യമായ കാര്യം ഈ യൂണിവേഴ്സിറ്റികളോട് നിർവ്വചിക്കാനാകും എന്നതിനെക്കുറിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹിദ് : അതിനുള്ള സാഹചര്യം യൂണിവേഴ്സിറ്റിയുടെ ഗവേണിംഗ് ബോഡിയിലും സെനറ്റിലുമൊക്കെ ഉണ്ടാകണം. ഗവേഷണം നടത്താനുള്ള സൗകര്യം ഉണ്ടാകണം. കുറേ യൂണിവേഴ്സിറ്റികളുണ്ടെന്ന് മാത്രം പറഞ്ഞാൽ പോരാ. തമിഴ്നാട്ടിൽ പോയാൽ കുറേ എഞ്ചിനീയറിംഗ് കോളേജ് കാണാം. അതിന്റെ ഫ്രണ്ടിൽ നോക്കിയാൽ വലിയ കൊട്ടാരം പോലെയിരിക്കും. എന്നാൽ അകത്തു കയറിയാൽ ഒന്നുമില്ല. അവിടെ പഠിച്ചു വന്നവരും എഞ്ചിനീയർമാരായി ഇരിപ്പുണ്ട്. യൂണിവേഴ്സിറ്റി എന്ന ബോർഡ് മാത്രം മതിയോ ?

ഡോ. കെ. ടി. ജലീൽ : സർ, കേരളത്തിലെ സർവ്വകലാശാലകളിൽ വേണ്ടത്ര ഗവേഷണം നടക്കുന്നില്ല, സർവ്വകലാശാലകളുടെ ഗവേണിംഗ് ബോഡികൾ കൂടുമ്പോൾ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് മാത്രമാണ് ഡിസ്കഷൻ നടക്കുന്നത് എന്നൊക്കെയുള്ള പരാമർശങ്ങൾ ശരിയല്ല. എന്തൊക്കെ പരിധികളും പരിമിതികളും ഉണ്ടെങ്കിലും കേരളത്തിലെ സർവ്വകലാശാലകൾ മോശമല്ലാത്ത സ്ഥാനമാണ് അലങ്കരിക്കുന്നത്. പിന്നെ അവിടെ ജോലി ചെയ്യുന്ന ആളുകൾക്ക് സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ പാടില്ലായെന്നു പറയുന്നത് ശരിയല്ല. അവരും ജീവനക്കാരാണ്. നമ്മൾ സർവ്വകലാശാലകളെക്കുറിച്ച് ആക്ഷേപിക്കുന്നതു പോലെ പൊതുപ്രവർത്തകരെക്കുറിച്ചും രാഷ്ട്രീയ പ്രവർത്തകരെ കുറിച്ചുമൊക്കെ പൊതുസമൂഹത്തിനും അവരുടേതായിട്ടുള്ള അഭിപ്രായങ്ങൾ ഉണ്ടാകാം. കേരളത്തിൽ വളരെ റെപ്യൂട്ടേഷനോടുകൂടി പ്രവർത്തിക്കുന്ന സർവ്വകലാശാലകൾ നൽകുന്ന സംഭാവനകൾ അംഗീകരിച്ചുകൊണ്ടുതന്നെ വിമർശനാത്മകമായി നമുക്ക് അവയെ സമീപിക്കാവുന്നതാണ്. ആവശ്യത്തിന് ഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഇന്ത്യയിലെ മറ്റ് ഇതര സർവ്വകലാശാലകളെ അപേക്ഷിച്ച് കേരളത്തിലെ സർവ്വകലാശാലകൾ ഗുണപരമായ ഒട്ടേറെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രണ്ടാമത്തെ കാര്യം, സർവ്വകലാശാലകൾ കൂടുതൽ ആവശ്യമില്ലെന്നും വിവിധ തലങ്ങളിൽ നിൽക്കുന്ന മുന്നോ നാലോ ശാഖകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുമ്പോൾ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്നുമാണ് അങ്ങ് പറയുന്നത്. അതിനുള്ള ഒരു പരിഹാരം, ഇപ്പോൾ മെഡിക്കൽ യൂണിവേഴ്സിറ്റി, കുറച്ചുകൂടി കഴിയുമ്പോൾ ആയുർവേദത്തിന് പ്രത്യേകമായി ഒരു സർവ്വകലാശാല, ഹോമിയോയ്ക്ക് പ്രത്യേകമായി ഒരു സർവ്വകലാശാല, ഒക്കെ ഭാവിയിൽ വേണ്ടതായി വരും. ഇന്ത്യയിലെ മറ്റ് ഇതര സംസ്ഥാനങ്ങളിലൊക്കെ മെഡിക്കൽ യൂണിവേഴ്സിറ്റി നിലവിൽ വന്നിട്ട് എത്രയോ വർഷങ്ങളായി. കേരളത്തിൽ കാലങ്ങളായി നിലനിൽക്കുന്ന ഒരു ആവശ്യം അതിന്റെ പൂർണ്ണതയിലേക്ക് നീങ്ങുകയാണ്. സ്വാഭാവികമായും ഒരു യൂണിവേഴ്സിറ്റി നിലവിൽ വരുമ്പോൾ അതിന്റേതായിട്ടുള്ള പരിമിതികളും പരിധികളുമൊക്കെയുണ്ടാകും. അവയൊക്കെ തരണം ചെയ്യാൻ കാലതാമസം എടുക്കും. ആ ഒരു സമയം അനുവദിച്ചുകൊടുത്തു കൊണ്ട് ഒരു നല്ല സംരംഭമെന്നുള്ള നിലയിൽ ഇത് വരണം എന്നല്ല യഥാർത്ഥത്തിൽ അങ്ങ് ശക്തമായി പറയേണ്ടത്.

12.00 NOON]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പള്ളിപ്രം ബാലൻ : സർ, കാർഷിക സർവ്വകലാശാലയെക്കുറിച്ച് അങ്ങ് പറഞ്ഞത് ശരിയല്ല. കാർഷിക സർവ്വകലാശാല ഗവേഷണം നടത്തുന്നതിന്റെ ജനറൽ കൗൺസിൽ അംഗംകൂടിയാണ് ഞാൻ. എന്നുമാത്രമല്ല ഇപ്പോൾ കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ,പുതിയ കണ്ടുപിടിത്തത്തിന് ദേശീയ അംഗീകാരത്തിനുള്ള അവാർഡ് വാങ്ങിയിരിക്കുകയാണ്. ഇന്ത്യയിലെ മറ്റ് സർവ്വകലാശാലകളിൽവച്ച് ഏറ്റവും പുതിയ കണ്ടുപിടിത്തത്തിനുള്ള ദേശീയ അംഗീകാരം കാർഷിക സർവ്വകലാശാല നേടിയിരിക്കുകയാണ്. അതുകൂടി അങ്ങയുടെ ശ്രദ്ധയിൽ ഉണ്ടാകണം. അതുകൊണ്ട് ഗവേഷണം നടക്കുന്നില്ല എന്ന് പറയുന്നത് ശരിയല്ല.

ശ്രീ. എം. എ. വാഹീദ് : സർവ്വകലാശാല വേണ്ടയെന്നുള്ള അഭിപ്രായമല്ല ഞാൻ പറഞ്ഞു വന്നത്. ഇതിലുണ്ടാകാൻ പോകുന്ന അപകടങ്ങളെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. സർവ്വകലാശാലയുടെ ഒരു കുമ്പാരം വേണ്ട എന്നുള്ള അഭിപ്രായം എനിക്ക് ഇപ്പോഴുമുണ്ട്. ഞാൻ ഈ കാർഷിക സർവ്വകലാശാലയിൽ ഒരു ടേം ഇരുന്നതാണ്. അന്നത്തോടുകൂടി മതിയാക്കി പോയ ആളാണ് ഞാൻ. പിന്നെ അങ്ങോട്ട് പോയിട്ടില്ല. കാരണം അനുഭവമുണ്ട്. യാതൊരു പ്രയോജനവുമില്ലായെന്ന് ബോദ്ധ്യമായതുകൊണ്ട് ഞാൻ കളഞ്ഞിട്ട് പോയതാണ്. പിന്നെ ഇപ്പോൾ വല്ല ഗവേഷണവും നടക്കുന്നുണ്ടോയെന്ന് എനിക്ക് അറിയില്ല. ഒന്നുമില്ലായെന്നുള്ളതാണ് എനിക്ക് അനുഭവം. പ്രത്യേക സർവ്വകലാശാലയ്ക്ക് ഏറെ ഗുണങ്ങളുണ്ട് എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ ഞാൻ ഇനി ഒന്നുകൂടി പഠിക്കാം. അതെ പറയാൻ പറ്റുകയുള്ളു. എന്റെ അറിവിലും അനുഭവത്തിലും ഈ സർവ്വകലാശാലയിൽ നേരത്തെ ഉണ്ടായിരുന്ന കേരള യൂണിവേഴ്സിറ്റിയിലെയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെയോ അല്ലെങ്കിൽ നമ്മുടെ എം. ജി. സർവ്വകലാശാലയിലെ ഫാക്കൽറ്റിയിൽ ഉണ്ടായിരുന്ന ഗവേഷണം പോലും നടക്കുന്നില്ലയെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഞാൻ യൂണിവേഴ്സിറ്റികളെ അടച്ച് ആക്ഷേപിക്കുന്നില്ല. ഈ പ്രത്യേക സർവ്വകലാശാലകൊണ്ട് വലിയ പ്രയോജനം ഉണ്ടായിട്ടില്ല എന്ന എന്റെ അനുഭവമാണ് ഞാൻ പറഞ്ഞത്. ശ്രീ. പള്ളിപ്രം ബാലൻ പറഞ്ഞു, അവിടെ ഗവേഷണം നടത്തിയതിന് അവാർഡ് കിട്ടിയെന്ന് പലർക്കും ഡോക്ടറേറ്റ് കൊടുക്കുംപോലെ വല്ലതും കിട്ടിയോയെന്ന് എനിക്ക് അറിയില്ല. പക്ഷേ എന്റെ അനുഭവത്തിൽ അഞ്ച് വർഷക്കാലം ഞാൻ കാർഷിക സർവ്വകലാശാലയുടെ ഗവേണിംഗ് ബോഡിയിൽ ഇരുന്നപ്പോൾ ഒരു യോഗത്തിൽപ്പോലും ഒരു ഗവേഷണത്തിന്റെ ഒരു പേപ്പർ അവർ സബ്മിറ്റ് ചെയ്തിട്ടില്ല. ഗവേഷണത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുമില്ല. എന്റെ കൈയിൽ അതിന്റെയെല്ലാം മിനിറ്റ്സ് ഇരിപ്പുണ്ട്. അതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. പക്ഷേ ഇവിടെ അതല്ല. ഈ സർവ്വകലാശാല വേണമെന്ന് ആഗ്രഹിക്കുന്ന ഒരുപാട് പേരുണ്ട്. അങ്ങനെ ഒരു സർവ്വകലാശാല വരുമ്പോൾ ഉണ്ടാകുന്ന വിപത്തുകളെക്കുറിച്ചാണ് ഞാൻ ഈ പറഞ്ഞു വന്നത്. അതിന് ഞാനൊരു നിർദ്ദേശം പറഞ്ഞു വന്നപ്പോഴാണ് ഇതിനകത്ത് ഡോ. കെ. ടി. ജലീൽ ഇടപെട്ടത്. ഞാൻ പറഞ്ഞു വന്നത് എത്തെല്ലാം ശാഖകൾ ഈ യൂണിവേഴ്സിറ്റിക്ക് അകത്ത് വരുന്നോ, അവർക്ക് ഈ ഭരണസമിതിയിൽ തുല്യമായ പ്രാതിനിധ്യം ഉണ്ടായിരുന്നാൽ ഒരു മേൽക്കോയ്മയോടുകൂടി ഒരു ശാഖയെ തകർക്കില്ല.

നേരത്തെ ഇവിടെ ശ്രീ. തോമസ് ചാഴികാടൻ സൂചിപ്പിച്ചു. ചിക്കുൻഗുനിയയ്ക്ക് ഏറ്റവും പ്രതിരോധമരുന്നുള്ളത് ഹോമിയോയിലാണ്. ആ ഹോമിയോ പ്രതിരോധ മരുന്നു കൊടുക്കാനായി കോട്ടയം മെഡിക്കൽ കോളേജിൽ ചെന്നപ്പോൾ അതിനകത്ത് ഹോമിയോ ഡോക്ടർമാരെ പ്രവേശിപ്പിച്ചിട്ടില്ല. പഞ്ചാര മരുന്നും കൊണ്ട് വരണ്ട എന്നാണ് പറഞ്ഞത്. ചിക്കുൻഗുനിയയ്ക്ക് ഹോമിയോ പ്രിവന്റീവ് മരുന്നു കഴിച്ചതിനുശേഷം ഒരു വീട്ടിൽ ഒന്നോ രണ്ടോ പേർക്ക് വന്നു. ബാക്കിയുള്ളവർക്ക് ചിക്കുൻഗുനിയ വരാതെ തടഞ്ഞ് നിർത്താൻ ഹോമിയോ പ്രിവന്റീവ് മെഡിസിന് കഴിഞ്ഞിട്ടുണ്ട്. അപ്പോൾ പ്രധാനമായും രോഗം വരാതിരിക്കാനുള്ള പ്രിവന്റീവ് മെഡിസിൻ കണ്ടുപിടിച്ചിട്ടുള്ളത് ഹോമിയോയിലാണ്. പക്ഷേ ആ ഹോമിയോയുടെ ആൾക്കാരുടെ പ്രതിനിധ്യം ഇതിൽ കുറഞ്ഞാൽ അവരുടെ ആവശ്യങ്ങൾ ഈ ഭരണസമിതിയിൽ വയ്ക്കാനോ യൂണിവേഴ്സിറ്റിയിൽ വയ്ക്കാനോ കഴിയാതെ പോകും. അതുകൊണ്ട് ഏതെല്ലാം ചികിൽസാ ശാഖകളാണോ ഈ ആരോഗ്യ സർവ്വകലാശാലയിൽ ഉൾപ്പെടുത്തുന്നത് അവർക്കെല്ലാം തുല്യപ്രാതിനിധ്യം ഇതിന്റെ ഗവേണിംഗ് ബോഡിയിലും സെനറ്റിലും ഉണ്ടാകണം. ഇല്ലെങ്കിൽ അത് അപകടമാണ്. ആ അപകടാവസ്ഥ ഒഴിവാക്കാനുള്ള ഒരു നീക്കം ബഹുമാനപ്പെട്ട മന്ത്രി ചെയ്യുമോയെന്നുള്ളതാണ് എന്റെ ചോദ്യം. അങ്ങനെ വന്നാൽ കിടമൽസരം ഒഴിവാക്കാനും പരസ്പര ബഹുമാനത്തോടുകൂടി ഓരോ ശാഖയുടെയും പ്രവർത്തനം കൂടുതൽ ശക്തമാക്കാനും പുതിയ പുതിയ ഗവേഷണങ്ങൾ നടത്താനും കഴിയും. ആ ഗവേഷണങ്ങളുടെ ഫലം നമ്മുടെ കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിലുണ്ടാകും എന്നുള്ളതുകൊണ്ടാണ് ഇതൊരു കലാപശാലയായി മാറാതിരിക്കാൻ അല്ലെങ്കിൽ ആരോഗ്യ സർവ്വകലാശാല ഒരു അനാരോഗ്യ സർവ്വകലാശാലയാകാതിരിക്കണമെങ്കിൽ ഈ ഒരു നടപടി സ്വീകരിക്കണം എന്ന് ആവശ്യപ്പെടുന്നത്.

ഡോ. കെ. ടി. ജലീൽ : ഈ സർവ്വകലാശാലയുടെ വൈസ് ചാൻസിലറെയും പി.വി.സി-യേയും രജിസ്ട്രാറെയും തീരുമാനിച്ചപ്പോൾ അലോപ്പതി ഹോമിയോപ്പതി, ആയുർവ്വേദം എന്നീ മൂന്ന് മെഡിക്കൽ ശാഖകളിൽ നിന്നും ഓരോരുത്തരെയാണ് അതിന്റെ ചുമതല ഏല്പിച്ചത് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടില്ല ?

ശ്രീ. എം. എ വാഹിദ് : അവരാരും മോശക്കാരല്ല. ഈ കേരളത്തിൽ കിട്ടാവുന്നതിൽവച്ച് ഏറ്റവും നല്ല ആൾക്കാർ തന്നെയാണ്. അതിനൊന്നും എനിക്ക് അഭിപ്രായ വ്യത്യാസമില്ല. പക്ഷേ ഇനിവരുന്ന ഗവേണിംഗ് ബോഡിയാണ് ഈ നിയമപ്രകാരം വരുന്ന ഗവേണിംഗ് ബോഡി. ആ ഗവേണിംഗ് ബോഡിയും സെനറ്റുമാണ് ഇതിന്റെ നയപരവും ഭരണപരവുമായ തീരുമാനം എടുക്കുന്നത്. ഏത് ശാഖയിൽ ഏത് രീതിയിൽ എന്ത് ഗവേഷണം നടത്തണം അതിനുള്ള അനുവാദം കൊടുക്കാനുള്ളത് ഈ വരുന്ന സെനറ്റും അതിനോടൊപ്പം വരുന്ന ഗവേണിംഗ് ബോഡിയുമാണ്. ആ ഗവേണിംഗ് ബോഡിയിൽ ഏതെല്ലാം ശാഖകളാണോ അതല്ലെങ്കിൽ ഏതെല്ലാം ചികിൽസാ സമ്പ്രദായമാണ് ഉൾപ്പെടുത്തുന്നത്. അതിന് തുല്യ പ്രാതിനിധ്യമുണ്ടായിരുന്നാൽ ഒരു കിടമൽസരം ഒഴിവാക്കാൻ കഴിയും. അങ്ങനെയെങ്കിൽ ഈ സർവ്വകലാശാല ചിലപ്പോൾ കലാപശാലയായി മാറുകയില്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല, നിർത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, "സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന" ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ഭേദഗതി അവതരിപ്പിക്കുന്ന സന്ദർഭത്തിൽ സത്യം പറഞ്ഞാൽ എനിക്ക് ഒരു പ്രധാനപ്പെട്ട സപ്പോർട്ടുകൂടി ഉണ്ടായി. ഭരണകക്ഷിയിലെ ശ്രീ. കെ. കുഞ്ഞിരാമനും അദ്ദേഹത്തോടൊപ്പം ശ്രീ. വി. എസ്. സുനിൽകുമാറും എന്റെ ഭേദഗതി തന്നെ അംഗീകരിക്കണം എന്നുള്ള മട്ടിലാണ്. ബൈ പാർട്ടി ഡിവിഷൻ വന്നുകഴിഞ്ഞാൽ സ്വാഭാവികമായിട്ടും അവരുടെ കൈ അപ്പുറത്തെ ഉയരുകയുള്ളൂ എന്ന് എനിക്ക് അറിയാം. പക്ഷേ അവരുടെ മനസ്സ് എന്നോടൊപ്പം ഉണ്ട് എന്നുള്ളതാണ് ധാരണ. കാരണം ഇത് പൊതുജനാഭിപ്രായം തേടുന്നതിന് അയയ്ക്കണം എന്നു പറയാനുള്ളകാരണം അവർ ഇവിടെ വിശദീകരിച്ചു. ഞാൻ സമയം കൂടുതൽ എടുക്കാത്തതുകൊണ്ട് അതിനെക്കുറിച്ച് പറയുന്നില്ല. ഇവിടെ ഒരു മെഡിക്കൽ സർവ്വകലാശാല വരുന്നതിനെ എല്ലാവരും സ്വാഗതം ചെയ്യും. കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി നിൽക്കുന്നത് ആരോഗ്യ രംഗത്തെ നമ്മുടെ സൂപ്പർമസിയാണ്. ആരോഗ്യ രംഗത്ത് വളരെ ഉന്നതമായ ഒരു നിലവാരത്തിലേക്ക് നമ്മുടെ കേരള സംസ്ഥാനം പണ്ട് മുതലേ വന്നിട്ടുണ്ട്. അഞ്ച് കൊല്ലക്കാലം ഭരിക്കാൻ വന്ന ഒരു ഗവൺമെന്റിന്റെ നേട്ടം എന്ന മട്ടിൽ അത് ആരും അവതരിപ്പിക്കില്ല എന്നു തന്നെയാണ് എന്റെ പ്രതീക്ഷ. പക്ഷേ ഈ അടുത്ത കാലത്തായി ആരോഗ്യ രംഗത്ത് നിന്ന് നമ്മൾ പിന്നോട്ട് പോകുന്നു എന്നുള്ള സൂചനകളും വിമർശനങ്ങളും വരികയാണ്. പുതിയ തുപത്തിലുള്ള അസുഖങ്ങൾ വരികയാണ്. ആരോഗ്യ രംഗത്ത് പുതിയ ട്രെന്റ് വരുകയാണ്. ആ ട്രെന്റിനെ നേരിടത്തക്കവിധത്തിൽ ഒരു സർവ്വകലാശാലയുടെ തുപത്തിൽ ഗവേഷണവും അതോടൊപ്പം നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ സെന്റർ ഓഫ് എക്സലൻസിയൊക്കയായി നമുക്ക് പലരെയും വളർത്തണം. ദൗർഭാഗ്യവശാൽ ഇന്ന് ഇന്ത്യയിലെ പ്രശസ്തമായ ആരോഗ്യപരിപാലന ആശുപത്രികൾ നമ്മുടെ കേരളത്തിൽ വളരെ ചുരുക്കമാണ്. എന്റെ സ്നേഹിതൻ ശ്രീ. കെ. സി. ജോസഫിന്റെ മകന് ഒരു അസുഖം ഉണ്ടായി. കേരളത്തിൽ ചികിൽസിപ്പിക്കാൻ ഒരു ആശുപത്രി ഉണ്ടായില്ല. ബാംഗ്ലൂരിലെ 'നാരായണാ ഹൃദയാലയ' യിൽ നിന്നാണ് ആ കുട്ടിക്ക് ആ സമയത്ത് ചികിൽസ കിട്ടിയത്. ആ സന്ദർഭത്തിൽ ശ്രീ. കെ. സി. ജോസഫിനെപ്പോലെയുള്ള ഒരു വ്യക്തിയായതു കൊണ്ട് കുട്ടിക്ക് ആ ചികിൽസ കൊടുക്കാൻ പറ്റിയെന്ന് നമുക്ക് ആശ്വസിക്കാം. കേരളത്തിലെ ആരോഗ്യരംഗം എവിടെ നിൽക്കുന്നു എന്നുള്ളതിനെക്കുറിച്ച് നമ്മൾ പരിശോധിക്കണം. നമ്മുടെ ആരോഗ്യ രംഗം പിറകോട്ട് പോകുന്നു ണ്ടെന്നുള്ളതിന് ധാരാളം ഉദാഹരണങ്ങൾ നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. സത്യം പറഞ്ഞാൽ ഈ ബിൽ ഒരു സർവ്വകലാശാലയ്ക്ക് ഉണ്ടാകേണ്ട എല്ലാ വിധത്തിലുള്ള പുഷ്ടിയോടുകൂടിയുമല്ല അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് എന്റെ ഭേദഗതി ദയവായി അംഗീകരിച്ച് ഈ ബിൽ സർക്കുലേറ്റ് ചെയ്യണം.

പിന്നെ Intention of the Bill ആണ് ഏറ്റവും പ്രധാനപ്പെട്ടത്. ആ ഇന്റൻഷൻ ഏറ്റവും കൂടുതൽ കാണാൻ കഴിയുന്നത്, ബില്ലിലെ 92-ാം വകുപ്പിനകത്ത് ട്രാൻസിറ്ററി പ്രൊവിഷൻ വച്ചിട്ടുണ്ട്. ഒരു ഗവൺമെന്റ് പുറത്തേക്ക് പോകുവാൻ പോകുകയാണ്. അല്ലെങ്കിൽ ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിന് തൊട്ടുമുമ്പ്, ഒരു സർവ്വകലാശാല കൊണ്ടുവരണമെന്നുള്ള നിർബന്ധബുദ്ധി ഉണ്ടായാൽ അത് കേരളത്തിന്റെ ആരോഗ്യരംഗം രക്ഷപ്പെടുത്തുന്നതിനു വേണ്ടിയല്ലല്ലോ? ഈ സർവ്വകലാശാല രക്ഷപ്പെടുത്തുന്നതിനു വേണ്ടി അല്ലല്ലോ ?.....(ബഹളം).....പക്ഷേ ഇനി വരുന്നത് ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ തന്നെ ആയിരിക്കണമെന്ന് ശ്രീ. ശിവൻകുട്ടിക്ക് പറയാമോ ? വേണമെങ്കിൽ ശ്രീ. വി. ശിവൻകുട്ടിക്കും വരാമല്ലോ ? ഇവിടെ അറുപത് ദിവസമെന്നാണ് ശ്രീ. ബാബു പറയുന്നത്. ഞാൻ അറുപതും നാൽപ്പതും മുപ്പതുമൊന്നും പറയുന്നില്ല. ഫ്ളാഗ് എന്റിൽ കൊണ്ടുവന്ന, ഒരു സർവ്വകലാശാലയ്ക്ക് ഭാവനാ സമ്പൂർണ്ണമായ രൂപത്തിൽ അതിനെ പുഷ്ടിപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകുവാൻ സമയമില്ലാത്ത സന്ദർഭത്തിൽ എന്തുകൊണ്ട് ഗവൺമെന്റ് ഈ ബില്ല് കൊണ്ടുവന്നു എന്ന് ഞാൻ ആലോചിച്ചു. അതിന്റെ ഉത്തരം എനിക്ക് കിട്ടുന്നത് ട്രാൻസിറ്ററി പ്രൊവിഷൻസിൽ നിന്നാണ്. 'It shall be the duty of the first Vice-Chancellor appointed under this Act to make arrangements for constituting the Governing Council and other authorities of the University within six months from the date of commencement of this Act.....' അങ്ങനെ പോകുകയാണ്. വൈസ് ചാൻസലർക്ക് അധികാരം കൊടുക്കുകയാണ്. എന്തിന്? To make arrangements for constituting the Governing Council and other authorities. നമ്മൾ വയ്ക്കുന്ന ഈ അറുപത് ദിവസം കൊണ്ട് എല്ലാ അധികാരങ്ങളും കൊടുത്ത് തിടുക്കത്തിൽ ഇത് തട്ടിക്കൂട്ടണം എന്നുള്ളതാണ് ഇതിന്റെ ഇന്റൻഷൻ എന്ന് ഞാൻ മനസ്സിലാക്കുകയാണ്. ആ ഇന്റൻഷൻ രണ്ടാമത്തെ പാരഗ്രാഫിൽ വളരെ ക്ലിയറാണ്. അതിൽ പറയുന്നത് 'Notwithstanding anything contained in this Act and until an authority is duly constituted under this Act, the first Vice-Chancellor may appoint any officer or constitute any committee temporarily to exercise and perform any of the powers and duties of such authority under this Act. അങ്ങനെ അപ്പോയിന്റ് ചെയ്യപ്പെടുന്ന വൈസ് ചാൻസലർക്ക് അവിടെയുള്ള നിയമനം നടത്താനുള്ള അധികാരമുണ്ട്. ഈ അറുപതാം ദിവസത്തിന് തൊട്ടടുത്ത് ഏറ്റവും തിരക്ക് പിടിച്ച് ബില്ലുകൾ പാസ്സാക്കുന്നതിനു പോലും സമയമില്ലാത്ത ഒരു സന്ദർഭത്തിൽ തല്ലിക്കൂട്ടി ഇത് കൊണ്ടുവരുന്നതിനു പിന്നിലുള്ള ഇന്റൻഷനാണ് സത്യം പറഞ്ഞാൽ ഈ 92-ാം വകുപ്പിനകത്ത് ട്രാൻസിറ്ററി പ്രൊവിഷനായി വച്ചിരിക്കുന്നത്. ഇത് കുറേ ആളുകളെ ജോലിക്ക് കയറ്റുന്നതിനു വേണ്ടിയാണ്. അപ്പോയിന്റ് ചെയ്യുന്നതിൽ ചിലർ നല്ലവരുണ്ടാകാം. അവരെയെല്ലാം മാത്രമേ സെലക്ട് ചെയ്യൂ എന്നുള്ള നിർബന്ധ ബുദ്ധിയോടുകൂടി ചെയ്യുന്നു എന്ന് ഞാൻ പറയുന്നില്ല. പക്ഷേ പുതിയ ഒരു സർവ്വകലാശാലയ്ക്കകത്ത് നമ്മുടേയും കുറേ ആളുകൾ ഇരിക്കട്ടെ. ആ മാൽ-ഇന്റൻഷനാണ് ഇതിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly

വരുന്നത്. ഞാൻ ചോദിക്കട്ടെ, നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ടിരിക്കുന്നതിൽ വളരെ അഭിരുചിയോടുകൂടി സംസാരിക്കുന്ന ശ്രീ. അച്ചുതാനന്ദൻ ഗവൺമെന്റ്, വൈസ് ചാൻസലർ ഇതെല്ലാം നടത്തട്ടെ. വൈസ് ചാൻസലറെ അപ്പോയിന്റ് ചെയ്യുന്നത് ഗവൺമെന്റ് ആകട്ടെ എന്നുള്ള നിലയിലേക്കു ഒരു ബില്ല് കൊണ്ടുവരുന്നത്, ഈ ഗവൺമെന്റ് പരസ്യമായി പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളുടേയും നഗ്നമായ ലംഘനമാണ് ഇതിൽ കാണുന്നത്. അതുകൊണ്ട് ഇത് നമുക്ക് ഉൾക്കൊള്ളാനേ സാധ്യമല്ല. ഇത് മാൽ ഇന്റൻഷനാണ്. ഇതിന് പിന്നിൽ സംശുദ്ധമായ ഒരു മനസ്സല്ല പ്രവർത്തിക്കുന്നത് എന്ന് പറയാതിരിക്കുവാൻ കഴിയുകയില്ല. ദയവായി ഞാൻ ശ്രീമതി ടീച്ചറിനെക്കുറിച്ച് വ്യക്തിപരമായി പറയുന്നു എന്ന് വിചാരിക്കരുത്. കാരണം അങ്ങ് പ്രതിനിധാനം ചെയ്യുന്നത് ഒരു പാർട്ടിയെയാണ്. അങ്ങ് ഇതിനകത്ത് ഒരു ആയുധം മാത്രമാണ്. അങ്ങ് എന്നു പറയുന്ന ആയുധത്തിലൂടെ ഇന്ന് ചില ബുദ്ധിരാക്ഷസന്മാർ പിറകിൽ നിന്ന് പ്രവർത്തിച്ച് ഇവിടെ പണി കൊടുക്കുവാനുള്ള അവസരമുണ്ടാക്കുകയാണ്. ഇത് ശരിയാണോ? കേരളത്തിലെ ആരോഗ്യരംഗം ഇങ്ങനെ കൈകാര്യം ചെയ്താൽ നമ്മൾ എവിടെ പോയി നിൽക്കും എന്നതിനെ കുറിച്ച് നമ്മൾ ആലോചിക്കണം. ഈ ബില്ലിനകത്ത് നമുക്ക് യോജിക്കാൻ കഴിയാത്ത ഒരുപാട് കാര്യങ്ങൾ വരികയാണ്. ഇവിടെ ഡഫനിഷൻ ക്ലോസ്സിനകത്ത് പറഞ്ഞിരിക്കുന്നത്, 'Government College means a college maintained by the Government and affiliated to the University' എന്നാണ്. ഗവൺമെന്റ് മെയിന്റനൻസ് നടത്തുന്ന ഒരു കോളേജ് ആണോ ഗവൺമെന്റ് കോളേജ് എന്നു പറയുന്നത്. Government College means, it is managed by the Government. അതിന്റെ മാനേജുമെന്റ് ഗവൺമെന്റിന് ആയിരിക്കണം. ഗവൺമെന്റ് മെയിന്റയിൻ ചെയ്യുന്ന ഒരു കോളേജാണ് ഗവൺമെന്റ് കോളേജെന്ന് പറയുന്നത്. ഇത് അബദ്ധ പഞ്ചാംഗമാണ്. ഇതെല്ലാം മാറ്റണം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് സെയിം സബ്ജക്ട് കമ്മിറ്റിക്ക് പോകട്ടെയെന്ന്. ഞാൻ ആ സബ്ജക്ട് കമ്മിറ്റിയുടെ ആളൊന്നുമല്ല. പക്ഷേ വേറൊരു സബ്ജക്ട് കമ്മിറ്റി കുറച്ചുകൂടി വിദഗ്ദ്ധമായി ഇത് പരിശോധിക്കണം. പരിശോധിച്ചതിനുശേഷം തെറ്റ് തിരുത്തി എന്നു പറഞ്ഞ് ഈ സഭയിൽ വരട്ടെ. നേരത്തേ ഇവിടെ പറഞ്ഞതുപോലെ ബില്ലുകൾക്ക് ഒരു കഷ്ടകാലമാണ്. സാധാരണഗതിയിൽ ലാ ഡിപ്പാർട്ടുമെന്റിലെ താഴത്തലത്തിലുള്ള ആളുകൾ ഇതെല്ലാം എഴുതി വയ്ക്കും. മുകളിലേക്ക് അത് വെറ്റ് ചെയ്ത് പോകും. അവസാനം ഇത് കാബിനറ്റിൽ ചെല്ലുമ്പോൾ അവിടെ വായിക്കുകപോലും ചെയ്യാതെ ബില്ലിന്റെ രൂപം കണ്ട ഉടനെ ഗവർണർക്ക് അയയ്ക്കാമെന്ന് പറയും. ഗവർണരുടെ അടുത്ത് പോയി ഇത് മടങ്ങി വരും. മടങ്ങി വന്നതിനുശേഷം ചർച്ചാ വേളയിൽ ഞങ്ങൾ എന്തെങ്കിലും പറഞ്ഞാൽ അതെല്ലാം രാഷ്ട്രീയമാണ് എന്നു പറഞ്ഞ് പാർട്ടി വിരുദ്ധമായ പ്രവർത്തനമല്ല അതൊന്നും ഉൾക്കൊള്ളാൻ കഴിയുകയില്ലെന്ന ഒരു സീൽഡ് നിലപാടെടുക്കും. അതോടുകൂടി നമ്മുടെ ബില്ലുകളെല്ലാം അബദ്ധ പഞ്ചാംഗത്തിന്റെ ആവർത്തനമായിപ്പോകും. കേരളത്തിന്റെ ആരോഗ്യരംഗം രക്ഷപ്പെടുത്തുന്നതിന് ഇതിന് സാധ്യമാകുകയില്ല എന്നുള്ളതാണ് എന്റെ പ്രധാനപ്പെട്ട വിമർശനം. ഇവിടെ The Kerala University of Health

LIBRARY ARCHIVES Kerala Legislative Assembly

Sciences. ഇപ്പോൾ ഇവിടെ കേരളത്തിലെ ആറ് സർവ്വകലാശാലകളുടെ പേര് അടിച്ചുതന്നിട്ടുണ്ട്. ഇത് ഒരു സാധാരണ സർവ്വകലാശാലയാക്കി ഉണ്ടാക്കിയാൽ മതിയോ ? കേരളത്തിൽ ഇന്നു നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ നേരിടുവാൻ വേണ്ടി ഇന്ത്യക്ക് ഏറ്റവും കൂടുതൽ മാതൃകയായിരിക്കുന്ന കേരള സംസ്ഥാനത്തിൽ വരുന്ന ഒരു ആരോഗ്യ സർവ്വകലാശാല, അത് സ്വാഭാവികമായും കേരളത്തിൽ. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാധാരണ സർവ്വകലാശാലയുടെ നിലവാരത്തിലേക്ക് വലിച്ചുയർത്തുവാൻ കഴിയുമോ? ഇന്നിപ്പോൾ ഇതിൽ പറഞ്ഞിരിക്കുന്നതിൽ കേരളത്തിൽ നിലനിൽക്കുന്ന മറ്റ് സർവ്വകലാശാലകളേക്കാൾ എന്ത് വ്യത്യാസമാണ് ഇതിനകത്തുള്ളത് ? ഇതിന്റെ ഘടനയ്ക്കകത്ത് ഒമ്പത് ഇനങ്ങൾ പറയുന്നുണ്ട്. ഇതിനൊരു സെനറ്റ് ഉണ്ടായിരിക്കും. ഗവേണിംഗ് കൗൺസിൽ, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് എക്സാമിനേഷൻസ്, ഫാക്കൽട്ടീസ് എന്നിവ ഉണ്ടാകും. ഒമ്പത് ഘടകങ്ങൾ ഈ സർവ്വകലാശാലയ്ക്കകത്തുണ്ട്. നമ്മുടെ ആദ്യത്തെ സർവ്വകലാശാലയായ കേരള സർവ്വകലാശാലയ്ക്ക് ഈ ഘടകങ്ങളൊക്കെയുണ്ട്. കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ആരോഗ്യ പ്രശ്നം ഫലപ്രദമായി നേരിടുവാനും ലോകത്തെമ്പാടും ഉണ്ടായിട്ടുള്ള ആരോഗ്യപരമായ ഒരു വിപ്ലവത്തിന്റെ ഭാഗമാക്കി കേരള ജനസമൂഹത്തെ മാറ്റുന്നതിനും വേണ്ടി ഈ ബില്ലിനകത്ത് എന്തുണ്ട് എന്ന് ദയവായി ഒന്ന് വിശദീകരിക്കണം. ഈ ബില്ലിനകത്ത് ഒന്നും ഇല്ല. എല്ലാവർക്കും സർവ്വകലാശാലയുണ്ട്. നമുക്കും ഒരു സർവ്വകലാശാലയുണ്ട്. നമുക്ക് ഒരു സർവ്വകലാശാല വേണം. ഇപ്പോൾ ഡിപ്പാർട്ടുമെന്റ് വൈസായി സർവ്വകലാശാല ഉണ്ടാക്കുന്നതിന്റെ ഒരു വലിയ ആക്രാന്തം ഞാൻ കണ്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുള്ള മറ്റ് ബില്ലുകളൊക്കെ പരിശോധിച്ചുകൊള്ളൂ. ആ ബില്ലുകൾക്കകത്ത് സാധാ സർവ്വകലാശാലകളായി വരികയാണ്. ഞാൻ ഏതാണ്ട് നാല്പത് വർഷം മുമ്പ് കേരള യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ള ഒരു വിദ്യാർത്ഥി പ്രവർത്തകനും സർവ്വകലാശാല സമിതികളിൽ ധാരാളം ഇരിക്കുന്നതിന് സന്ദർഭം ലഭിച്ചിട്ടുള്ള ആളുമാണ്. ഈ വിശുദ്ധമായ വേദിയിൽ എന്റെ ബയോഡാറ്റ അവതരിപ്പിക്കുന്നതിനു വേണ്ടി ഞാൻ ഇത് പറയുന്നതല്ല. നാൽപ്പത് കൊല്ലക്കാലത്തിനപ്പുറത്ത് കേരള സംസ്ഥാനത്ത് ഉണ്ടായിരുന്നതിനേക്കാൾ വ്യത്യസ്തമായി ലോകത്തുണ്ടായ വികസനത്തിന്റെയും കണ്ടെത്തലിന്റെയും ഭാഗമായുള്ള ഗുണപരമായ മാറ്റവും നമ്മുടെ ഈ സർവ്വകലാശാലയുടെ ആധാര രേഖയ്ക്കകത്ത് ചേർക്കണം. അത് ചേർത്തില്ല എന്നേയുള്ളൂ. അതൊക്കെ ഞങ്ങൾ മനസ്സിൽ വച്ചിട്ടുണ്ടെന്ന് സാധാരണ മറുപടി പറഞ്ഞ് ഒഴിഞ്ഞാൽ പോരാ. അതുകൊണ്ട് ഈ നിയമത്തിന്റെ കാര്യത്തിൽ അങ്ങ് നിർബന്ധ ബുദ്ധി എടുക്കണം. അങ്ങ് ഇക്കാര്യത്തിൽ വാശി കാണിക്കണം. അങ്ങ് കേരളത്തെ രക്ഷിക്കണം. കേരളത്തെ രക്ഷിക്കണമെങ്കിൽ ഈ ബില്ല് അങ്ങ് അതേ സബ്ജക്ട് കമ്മിറ്റിക്കുതന്നെ കൊടുത്തിട്ട് ഇതിൽ കുറേക്കൂടി മാറ്റങ്ങൾ വരുത്തി വിപുലപ്പെടുത്തി ഉണ്ടാക്കുന്നതിനുള്ള നടപടിയിലേക്ക് വരണം.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ സുഹൃത്തുക്കൾ ഇപ്പോൾ എന്നോട് ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നത് ജീവനക്കാരുടെ കാര്യം ഞാൻ പറഞ്ഞോ എന്നാണ് ? പക്ഷേ പറഞ്ഞാൽ ബധിര കർണങ്ങളിലാണ് കൊള്ളുന്നത് എങ്കിൽപ്പിന്നെ ഞാൻ പറഞ്ഞിട്ട് എന്താ കാര്യം ?

എൻസൈക്ലോപീഡിയ അവിടെ ഇരിപ്പുണ്ടെന്ന് എനിക്കറിയാം. അതുകൊണ്ടാണ് ഞാൻ അങ്ങോട്ട് നോക്കിയത്. പക്ഷേ അങ്ങയുടെ രാഷ്ട്രീയ ബധിരത ഒരിക്കലും തീരില്ല. അതിങ്ങനെ തുടർന്നുകൊണ്ടേയിരിക്കും. പക്ഷേ അതെനിക്ക് ഇഷ്ടമാണ്. അതിന് കാരണവുമുണ്ട്. ആ കാരണം ഞാൻ ഇപ്പോൾ പറയുന്നില്ല. എനിക്ക് അതിനെക്കുറിച്ചൊക്കെ വളരെ ബഹുമാനമുള്ള കാര്യമാണ്. അതുകൊണ്ട് ഈ സർവ്വകലാശാലയ്ക്ക് വ്യത്യസ്തമായ സാഹചര്യമുണ്ടാകണം. നമ്മുടെ സർവ്വകലാശാലകളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് പോകണം. പബ്ലിക് സർവ്വീസ് കമ്മീഷന് കൊടുത്തതിന് ശേഷവും അതിനകത്ത് നിയമനത്തിന്റെ ലിസ്റ്റ് എഴുതുന്ന ആളുകളാണ്. നമ്മുടെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ ധാരാളം നിയമനം നടക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 958 പേരെ സ്ഥിരപ്പെടുത്തി. അവരെ എടുത്തത് പബ്ലിക് സർവ്വീസ് കമ്മീഷനാണോ ? അന്ന് അങ്ങ് പറഞ്ഞത് ഞങ്ങൾ എൻ.ആർ.എച്ച്.എം. പദ്ധതിയുടെ അടിസ്ഥാനത്തിൽ കുറേ ആളുകളെ എടുത്തു എന്നാണ്. എൻ.ആർ.എച്ച്.എം. പദ്ധതി എന്നുപറയുന്നത് ലോകാവസാനം വരെ നിലനിൽക്കുന്ന ഒന്നാണോ. അതൊരു ഫണ്ടിംഗ് സ്കീമാണ്. ഈ സ്കീം എത്രകാലംവരെയുണ്ട്. ഇന്ത്യാ ഗവൺമെന്റ് നീട്ടിയതുകൊണ്ട് കുറച്ചുകാലം കൂടി മുന്നോട്ട് പോകും അതിന്റെ പേരിൽ സ്ഥിരമായി ജോലിക്കാരെ എടുക്കാൻ പറ്റുമോ? എന്നിട്ടും അത്രയും പേരെ എടുത്തു. എടുത്തത് പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കാതെയാണ്. നമ്മൾ മുട്ടിൽ വച്ച് നിയമനം എഴുതി. പണ്ട് നമുക്കൊരു മന്ത്രിയുണ്ടായിരുന്നു. അദ്ദേഹം സിഗരറ്റ് കൂടിന്റെ പുറത്ത് അപ്പോയിന്റ്മെന്റ് ഓർഡർ കൊടുത്തു എന്നാണ് ചരിത്രം. ഇങ്ങനെ മുട്ടിൽ വച്ച് പേരെഴുതിയെടുത്തിട്ടുള്ള ഏതാണ്ട് ആയിരത്തിനടുത്തുള്ള ആളുകളെ ഇവിടെ സ്ഥിരപ്പെടുത്തിയത് ശരിയാണോ. ഈ പിൻവാതിൽ നിയമനം സത്യം പറഞ്ഞാൽ നീതീകരിക്കാൻ കഴിയുന്നതാണോ ? ജോലിയില്ലാത്ത ചെറുപ്പക്കാരുടെ ഹൃദയം പിളർത്തുന്ന വേദനാനിർഭരമായ സാഹചര്യം ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഉണ്ടാക്കാൻ പറ്റുമോ ? കേരളത്തിൽ ഒരു കാലത്ത് ഡി.എം.ഒ. മാർ ആളുകളെ എടുത്ത സന്ദർഭത്തിൽ ബഹളം ഉണ്ടാക്കിയ ഡി.വൈ.എഫ്.ഐ. സഹോദരൻമാരുടെ മുഖം എന്റെ മുന്നിൽ തെളിഞ്ഞു വരികയാണ്. ഇന്നിപ്പോൾ അതിന്റെ ആവർത്തനം പലഭാഗങ്ങളിൽ നടക്കുകയല്ലേ ?. ഒരാളെ നിയമിക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് പതിനൊന്ന് പേരുടെ പേര് വാങ്ങിക്കും നൂറ് പോരെ നിയമിക്കണമെങ്കിൽ 1100 പേരുടെ പേര് വാങ്ങിക്കും. എന്നിട്ട് പാർട്ടി ഓഫീസിൽ നിന്ന് പേര് കൊടുത്തവർക്കെല്ലാം ജോലി കൊടുക്കും. ബാക്കിയുള്ളവർ വീട്ടിൽ പോകും. ഇതാണോ നീതി ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം എത്രയും ഫലപ്രദമാകുന്നതിനുള്ള നിർദ്ദേശം വയ്ക്കുന്നതിന് ഒരു വ്യത്യസ്ത അഭിപ്രായം ഇല്ല. പക്ഷേ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ചുരുക്കം കാലം ഈ വകുപ്പ് കൈകാര്യം ചെയ്തതാണല്ലോ. വഴിവിട്ട നിയമനം നടത്തിയെന്നു പറയുന്നത് യഥാർത്ഥത്തിൽ അന്ന് അങ്ങ് ചെയ്ത കാര്യമാണോ ; രണ്ടാമത്തെ എന്റെ ചോദ്യം, അങ്ങേയ്ക്ക് അവതരിപ്പിക്കാൻ കഴിയാതിരുന്ന ഒരു കാര്യം ബഹുമാന്യയായ ശ്രീമതി ടീച്ചറുടെ കാലത്ത് നടപ്പാക്കുന്നതിലുള്ള അസ്വസ്ഥത കൊണ്ടാണോ അങ്ങ് ഈ ബില്ല് തിരിച്ചയയ്ക്കണമെന്ന് പറഞ്ഞു കൊണ്ടിരിക്കുന്നത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഏന്നെ നോക്കി ഉന്നം വച്ച് ഒരു വെടിവച്ചാൽ ഉടനെ പ്രശ്ന പരിഹാരമാകുമോ ? ആദ്യത്തെ ഗവൺമെന്റ് 1957-ൽ ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ വന്നതല്ലേ ? എന്താ അന്ന് കൊണ്ടുവരാതിരുന്നത്. ഞങ്ങളൊക്കെ അതിനുശേഷം വന്നവരല്ലേ ? എ. ആർ. മേനോൻ അന്ന് മന്ത്രിയല്ലായിരുന്നോ. എന്താ അന്ന് കൊണ്ടു വരാതിരുന്നത് ; ഓരോ കാലത്ത് ഓരോന്നുണ്ട്. ഈ കാലത്ത് ഇതുപോലൊരെണ്ണവും ഉണ്ട്. എന്നെക്കൊണ്ട് വേറെ വല്ലതും കൂടി ചോദിപ്പിക്കാൻ വേണ്ടിയാണ് പറയുന്നതെന്ന് എനിക്കറിയാം. കെ. പി. പ്രഭാകരനും ആ വകുപ്പിലെ മന്ത്രിയായിരുന്നു. അതെന്നെക്കൊണ്ട് പറയിപ്പിക്കരുത്. ഞാൻ ചരിത്രം പറയുന്നതിനുവേണ്ടി ബിൽ എടുത്തതല്ല. പക്ഷേ ഞാൻ പറയുന്നു, ഈ ഒരു ചോദ്യം അങ്ങയുടെ സ്റ്റാന്റേർഡിന് യോജിച്ച ചോദ്യമേയല്ല. അതങ്ങ് പിൻവലിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. നമ്മുടെ സർവ്വകലാശാലയെന്ന ഒരു ഉന്നത തലത്തിൽ ഇതിനെ വീക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. അതാണ് എന്റെ പ്രധാനപ്പെട്ട വിമർശനം.

ഇവിടെ നേരത്തെ പറഞ്ഞ 5-ാം ക്ലാസിനകത്ത് "The objects of the University"-യെക്കുറിച്ച് പറയുന്നുണ്ട്. ഇതിലെ മൂന്നാമത്തെ സബ്ക്ലാസായി പറയുന്നത് 'to regulate the academic standards of the affiliated colleges or institutions ; അത് റെഗുലേറ്റ് ചെയ്താൽ പ്രശ്നം തീരുമോ ? ഇപ്പോൾ ഒരു റെഗുലേഷനെക്കുറിച്ച് ഈ നിയമസഭയിൽ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ഇത് റെഗുലേഷന്റെ പ്രശ്നമൊന്നുമല്ല. ഈ നിയമം റെഗുലേറ്റ് ചെയ്യുന്നതിനു വേണ്ടിയല്ല. ഈ നിയമം സത്യം പറഞ്ഞാൽ എന്തിനാണ്, to update the academic standard of the Medical education. അതാണ് നമുക്ക് വേണ്ടത്. അപ്ഡേറ്റ് ചെയ്യണം. എങ്ങനെ അപ്ഡേറ്റ് ചെയ്യണം ? ഡബിൾ ഡിഗ്രി പ്രോഗ്രാം മറ്റ് സർവ്വകലാശാലകളിലില്ല ; ഇന്ത്യക്ക് അകത്തുമുണ്ട് പുറത്തുമുണ്ട്. രണ്ട് വർഷത്തെ ഒരു ഡിഗ്രി കോഴ്സ് വേണമെന്നുണ്ടെങ്കിൽ ഒന്നേമുക്കാൽ വർഷംകൊണ്ടോ അതല്ലെങ്കിൽ സെമസ്റ്റർ സിസ്റ്റമാണെങ്കിൽ ഒന്നര കൊല്ലം കൊണ്ടോ തീർക്കാൻ കഴിയത്തക്ക വിധത്തിലുള്ള പുതിയ കാഴ്ചപ്പാടുണ്ട്. അവിടെ നോക്കുന്നതെന്താണ്. ഇവർ പഠിച്ചതെല്ലാം അതേപടി എഴുതി വച്ചോ എന്നുള്ളതല്ല. ആ കുട്ടിയുടെ ഗ്രേഡ് വർദ്ധിച്ചിട്ടുണ്ടോ, അക്കാഡമിക്കായ സ്റ്റാന്റേർഡ് വർദ്ധിച്ചിട്ടുണ്ടോ, എക്സ്പെക്റ്റഡ് സ്റ്റാന്റേർഡിന് അപ്പുറത്തേക്ക് അവൻ വന്നിട്ടുണ്ടോ. അതുണ്ടെന്നുവരികിൽ അവന്റെ കാലാവധി ഒന്നര

കൊല്ലമായാലും അവന് ഡിഗ്രി കൺഫർ ചെയ്യുന്ന ഒരു സിസ്റ്റമുണ്ട്. ഈ ബില്ലിന്റെ താളുകളിൽ എന്താണ് അതിനെ സംബന്ധിച്ചുള്ളത്? സർവ്വകലാശാലയുടെ മോഡേൺ ട്രെന്റ് ഉൾക്കൊള്ളണം. ആ മോഡേൺ ട്രെന്റ് ഉൾക്കൊള്ളുമ്പോൾ ലോകത്തെമ്പാടുമുള്ള കാഴ്ചപ്പാടിന്റെ ഒരു പ്രതിഫലനം നമ്മുടെ ബില്ലിനകത്ത് വരണം. അതൊന്നും ഇതിൽ ഇല്ല. ഇത് പാർട്ടിയടിസ്ഥാനത്തിൽ ആക്കരുത്. ഞാൻ പറയുന്നതിനോട് യോജിക്കുന്ന ആളുകൾ അപ്പുറത്തുണ്ടല്ലോ. അതാണല്ലോ ശ്രീ. കുഞ്ഞിരാമൻ അവിടെ നിന്ന് ചോദ്യം ചോദിച്ചതും ഇപ്പുറത്തു നിന്ന് ശ്രീ. സുനിൽകുമാർ അതേ വാദഗതി ഉന്നയിച്ചതും. അപ്പോൾ പാർട്ടി അടിസ്ഥാനത്തിലുള്ള വ്യത്യാസമില്ലല്ലോ. കേരളത്തിലെ ആരോഗ്യരംഗം രക്ഷപ്പെടണമെന്നുള്ള ആഗ്രഹത്തോടുകൂടി അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ പ്രൊപ്പോസൽ പറയും. ആ പ്രൊപ്പോസലിലെ നല്ല കാര്യങ്ങൾ ഉൾക്കൊള്ളുന്നതിനുള്ള സന്ദർഭമുണ്ടാക്കണം. അതിനുവേണ്ടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. 'The objects of the University'- യിൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻസ് എസ്റ്റാബ്ലിഷ് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു പ്രൊവിഷൻ കൂടിയുണ്ടാക്കണം എന്നാണ് എന്റെ അഭിപ്രായം. അതിൽ (viii) ആയി 'to give thrust to epidemiological studies, monitoring and surveillance system of the diseases prevalent in the State;' എന്ന് പറഞ്ഞിട്ടുണ്ട്. To establish research institutions എന്നുള്ളത് ഈ യൂണിവേഴ്സിറ്റിയുടെ ഒരു കടമ തന്നെയായിരിക്കണം. ആ റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻസ് ഉണ്ടായെങ്കിൽ മാത്രമേ ചിക്കുൻഗുനിയ വരുമ്പോൾ ഏത് മരുന്നാണ് കൊടുക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള ആലോചന വരികയുള്ളൂ. അതല്ലെങ്കിൽ എലിപ്പനി വരുമ്പോൾ അതിന് ഏത് മരുന്നാണ് ഉപയോഗിക്കാൻ കഴിയുന്നത് എന്നുള്ള ഒരു പ്രശ്നം വരും. എന്തെങ്കിലും ഒരു അസുഖം വരുമ്പോഴാണ് അതിന് പറ്റുന്ന മരുന്നുണ്ടോ എന്ന് നമ്മൾ തപ്പിപ്പോകുന്നത്.

കേരളം പോലുള്ള സംസ്ഥാനത്ത് നമ്മുടെ ഇന്നത്തെ കാലാവസ്ഥയിൽ വരാൻ സാധ്യതയുള്ള രോഗം ഇന്നതാണ് എന്ന് കണ്ടുകൊണ്ട് ആ രോഗങ്ങൾക്ക് പ്രതിവിധിയുണ്ടാക്കാൻ കഴിയുന്ന ഒരു റിസർച്ച് കൂടി നമുക്ക് നടത്താൻ കഴിയണം. ചിക്കുൻഗുനിയ പടർന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു യു.ഡി.എഫ്.-ന്റെ കാലത്ത് കൊതുകിനെ നമ്മൾ സംഭരിച്ചുവച്ചതാണ് എന്ന്. ആ കൊതുക് നമ്മൾ വന്നപ്പോൾ പുറത്തിറങ്ങി. അത് കുത്തി. ഉടനെ ചിക്കുൻഗുനിയയായി. അതെല്ലാം യു.ഡി.എഫ്. ചിക്കുൻഗുനിയയാണെന്ന്. ഇതൊക്കെ ശരാശരി രാഷ്ട്രീയ പ്രസംഗം എന്നല്ലാതെ വേറെ വല്ലതും ഉണ്ടോ? കേരളത്തിന്റെ സാഹചര്യത്തിൽ വരാൻ സാധ്യതയുള്ള അസുഖങ്ങളുണ്ട്. കേരളം എന്നുപറയുന്നത് ഒറ്റപ്പെട്ട ഒരു സംസ്ഥാനമല്ല. കേരളത്തിലെ ധാരാളം ആളുകൾ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലേക്കും രാജ്യത്തിന് പുറത്തേക്കും പോകുന്നുണ്ട്. അവർ മടങ്ങി വരുമ്പോൾ വരാൻ സാധ്യതയുള്ള രോഗങ്ങൾ ഇന്നതാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയണം. അതിനുള്ള പ്രതിവിധി കൂടി നമുക്ക് കണ്ടെത്താൻ കഴിയണം. മെഡിക്കൽ ഈഗോയിസം. പ്രൊഫഷണൽ ഈഗോയിസം ധാരാളം നമ്മുടെ മെഡിക്കൽ വകുപ്പിനകത്തുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനൊരു പ്രോപ്പർ കോ-ഓർഡിനേഷൻ ഉണ്ടാക്കാൻ നമ്മൾ ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ടല്ലേ ഒരു മരുന്നുകൊണ്ട് ഒരു വിഭാഗത്തിൽപ്പെട്ട ആളുകൾ പോകുമ്പോൾ ഈ മരുന്ന് ശരിയല്ല എന്ന് പറഞ്ഞ് മറുമരുന്നുകൊണ്ട് മറ്റൊരു വിഭാഗത്തിൽപ്പെട്ടവർ മെഡിക്കൽ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രൊഫഷണൽ ഈഗോയിസം ധാരാളമുള്ള ഒരു മേഖലയാണെന്ന് അങ്ങേക്കും അറിയാമല്ലോ. ഈഗോയിസം കുറച്ച് കൊണ്ടുവന്ന് ഇതിനെ കോ-ഓർഡിനേറ്റ് ചെയ്യത്തക്ക വിധത്തിലുള്ള എന്ത് പ്രായോഗിക നിർദ്ദേശമാണ് നമ്മുടെ ഈ ബില്ലിനകത്തുള്ളത് എന്ന് പരിശോധിക്കണം.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 12.30 മുതൽ ധനവിനിയോഗ ബിൽ ചർച്ചയ്ക്കെടുക്കുകയാണ്. അതിനുശേഷം ചർച്ച തുടരാം.

(ചർച്ച തുടരും)

VII ധനകാര്യം

2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരനടപടികളും

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഡോ. തോമസ് ഐസക് : സർ, ഞാൻ 2010-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ചർച്ച ആരംഭിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സാമ്പത്തിക രംഗത്ത് ഒരു ബദൽ നയം അവതരിപ്പിച്ചുകൊണ്ടാണ് എല്ലാ ജനവിഭാഗങ്ങളുടേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റേയും ധനവകുപ്പിന്റേയും നേട്ടമായി കാണാൻ കഴിയുന്നത്. വികസന പ്രവർത്തനങ്ങൾക്ക് പണം ഒരു തടസ്സമല്ലെന്ന് തെളിയിച്ച കാലഘട്ടമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണകാര്യം (തുടർച്ച)

2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ (ചർച്ച തുടർച്ച)

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ബില്ലിനുമേലുള്ള ചർച്ച തുടരാം. നേരത്തെ. 21 മിനിട്ട് എടുത്തിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 21 മിനിട്ട് തമാശയൊക്കെ പറഞ്ഞ കൂട്ടത്തിൽ വന്നുപെട്ടുപോയതാണ്.

മി. സ്പീക്കർ : ബില്ലിന്റെ ഇടയിലാണോ തമാശ പറയുന്നത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സീരിയസായിട്ടാണ് എടുത്തത്. അപ്രോപ്രിയേഷൻ പോൾ ചെയ്തില്ലല്ലോ ?

മി. സ്പീക്കർ : ചോദിച്ചല്ലോ. അനങ്ങിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഈ ബില്ലിനകത്ത് പോരായ്മകളുണ്ട്. അതുകൊണ്ട് പൊതുജനാഭിപ്രായം തേടുന്നതിനായിരിക്കണമെന്നു തന്നെയാണ് എന്റെ ആവശ്യം. അതിന് ന്യായമായ ചില കാര്യങ്ങളും ഞാൻ ഇവിടെ പറയുകയുണ്ടായി. ഹെൽത്ത് സർവ്വകലാശാലയിൽ ചാൻസിലർ. അവിടെ കൂട്ടം കൂടി നിൽക്കുന്നതുകൊണ്ട് മന്ത്രിയെ കാണാൻ കഴിയുന്നില്ല.

മി. സ്പീക്കർ : ശ്രീ. വി. എൻ. വാസവൻ, ശ്രീ കെ. കുഞ്ഞിരാമൻ .....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എനിക്ക് മന്ത്രിയെ ഒന്ന് കണ്ടാൽ മതി. വേറെ പ്രശ്നമൊന്നുമില്ല.

മി. സ്പീക്കർ : നേരിട്ട് സംസാരിക്കാനാണോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ബിൽ പൈലറ്റ് ചെയ്തത് മന്ത്രിയല്ല. മാത്രമല്ല ഇവിടെ ഞാൻ പറഞ്ഞ ഒരു പ്രൊപ്പോസൽ ടീച്ചറിന്റെ ഭേദഗതിയായിട്ട് വന്നിട്ടുണ്ട്. അപ്പോൾ ഇനി മുഖം നോക്കി പറഞ്ഞാൽ ഒന്നും കൂടെ വന്നെങ്കിലോ. അത് കരുതിയാണ്. ഇപ്പോൾതന്നെ ഒരു അമെന്റ്മെന്റ് ഒഫിഷ്യൽ അമെന്റ്മെന്റായി വന്നിട്ടുണ്ട്. ഞാൻ അതിൽ നന്ദി പറയുകയാണ്.

ചാൻസിലർ, വൈസ് ചാൻസിലർ എന്ന് തുടങ്ങി പ്രോ-ചാൻസിലർ. രജിസ്ട്രാർ ഇങ്ങനെ യൂണിവേഴ്സിറ്റിയിൽ ഓഫീസേഴ്സ് ഉണ്ട്. അതിനകത്ത് ചാൻസിലറുടെ കൈക്ക് ചങ്ങലയിട്ടിരിക്കുകയാണ്. ഗവർണർ എന്നുള്ള ഒഫീഷ്യൽ സ്റ്റാറ്റസ് വച്ചാണ് ചാൻസിലർ ആകുന്നത്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും ചാൻസിലറായി വരുന്നത് ഗവർണറാണ്. ഇവിടെയും ഗവർണറെ ചാൻസിലറായി വച്ചിട്ടുണ്ട്. ആ ചാൻസിലറെ ചെറുതായിട്ടൊന്ന് ആക്ഷേപിച്ചിട്ടുണ്ട്. ചാൻസിലർ, പ്രോ-ചാൻസിലർ ആന്റ് ഓഫീസേഴ്സ് ഓഫ് ദി യൂണിവേഴ്സിറ്റി എന്ന 7-ാം വകുപ്പിനകത്തെ 4-ാം ഉപവകുപ്പിൽ രണ്ടാമത്തെ പാരഗ്രാഫ്. Provided that, before making any such order, the Chancellor shall call upon the University, authority, body, committee or, as the case

LIBRARY ARCHIVES Kerala Legislative Assembly

may be, the officer to show cause within the period specified, why such an order should not be made, and if any cause is shown, the Chancellor shall consider the same and wherever he deems it necessary, after consulting the Government, decide the action to be taken in the matter, and such decision shall be final. ചാൻസിലർക്ക് ചങ്ങലയിട്ടിരിക്കുകയാണ്. ഗവൺമെന്റുമായി ആലോചിച്ചതിനുശേഷം മാത്രമേ തീരുമാനം എടുക്കാൻ പറ്റുകയുള്ളൂ എന്നാണ്. യൂണിവേഴ്സിറ്റിയുടെ ചാൻസിലറായി വരുന്ന ചാൻസിലർക്ക് ipso facto ചില അധികാരങ്ങളുണ്ട്. ആ ചാൻസിലറുടെ അധികാരം ഗവൺമെന്റ് മറുവഴിയിലൂടെ പിടിച്ചെടുക്കുകയാണ്. It shall be the duty of the Chancellor to consult with the Government and he can take a decision. അതൊരു മാൻഡേറ്ററി പ്രൊവിഷനാക്കി വച്ചിരിക്കുകയാണ്. ചാൻസിലർ ഗവൺമെന്റുമായിട്ട് ആലോചിച്ചിരിക്കണമെന്നാണ് പറയുന്നത്. അങ്ങനെ ഒരു സർവ്വകലാശാലയുടെ ചാൻസിലറെ ഇങ്ങനെ ഗവൺമെന്റിന്റെ ഒരു ചങ്ങലയ്ക്കകത്ത് ഇട്ട് പൂട്ടുന്നത് ശരിയാണോ? യഥാർത്ഥത്തിൽ ചാൻസിലർ പൊസിഷനിൽ നിൽക്കുന്ന ഗവർണർക്കുപോലും അത് അപമാനമാണ് എന്നുതന്നെയാണ് എന്റെ അഭിപ്രായം. ഇതിനകത്തെ ഉപവകുപ്പ് 6(i) The Chancellor shall have the right to cause an inspection ..... ചാൻസിലർക്ക് ഇൻസ്പെക്ഷൻ നടത്താനുള്ള അധികാരമുണ്ട്. എന്നിട്ട് എവിടെയൊക്കെയാണ് നമ്മുടെ ചാൻസിലർ ഇൻസ്പെക്ട് ചെയ്യുന്നത് എന്ന് പരിശോധിച്ചുനോക്കണം. ചാൻസിലർക്ക് യൂണിവേഴ്സിറ്റിയിൽ ഇൻസ്പെക്ട് ചെയ്യാം, അതിന്റെ ബിൽഡിംഗിൽ ഇൻസ്പെക്ട് ചെയ്യാം, ആശുപത്രികളിൽ ഇൻസ്പെക്ട് ചെയ്യാം, ലൈബ്രറികളിൽ ഇൻസ്പെക്ട് ചെയ്യാം, മ്യൂസിയത്തിൽ ഇൻസ്പെക്ട് ചെയ്യാം, വർക്ക്ഷോപ്പിൽ ഇൻസ്പെക്ട് ചെയ്യാം, മറ്റ് എക്യൂപ്മെന്റ്സ് എന്തെങ്കിലുമുണ്ടെങ്കിൽ അവിടെയും പോയി ഇൻസ്പെക്ട് ചെയ്യാം. സർവ്വകലാശാലയുടെ ചാൻസിലറായ ഗവർണർ ചെയ്യേണ്ട പണിയാണോ ഇത്? ആത്മാഭിമാനമുള്ള ഏതെങ്കിലും ഒരു ഗവർണർ നമ്മുടെ ഈ ആശുപത്രികളിലെ ഏതെങ്കിലും എക്യൂപ്മെന്റ്സ് ഇൻസ്പെക്ട് ചെയ്യാൻ വേണ്ടി വരുമോ? ആ പദവിയിൽ ഇരിക്കുന്ന ഒരു മഹാമനുഷ്യനെ അപമാനിക്കുകയാണ്. ഏതായാലും ചാൻസിലറായി വരുന്ന ആളിന് ഇത് വലിയ അപമാനമാണ്. മാത്രമല്ല ഈ ചാൻസിലർ ഇൻസ്പെക്ട് ചെയ്യാൻ പോകുന്ന സമയത്ത് ചാൻസിലറുടെ കൂട്ടത്തിൽ ഒരു പ്രതിനിധിയെ കൂടി വിടുമെന്നാണ് പറയുന്നത്. രണ്ടാമത്തെ ഭാഗത്ത് (6)(ii) The Chacellor shall, in every case, give due notice to the University of his intention to cause an inspection or inquiry to be made and the University shall be entitled to appoint a representative. .....;. അങ്ങനെ നമ്മുടെ ഗവർണർ ഈ ആശുപത്രിയിലെ ഏതെങ്കിലും എക്യൂപ്മെന്റ് പരിശോധിക്കാൻ, ആശുപത്രി കെട്ടിടം പരിശോധിക്കാൻ വേണ്ടി വരുമ്പോൾ അതിന്റെ കൂട്ടത്തിൽ ഒരു പ്രതിനിധി വരും. ആരായിരിക്കും പ്രതിനിധി? അവിടത്തെ വാച്ചറെ വിട്ടാലും പ്രതിനിധിയാകും. ഇന്ത്യയിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ ഇങ്ങനെ എഴുതിവച്ചിട്ടുണ്ടാകുമോ? 21-ാം നൂറ്റാണ്ടിന്റെ ആദ്യ പാതത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്ന നമ്മുടെ ആരോഗ്യ രംഗത്തെ ലോകനിലവാരത്തിലേക്ക് കൊണ്ടു വരുന്നതിനുവേണ്ടി മാത്രമായി നമ്മൾ ഉണ്ടാക്കിയിരിക്കുന്ന ഒരു നിയമത്തിന് കത്ത് നമ്മൾ പറയുന്നു ചാൻസിലറായ ഗവർണർ ഇൻസ്പെക്ട് ചെയ്യുന്ന സ്ഥലങ്ങളിൽ ചാൻസിലറോടൊപ്പം ഒരു പ്രതിനിധിയെ കൂടി നിയോഗിക്കും. പ്രതിനിധി ആരാണെന്ന് വ്യക്തതയില്ല. ഏതെങ്കിലും ഒരു പ്രതിനിധി എന്ന് പറഞ്ഞാൽ പേ റോളിനകത്ത് ശമ്പളം പറ്റിക്കൊണ്ടിരിക്കുന്ന വാച്ചറായാലും പ്രതിനിധിയാകും. അങ്ങനെ ചാൻസിലർ സ്ഥാനത്തിരിക്കുന്ന ഒരാളിനെ അപമാനിക്കുന്നത് ശരിയല്ല. ഗവൺമെന്റ് കാണിച്ചത് ഏറ്റവും വലിയ തെറ്റായിപ്പോയി. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുകയാണ്.

നമ്മുടെ മെഡിക്കൽ കോളേജുകൾ യൂണിവേഴ്സിറ്റി ആക്കി മാറ്റുമ്പോൾ അവിടത്തെ ഫാക്കൽറ്റിയെ കുറിച്ച് ഒരു തീരുമാനം വേണം. ഗവൺമെന്റിന്റെ അഞ്ച് മെഡിക്കൽ കോളേജുകളുണ്ട്. അതുമാത്രം എടുക്കാം. അതിനപ്പുറത്തുള്ളതിലേക്ക് നമ്മൾ ഇപ്പോൾ പോകണമെന്നില്ല. സ്പെഷ്യാലിറ്റി കേഡറിലുള്ള ഫാക്കൽറ്റികൾ എല്ലാ മെഡിക്കൽ കോളേജുകളുമില്ല. കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിലും ഒരേ ദിവസം ഒരേ സമയം ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ഇൻസ്പെക്ഷൻ വയ്ക്കാൻ തീരുമാനമെടുത്താൽ ചില മെഡിക്കൽ കോളേജുകൾ പൂട്ടേണ്ടിവരും. അവിടെ സ്പെഷ്യാലിറ്റി കേഡറിൽ ഡോക്ടർമാരില്ല. ഞാൻ നേരത്തെ ഇവിടെ ചോദിച്ച ചോദ്യത്തിന് ഉത്തരമായിട്ട് എനിക്ക് മറുപടി കിട്ടിയിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറുകളിൽ ഡോക്ടർമാർ ഇല്ലാത്ത നമ്പറുകൾ നമ്മുടെ കൈയിലുണ്ട്. അങ്ങനെ സ്പെഷ്യാലിറ്റിയിലുള്ള നമ്മുടെ ഫാക്കൽറ്റിയെ പൂർണ്ണമാക്കുന്നതിനുപോലും ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്നുള്ള പ്രശ്നം ഇവിടെ നിൽക്കുകയാണ്. ഇതൊന്നും വിമർശനകുതുകിയായി കുറ്റം കണ്ടെത്തുന്നതിനുവേണ്ടി നടത്തുന്ന പരിവേഷണമാണെന്ന് പറഞ്ഞ് ആക്ഷേപിക്കാൻ ശ്രമിക്കരുത്. ഇത് നമ്മുടെ നാട്ടിലെ ഏറ്റവും സുപ്രധാനമായ പ്രശ്നമായി നിൽക്കുകയാണ്. അതുകൊണ്ട് നമ്മുടെ സ്പെഷ്യാലിറ്റി കേഡറുകളിൽ ഡോക്ടർമാരെ വയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി കൂടി ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകണം.

കോട്ടയം മെഡിക്കൽ കോളേജിൽ ഈ അടുത്ത സമയത്ത് ഒരു സംഭവം ഉണ്ടായി. അത് മനഃസാക്ഷിയുള്ള ഏത് മനുഷ്യനെയും ഞെട്ടിക്കുന്നതാണ് ആശുപത്രിയുടെ മോർച്ചറിയിൽ വക്കേണ്ട ഡെഡ് ബോഡി ഒരു പേഷ്യന്റിന്റെ കൂടെ കൊണ്ടുപോയി കിടത്തി. രാവിലെ മുതൽ ഈ പേഷ്യന്റ് ഈ ഡെഡ് ബോഡി നോക്കിയിരിക്കുകയാണ്. ഉച്ച കഴിഞ്ഞപ്പോൾ കിടന്ന പേഷ്യന്റും കൂടി മരിച്ചു. ഇങ്ങനെ എത്രയോ സംഭവങ്ങൾ നമ്മുടെ കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ നടക്കുന്നുണ്ട്. അതിനെതിരായിട്ട് നടപടികൾ ഉണ്ടാകണം. അങ്ങനെ ഒരു സംഭവം ഉണ്ടാകാൻ അനുവദിക്കരുത്. ചത്തവനെ പിടിച്ച് ജീവനുള്ളവന്റെ ബെഡിൽ കിടത്തുക. അത് കണ്ട് ജീവനുള്ളവന്റെ ജീവനും നഷ്ടപ്പെടുക. അങ്ങനെ ഒന്നുവച്ചാൽ രണ്ട് കിട്ടുമെന്നുള്ള മട്ടിൽ ജീവനുള്ള ആളുകളെവരെ കൊല്ലിക്കുന്ന രൂപത്തിലേക്ക് ഇത് കൊണ്ടുപോകുന്നത് ശരിയല്ല. അതുകൊണ്ട് അതിനാവശ്യമായ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ അഞ്ച് നേരത്തെ സംസാരിച്ചപ്പോൾ 57 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് പ്രൊമോഷൻ കൊടുക്കാൻ തീരുമാനിച്ചതായി പറഞ്ഞു. പ്രമോഷൻ കൊടുക്കുന്നതിന് മുമ്പുള്ള ചില നിബന്ധനകളുണ്ട്. അവർ ഫർദർ ക്വാളിഫൈയിംഗ് കോഴ്സ് പാസ്സായിരിക്കണം. ഈ ഗവൺമെന്റിന്റെ പെർമിഷനില്ലാതെ ക്വാളിഫൈയിംഗ് കോഴ്സിന് വേണ്ടി പോയിട്ടുള്ള 57 പേരുടെ പേര് വായിച്ചാൽ അറിയാം അവരുടെ ചായ്വ് എങ്ങോട്ടാണെന്ന്. അവർ ഇടത്തോട്ട് ചായുന്നോ, വലത്തോട്ട് ചായുന്നോ എന്ന് ആ പേര് വായിച്ചാൽ അറിയാം. അങ്ങേക്ക് നന്നായിട്ട് അറിയാമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ക്ലാസ്-4 ജീവനക്കാരുടെ അനധികൃത പ്രൊമോഷന് എൻ.ഒ.സി. കൊടുത്തിട്ടുണ്ടോ എന്ന് അങ്ങ് പരിശോധിക്കണം. വ്യാജ സർട്ടിഫിക്കറ്റിന്റെ കോപ്പി അങ്ങേക്ക് കാണാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിന്റെ കോപ്പി ഞാൻ നൽകാം. ഇത് ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ സർട്ടിഫിക്കറ്റാണ്. അവിടെ പാസ്സായി എന്നാണ് പറയുന്നത്. പക്ഷേ ഇത് ട്രെയിനിംഗിന് പോയി എന്നുള്ള സർട്ടിഫിക്കറ്റാണ്. ഈ സർട്ടിഫിക്കറ്റിനകത്ത് 'The President and Members of the Governing Council and the Director General of All India Institute of Local Self Government certify that....' ആളിന്റെ പേര് ഞാൻ പറയുന്നില്ല '....has been examined for the Diploma of Sanitary Inspectors' Training Course at Thiruvananthapuram എന്ന് പറഞ്ഞതിനുശേഷം '...and he has been declared successful. The said diploma course has been recognized by.....' എന്ന് പറഞ്ഞ് ഇവിടെ എഴുതിയിരിക്കുകയാണ്. ഗവൺമെന്റിന്റെ പെർമിഷനില്ലാതെ പോയതാണ്. ട്രെയിനിംഗ് കോഴ്സ് കഴിഞ്ഞ് മടങ്ങി വന്നപ്പോൾ ഡിപ്ലോമ എന്ന് പറഞ്ഞ് സർട്ടിഫിക്കറ്റ് വാങ്ങിക്കുകയാണ്. ആ ഡിപ്ലോമയുള്ള ആളിന് എങ്ങനെയാണ് പ്രൊമോഷൻ കൊടുക്കുന്നത്? ഇത് പിൻവാതിൽ നിയമനം പോലെ തന്നെ ഏറ്റവും രൂക്ഷമല്ലേ? വ്യാജ സർട്ടിഫിക്കറ്റുമായി വരുന്നയാളുകൾ അർഹതയുള്ള എത്രയോ ആളുകളുടെ മേൽ ചവിട്ടി കയറുകയാണ്. അങ്ങേക്ക് ആവശ്യമുണ്ടെങ്കിൽ റഫറൻസിനുവേണ്ടി സർട്ടിഫിക്കറ്റിന്റെ കോപ്പി തരാം. ഇത് പരിശോധിക്കണം. അങ്ങയുടെ ഓഫീസിൽ നിന്നാണ് ഇതിന്റെ നിർദ്ദേശം കൊടുത്തത് എന്നുള്ളതാണ് അതിവ ഗുരുതരം. അങ്ങ് അറിഞ്ഞിട്ടുണ്ടോ എന്നറിയില്ല. നിർദ്ദേശം കൊടുത്തയാളിന്റെ പേര് എനിക്കറിയാം. പക്ഷേ ഞാൻ നിയമസഭയുടെ ഇമ്മ്യൂണിറ്റി വിനിയോഗിച്ചു കൊണ്ട് ഒരു വ്യക്തിയെ ആക്ഷേപിക്കാൻ ശ്രമിക്കാത്തതുകൊണ്ട് ഞാൻ ആ വ്യക്തിയുടെ പേര് പറയുന്നില്ല. വേണമെങ്കിൽ ഞാൻ സഭാമുഖേന പറഞ്ഞു തരാം. ഈ കോഴ്സിനെക്കുറിച്ച് ഡി.എച്ച്.എസ്. അന്വേഷണം നടത്തി. പരാതി വന്നപ്പോൾ മെഡിക്കൽ ഡയറക്ടർ അതിനെക്കുറിച്ച് അന്വേഷണം നടത്തി. അന്വേഷണത്തിനകത്ത് പരാതിയിൽ പറയുന്ന കാര്യങ്ങളൊക്കെ ശരിയാണ് എന്ന് ഡി.എച്ച്.എസ്. റിപ്പോർട്ട് ചെയ്തു. ഡി.എച്ച്.എസ്. റിപ്പോർട്ട് ചെയ്തു കഴിഞ്ഞപ്പോൾ അങ്ങയുടെ ഓഫീസിലെ പ്രൈവറ്റ് സെക്രട്ടറി പറഞ്ഞു അയോഗ്യരാണെന്ന് ഡിഎച്ച്എസ്. കണ്ടെത്തിയെങ്കിലും എൻ.ഒ.സി. വാങ്ങിയിട്ടില്ല എന്നുള്ളത് സത്യമാണെന്ന് വരുകിലും ഈ പ്രൊമോഷൻ അംഗീകരിക്കാൻ

[2.00 PM]

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഡയറക്ട് ചെയ്യുന്നു എന്ന് ഡി.എച്ച്.എസ്.-ന് ഡയറക്ഷൻ കൊടുത്തു. ഇത് ശരിയാണോ ? പുതിയ സർവ്വകലാശാല വരട്ടെ. അതോടൊപ്പം ഇവിടെയിരിക്കുന്ന ഈ കള്ള നാണയങ്ങളെ തുത്തു കളയത്തക്ക വിധത്തിലുള്ള നടപടിയുണ്ടാവട്ടെ. നമ്മുടെ ഗസക്രട്ടേറിയറ്റിനകത്താണ് ഇത് നടക്കുന്നത്. തട്ടിപ്പ് നിയമനങ്ങൾ. വയനാടിലും. പാലക്കാടിലും. കേരളത്തിൽ മറ്റു പല ജില്ലകളിലും നടക്കുമ്പോഴും നമ്മുടെ സെക്രട്ടേറിയറ്റ് ഇതിൽനിന്നെല്ലാം അതീതമാണ് എന്നൊരു വാദഗതി ഗവൺമെന്റ് പറഞ്ഞിരുന്നു. സെക്രട്ടേറിയറ്റിൽ നിന്നും വ്യാജ സർട്ടിഫിക്കറ്റുമായി വരുന്നയാളുകൾക്ക് ഗവൺമെന്റ് ഡയറക്ഷൻ ചെയ്യുന്നുവെന്ന് പറയുന്നു. ഇത് തെറ്റാണെന്നെഴുതിയ ഹെൽത്ത് സെക്രട്ടറിയോട് പറയുന്നു ഇത് ഗവൺമെന്റിന്റെ ഡയറക്ഷനാണെന്ന്. ആ ഉത്തരവ് കൊടുക്കുന്നത് അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറിയാണ്. അങ്ങ് ഡയറക്ട് ചെയ്താൽ ഞാൻ മനസ്സിലാക്കാം. അങ്ങ് ജനപ്രതിനിധിയാണ്. പക്ഷേ സർക്കാർ ഖജനാവിൽനിന്നും ശമ്പളം പറ്റുന്ന ഒരു പ്രൈവറ്റ് സെക്രട്ടറിയാണ് ഡയറക്ഷൻ കൊടുക്കുന്നത്. അതും വ്യാജ സർട്ടിഫിക്കറ്റ് അംഗീകരിക്കണമെന്നന്ന് ഗവൺമെന്റ് പറയുന്നത് വളരെ നീതി രഹിതമാണ്. അതിനപ്പുറത്തേക്ക് ആ വാക്കുകളുടെ ഓർബിറ്റ് ലംഘിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അത് സംസ്ക്കാരപരമായ ഒരു പ്രതലത്തിൽ നിൽക്കട്ടെ എന്നുള്ളതുകൊണ്ട് ഞാൻ അവിടംകൊണ്ട് അവസാനിപ്പിക്കുകയാണ്. അവിടെ പലതും ചീഞ്ഞു നാറുന്നുണ്ട്. അങ്ങ് പരിശോധിക്കണം. എനിക്ക് അങ്ങയുടെ മുഖത്തുനോക്കി അത് പറയാൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും പറയാതിരിക്കാൻ പറ്റുമോ? യഥാർത്ഥത്തിൽ ഇതൊക്കെ അങ്ങ് അറിയുന്നുണ്ടോ എന്നൊന്നും എനിക്കറിയില്ല. പക്ഷേ അവിടെ നടന്നുകൊണ്ടിരിക്കുന്ന സംവേങ്ങൾ ഇതാണ്. വ്യാജ സർട്ടിഫിക്കറ്റ് വാങ്ങിയ ആളുകൾക്ക് ആവശ്യമായ തുപത്തിൽ സംരക്ഷണം കൊടുക്കുന്നതിനുവേണ്ടി ഒരു വ്യൂഹം അവിടെ പ്രവർത്തിക്കുകയാണ്. നമ്മുടെ മെഡിക്കൽ വിദ്യാഭ്യാസത്തേയും ആരോഗ്യ രംഗത്ത് നമ്മൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന സുതാര്യമായ സമീപനത്തേയും നമ്മൾ ഇത്രയും കാലമായി ഉയർത്തിക്കൊണ്ടുവന്ന ചില നടപടികളേയുമെല്ലാം അട്ടിമറിക്കത്തക്ക വിധത്തിലുള്ള നടപടിയാണ് നടക്കുന്നത്. അതുകൊണ്ട് ഈ അഴിമതി നിറഞ്ഞ സാഹചര്യം തുത്തെറിയുന്നതിനുവേണ്ടിയുള്ള സമീപനം കൂടി ഉണ്ടായേ മതിയാകൂ എന്ന് തന്നെയാണ് എന്റെ ശക്തമായ ആവശ്യം.

ശ്രീ. തോമസ് ചാഴികാടൻ അവതരിപ്പിച്ച ഭേദഗതിയ്ക്കകത്ത് ന്യൂനപക്ഷ സമൂഹത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ഭരണഘടനാ അവകാശങ്ങൾക്കുള്ള സംരക്ഷണം നിലനിർത്തിക്കൊണ്ടും സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടും മുന്നോട്ടു പോകണം എന്നുള്ളതാണ് 47-ാമത്തെ ഭേദഗതി. 'Chapter VI - Admissions and other matters relating to students.' അതിൽ പറയുന്നത്. '....subject to the rights of the minority educational institutions. admission to all courses in the University departments and affiliated colleges shall be made in accordance with the reservation policy of Government for the weaker sections.... ഞാൻ ഒരു അമെന്റുമെന്റ് കൂടി അവിടെ പറയുന്നു,. 'including eeonomically weaker sections' അത്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റിന്റെ നന്മയായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഹൈക്കോടതിയിൽ ഗവൺമെന്റ് കേസ്സ് നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് സാമ്പത്തികമായി പാശ്ചാത്തലം അനുഭവിച്ചുകൊണ്ടിരിക്കുന്നവരുടെ അഡ്മിഷന്റെ കാര്യത്തിൽ ഗവൺമെന്റ് ഒരു നടപടിയെടുത്തതായിട്ടാണ് ഞാൻ പത്രങ്ങളിൽ കാണുന്നത്. ഒരു ഗവൺമെന്റിന് മണ്ട് നയമുണ്ടോ? ഒരു ഗവൺമെന്റ് ഒരു നയം വിദ്യാഭ്യാസരംഗത്ത് എടുക്കുകയാണെങ്കിൽ ആ നയത്തിന്റെ എക്സ്റ്റൻഷനായിരിക്കണം അടുത്ത നിയമത്തിൽ വരുന്നത്. പക്ഷേ ഈ നിയമത്തിൽ അത് കൊണ്ടു വരാത്തത് ബോധപൂർവ്വമാണോ? ഈ നിയമത്തിനകത്ത് സാമ്പത്തികമായി പരാധീനതയനുഭവിക്കുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പാവങ്ങളെ എന്തിനാണ് കണ്ടില്ല എന്ന് നടിക്കുന്നത്? ആ പാവങ്ങൾക്കുകൂടി ഈ ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ 'including economically weaker sections' എന്ന് എഴുതി അവരെകൂടി പ്രൊട്ടക്ട് ചെയ്യുന്നതിനു വേണ്ടിയുള്ള നടപടിയിലേക്ക് പോകണം. അതുകൊണ്ട് സമൂലമായ ഒരു മാറ്റം ഈ ബില്ലിനകത്ത് ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം എന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു.

ശ്രീ. സി. എം. ദിനേശ് മണി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ പ്രധാനപ്പെട്ട ഒരു യൂണിവേഴ്സിറ്റിക്കാണ് നമ്മൾ രൂപം കൊടുക്കുന്നത്. ഒരുപക്ഷേ കേരളത്തിലെ ഏറ്റവും വലിയ യൂണിവേഴ്സിറ്റിയായിരിക്കും ഇത്. കേരളം ആരോഗ്യ വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ നിൽക്കാൻ അനുയോജ്യമായ ഒരു യൂണിവേഴ്സിറ്റിയാണ് ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിനുള്ള പരിശ്രമം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ആരംഭിച്ചു. ഈ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻവേണ്ടിയുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനായി 2006 ഡിസംബർ 2-ന് ഡോ. ഇക്ബാലിന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. ആ കമ്മിറ്റി 2007 ഏപ്രിൽ 7-ന് റിപ്പോർട്ട് സമർപ്പിച്ചു. തൃശൂർ ആസ്ഥാനമായി രൂപീകരിക്കാൻ പോകുന്ന ഈ യൂണിവേഴ്സിറ്റിയുടെ പ്രത്യേകതയും വളരെ പ്രാധാന്യമുള്ളതാണ്. കേരളം ആരോഗ്യ പരിപാലന രംഗത്ത് വളരെ മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ്. നമുക്ക് അതിന്റേതായ നല്ല പാരമ്പര്യമുണ്ട്. ആ പാരമ്പര്യത്തിനനുയോജ്യമായ സംവേദങ്ങളല്ല ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച സുഹൃത്തുക്കൾ പറഞ്ഞത് വൈദ്യശാസ്ത്ര ഗവേഷണ രംഗത്തെ സംബന്ധിച്ച് ഈ ബില്ലിൽ പ്രത്യേകമായി ഒന്നും പറയുന്നില്ല എന്നാണ്. ഈ സർവ്വകലാശാലയുടെ ഒന്നാമത്തെ ലക്ഷ്യമായിട്ട് പറയുന്നത് വൈദ്യശാസ്ത്ര ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോൽസാഹിപ്പിച്ചുകൊണ്ടും വൈദ്യശാസ്ത്രങ്ങളുടെയും അനുബന്ധമേഖലയിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്. ഗവേഷണ രംഗത്താണ് ഏറ്റവും കൂടുതൽ ഊന്നൽ നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ ആരോഗ്യ ആസൂത്രണത്തിനും ആരോഗ്യ നയരൂപീകരണത്തിനും നേതൃത്വം നൽകുക എന്നുള്ളതാണ് ഇതിന്റെ പരമമായ ലക്ഷ്യം. ആരോഗ്യ ആസൂത്രണമെന്നുള്ളത് ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രധാന്യമുള്ള ഒരു കാര്യമാണ്. മറ്റ് സാമൂഹിക വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളീയരുടെ ജീവിതശൈലി വളരെ ലളിതമാണ്. അത് പ്രകൃതിയോട് ഏറ്റവും കൂടുതൽ ഇണങ്ങിയ ഒരു ജീവിതശൈലിയാണ്. നമ്മൾ പ്രകൃതിയോട് മല്ലടിച്ച് ജീവിക്കുന്നവരല്ല. പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന ഒരു ജീവിതശൈലി നമുക്കുണ്ട്. അതുകൊണ്ട് കേരളീയരുടെ ശരീരസൗന്ദര്യവും പെരുമാറ്റവും ജീവിതവും മറ്റ് ഇതര വിഭാഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. നമ്മൾ പാരമ്പര്യമായി കാത്ത് സൂക്ഷിച്ച നമ്മുടെ പാരമ്പര്യ ചികിൽസാ രീതികളുണ്ട്. തുളസിയും പനിക്കൂർക്കയും പേരിലയും കുരുമുളകും ആടലോടകവും ആവണക്കെണ്ണയും എല്ലാം ഉപയോഗിച്ചുകൊണ്ട് നമ്മൾ പനിയും ചുമയും നടുവേദനയും മാറ്റിക്കൊണ്ടിരുന്നു. ഇന്നും നമ്മുടെ കുട്ടികൾക്ക് അമ്മമാർ കൊടുക്കുന്നത് പനിക്കൂർക്കയും അതുപോലെ തുളസിയുമൊക്കെത്തന്നെയാണ്. ആടലോടകം ഉപയോഗിച്ചുകൊണ്ടാണ് നമ്മൾ ചുമ മാറ്റുന്നത്. ഈ രീതിയിൽ നമ്മൾ നമ്മുടേതായ പാരമ്പര്യ ചികിൽസാ സമ്പ്രദായങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾ ബഹുരാഷ്ട്ര കുത്തക കമ്പനികൾ കഫ് സിറപ് ഇറക്കുന്നുണ്ട്. ഈ കഫ് സിറപ്പിൽ ഏറ്റവും വലിയ ചേരുവ എന്നു പറഞ്ഞാൽ ആടലോടകം തന്നെയാണ്. അപ്പോൾ നമ്മുടെ ഈ ചികിൽസാ രീതികളായ അലോപ്പതി, ഹോമിയോ, ആയുർവേദം, യുനാനി, സിദ്ധ എന്നിവയെ സംയോജിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇന്ന് ഏറക്കുറെ എല്ലായിടത്തും ബോദ്ധ്യമായി വരുകയാണ്. നമ്മൾ ഒരു മുറിവ് പറ്റിയാൽ കമ്മ്യൂണിസ്റ്റ് പച്ച എടുത്ത് പിഴിഞ്ഞ് മുറിവ് ഉണക്കുന്ന ഒരു സമ്പ്രദായമുണ്ട്. ആ രീതിയിൽ നമ്മുടേതായ പാരമ്പര്യ വൈദ്യ ശുശ്രൂഷാ രീതികളെയാകെ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ചികിൽസാ സംവിധാനം ആവിഷ്കരിക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. യഥാർത്ഥത്തിൽ അതാണ് ഈ യൂണിവേഴ്സിറ്റിയുടെ ഏറ്റവും മർമ്മമായ വശം. ഡോ: സി .കെ. രാമചന്ദ്രൻ വളരെ പ്രഗൽഭനായിട്ടുള്ള ഒരു ഡോക്ടറാണ്. അലോപ്പതി ഡോക്ടറുമാണ് ആയുർവേദ ഡോക്ടറുമാണ്. ഇവിടെ പല എം.ബി.ബി.എസ്. ഡോക്ടർമാരും ആയുർവേദവും അലോപ്പതിയും ഹോമിയോവും ഒരുപോലെ പഠിച്ച് വരുകയാണ്. അപ്പോൾ ഇവിടെ എല്ലാ ചികിൽസാ രീതികളുടെയും ഒരു സമന്വയം ഇവിടെ ആരുടെയും സമ്മർദ്ദമില്ലാതെ തന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ചില സ്ഥലങ്ങളിലൊക്കെ തന്നെ അലോപ്പതിക്കാർ ആയുർവേദത്തെ അംഗീകരിക്കുന്നില്ല. അല്ലെങ്കിൽ ആയുർവേദക്കാർ അലോപ്പതിയെ അംഗീകരിക്കുന്നില്ലയെന്നൊക്കെ പറയുന്നുണ്ട്. അതൊക്കെ നേരത്തെ ഉണ്ടായിരുന്ന സമ്പ്രദായമാണ്. ആ ഒരു ഈഗോ ഇന്ന് ഫലത്തിൽ ഇല്ലാതായി മാറുകയും ഈ രംഗത്ത് ഒരു സമന്വയം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. അതിനൊരു രൂപവും ഭാവവും കൊടുക്കാൻ നമ്മൾ മുൻകൈ എടുക്കുന്നുവെന്നു പറഞ്ഞാൽ അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നിപ്പോൾ ഇവിടെ കാലാവസ്ഥ മാറി അതിന്റെതായ ഫലം നമ്മുടെ പ്രകൃതിയിലും ജീവിതത്തിലും ശരീരത്തിലും ഉണ്ടാകുന്നുണ്ട്. ഇവിടെ ഇപ്പോൾ കണ്ടുവരുന്ന രീതി ഒരു പനി അല്ലെങ്കിൽ തലവേദന വന്നു കഴിഞ്ഞാൽ നമ്മുടെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒരു ഡോളോ വാങ്ങിച്ച് കഴിക്കുകയാണ്. അതിന് ഡോക്ടറോട് കൺസൾട്ട് ചെയ്യണമെന്നില്ല. വളരെ വേഗം രോഗം മാറ്റാൻ വേണ്ടിയുള്ള രീതിയിലേക്ക് പോകുന്നുണ്ട്. അതിന്റെതായ പ്രത്യാഘാതങ്ങളും ഉണ്ടാകുന്നുണ്ട്. കാലാവസ്ഥയിലും ജീവിത ശൈലിയിലും ഭക്ഷണശൈലിയിലും ഉണ്ടാകുന്ന മാറ്റം കേരളത്തിലെ ജനങ്ങളെ രോഗാതുരമാക്കി കൊണ്ടിരിക്കുകയാണ്. ഇതെല്ലാം വിവിധ ചികിൽസാ രീതികളുടെ സമന്വയം തന്നെയാണ്. ഇത് കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആരോഗ്യ പരിപാലന രംഗത്ത് ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നവരാണ്.

അലോപ്പതി മരുന്നുൽപ്പാദക കമ്പനികളെ സംബന്ധിച്ചിടത്തോളം ബഹുരാഷ്ട്ര കുത്തക കമ്പനിക്കാരുണ്ട്. ഈ മരുന്ന് ഉല്പാദകരായിട്ടുള്ള ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ഒരു ചാകരയായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ആ മാറ്റം വളരെ ഗുരുതരമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. കാലാവധി കഴിഞ്ഞതും മറ്റ് രാജ്യങ്ങളിൽ തള്ളിക്കളഞ്ഞതും ഉപയോഗിക്കാൻ കഴിയാത്തതുമായ മരുന്നുകളൊക്കെ വിൽപന നടത്തുന്ന ഒരു സംസ്ഥാനമായി കേരളം മാറുന്നു.

കേരള സമൂഹത്തിന്റെ ആരോഗ്യ പരിരക്ഷ ചികിൽസാ രീതികളെ സംബന്ധിച്ച ഉൽകണ്ഠകൾക്കെല്ലാം ഒരു വിരാമം കുറിക്കാൻ വേണ്ടിയുള്ള ഉദ്യമത്തിന്റെ ഫലമാണ് ഈ സർവ്വകലാശാല. ഇതിലെ ഉദ്ദേശലക്ഷ്യങ്ങളിൽ, സാംക്രമിക രോഗ പഠനത്തിനും സംസ്ഥാനത്ത് വ്യാപകമായിട്ടുള്ള രോഗങ്ങളെ നിരീക്ഷിക്കുന്നതിനും ജാഗ്രതയോടെ മേൽനോട്ടം വഹിക്കുന്നതിനുമുള്ള സംവിധാനമാണ് ഈ സർവ്വകലാശാല എന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ രോഗങ്ങളെ സംബന്ധിച്ച് പറഞ്ഞു. എനിക്കും ചിക്കുൻഗുനിയ വന്നു. അലോപ്പതി മരുന്നു കൊണ്ട് പനി മാറി. ഹോമിയോ മരുന്നുകൊണ്ട് കാലിലെ നീരും വേദനയും പോയി. അവിടെ ശരിക്കും ചിക്കുൻഗുനിയ മാറാൻ രണ്ട് രീതിയിലുള്ള മരുന്ന് നമ്മൾ ഉപയോഗിച്ചു. അപ്പോൾ ചികിൽസാ രീതികൾ സമന്വയിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചാണ് ഇവിടെ ഊന്നി പറയുന്നത്. ആധുനിക ജീവിതശൈലിയുടെയും ഭക്ഷണശൈലിയുടെയും ഫലമായി രോഗാതുരമായി കൊണ്ടിരിക്കുന്നു കേരളം. അതിന് ഏതെങ്കിലും ഒരു രീതിയിലൂടെ പരിഹാരം കാണുക എന്നുള്ളതിനെക്കാൾ പ്രധാനമായി എല്ലാമാർഗ്ഗങ്ങളെയും സമന്വയിപ്പിച്ചു കൊണ്ട് നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയേണ്ടതുണ്ട്. തീർച്ചയായും അതിനെല്ലാം അനുയോജ്യവും കേരളത്തിന്റെ ആരോഗ്യ പരിപാലനത്തിന് ഏറ്റവും അനുപേക്ഷണീയവുമായ ലക്ഷ്യബോധത്തോടുകൂടിയുള്ള ഒരു യൂണിവേഴ്സിറ്റിയായിട്ട് തന്നെയാണ് ഇതിനെ കണക്കാക്കുന്നത്. പണ്ടത്തെ യൂണിവേഴ്സിറ്റികളെപ്പോലെ എം.ബി.ബി.എസ്.-കാരെ ഉണ്ടാക്കാൻവേണ്ടിയുള്ള ഒരു യൂണിവേഴ്സിറ്റിയാകരുത്. നേരത്തെ ഇവിടെ മാർക്ക് തട്ടിപ്പ് കേസ്സുണ്ടായതും ഈ എം. ബി. ബി. എസ്. കോഴ്സുമായി ബന്ധപ്പെട്ടാണ്. അപ്പോൾ യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് എന്തിന് പ്രാധാന്യം കൊടുക്കണം എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വെറുതെ ഒരു ബിരുദം കൊടുക്കാൻ വേണ്ടിയുള്ളതാകരുത്.

LIBRARY ARCHIVES Kerala Legislative Assembly

ഓരോ യൂണിവേഴ്സിറ്റിയും അതാതു മേഖലയ്ക്ക് ഊന്നൽ നൽകുന്നതായിരിക്കണം. ഇന്നിപ്പോൾ ഇവിടെ കൊച്ചി കുസാറ്റുണ്ട്, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുണ്ട്, നിരവധി ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റികളുണ്ട്. ഈ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനത്തിന്റെ അനുഭവങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു സമീപനമായിരിക്കണം ഈ യൂണിവേഴ്സിറ്റികളിൽ ഉണ്ടാകേണ്ടത്. കൊച്ചി കുസാറ്റിൽ നിരവധി ആളുകൾക്ക് പി.എച്ച്.ഡി. ഡിഗ്രി കൊടുക്കുന്നുണ്ട്. അവിടെ തീസിസ്സ് അവതരിപ്പിക്കുന്നുണ്ട്. ഈ തീസിസ്സിന്റെ കണ്ടന്റ് എന്താണ്; ഗവേഷണ ഫലം പുതുതായി സമൂഹത്തിന് ചെയ്യുന്ന സംഭാവന എന്താണ്, ഇതൊക്കെ വിലയിരുത്തണം. മുഖ്യമന്ത്രിയുടെ കീഴിലുള്ള ശാസ്ത്ര സാങ്കേതിക വകുപ്പുണ്ട്; ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുണ്ട്. അതുപോലെയുള്ള ഒട്ടേറെ സംവിധാനങ്ങളുണ്ട്. ഈ സംവിധാനങ്ങളെയെല്ലാം ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് കേരളത്തിന്റെതായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻവേണ്ടിയുള്ള പരിശ്രമങ്ങളിൽ നമ്മുടെ ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധന്മാർ എത്രമാത്രം പ്രവർത്തിക്കുന്നു എന്നും അവർ എത്ര മാത്രം സംഭാവനകൾ ചെയ്യുന്നുണ്ടെന്നും നോക്കിയാൽ തൃപ്തികരമായ മറുപടി പറയാൻ കഴിയുന്നില്ല. കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു പരിശോധന ആവശ്യമാണ്.

സംസ്ഥാനത്തിൽ ചിക്കുൻഗുനിയ വന്നത് എങ്ങനെയാണ്. ചിക്കുൻഗുനിയ വന്നത് യഥാർത്ഥത്തിൽ തമിഴ്നാട്ടിൽ നിന്നും ചേർത്തലയിലേക്ക് കൊണ്ടുവന്ന നനഞ്ഞ ചകിരിയിൽ ഉണ്ടായ കൊതുകിന്റെ ലാർവയിലൂടെയാണ് ചിക്കുൻഗുനിയ കേരളത്തിലുണ്ടായത്. ചകിരി കേരളത്തിലേക്ക് ഇറക്കുമതി ചെയ്യേണ്ട കാര്യമില്ല. കാരണം ചകിരിയാൽ സുലഭമായ കേരളത്തിന് തമിഴ്നാട്ടിൽ നിന്ന് നനഞ്ഞ ചകിരി കൊണ്ടുവരേണ്ട കാര്യമില്ല.

നനഞ്ഞ ചകിരി തമിഴ്നാടിന്റേതാണ്. ഒരു ഫൈബർ ടെക്നോളജിയുമായി ബന്ധപ്പെട്ട് ഈ ചകിരിയെ നന്നായി ഉപയോഗിക്കാനോ കേരളത്തിലെ തെങ്ങ് കൃഷിയെ മെച്ചപ്പെടുത്താനോ വേണ്ടിയുള്ള ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങൾക്കുവേണ്ടി നിലവിലുള്ള സംവിധാനങ്ങളെ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഇത് പറയാൻ കാരണം, കേരളത്തിലെ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, എന്നിവ എന്ത് ലക്ഷ്യം വച്ചുകൊണ്ടാണോ ആരംഭിച്ചത് ആ ലക്ഷ്യങ്ങൾ നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ആ മേഖലയിലെ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയുമെല്ലാം പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു ആഡിറ്റ് ഉണ്ടാകണം. ആ ആഡിറ്റിനെ സംബന്ധിച്ചുള്ള നിർദ്ദേശം ഇതിലുണ്ട്. ആഡിറ്റ് ഉണ്ടാകണമെന്നാണ് ഈ യൂണിവേഴ്സിറ്റികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ സംബന്ധിച്ച് പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ സർവ്വകലാശാലകളിൽ ഒരുകള്ള പണിയുണ്ട്. നമ്മുടെ കൊച്ചിൻ യൂണിവേഴ്സിറ്റി ആരംഭിച്ചത് കാമ്പസ് യൂണിവേഴ്സിറ്റിയായിട്ടാണ്. കുറച്ചു ദിവസം പഠിച്ചു കഴിഞ്ഞതിനുശേഷം പോസ്റ്റ് ഗ്രാഡ്യുവേറ്റ് കോഴ്സിനു വേണ്ടിയുള്ള റിസർച്ച് നടത്തുന്നതിനുവേണ്ടി തുടക്കം കുറിച്ചു. അത് കഴിഞ്ഞപ്പോൾ അണ്ടർ ഗ്രാഡ്യുവേറ്റ് കോഴ്സുകൾ തുടങ്ങി.

LIBRARY ARCHIVES Kerala Legislative Assembly

അത് കാമ്പസ്സിനകത്ത് വന്നു. കുറച്ചുകൂടി കഴിഞ്ഞപ്പോൾ അവർ കാമ്പസ് വിട്ട് പുറത്ത് കോളേജ് തുടങ്ങി. ഇപ്പോൾ അഫിലിയേറ്റഡ് കോളേജുകളുള്ള ഒരു യൂണിവേഴ്സിറ്റിയായി അതിന്റെ രൂപം മാറി. അതുകൊണ്ട് ഈ യൂണിവേഴ്സിറ്റികൾക്കകത്ത് ഒരു കള്ളപ്പണിയുണ്ട്. ആ കള്ളപ്പണി നടത്താനുള്ള സാധ്യതകൾ ഇതിനകത്തും ഉണ്ട് എന്നുള്ളത് അങ്ങേയ്ക്കും ബോധ്യമല്ലേ?

ശ്രീ. സി. എം. ദിനേശ് മണി : അതിനുള്ള സാധ്യതകളെ സംബന്ധിച്ച് ജാഗ്രതയോടുകൂടിയ ഒരു സമീപനം ഈ യൂണിവേഴ്സിറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ എടുത്തു പറയുന്നുണ്ട്. കേരളത്തിലുള്ള യൂണിവേഴ്സിറ്റികളുടെ പ്രവർത്തന അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ ഒരു ആഡിറ്റുണ്ടാകണം. നമ്മുടെ ഗവേഷണ മേഖലയെ സംബന്ധിച്ചാണെങ്കിൽ, സർവ്വകലാശാല എന്നു പറയുമ്പോൾ എല്ലാ കലകളുടേയും ശാലയാണ്. എല്ലാ കലകളേയും ഉൾക്കൊള്ളിക്കണം. ഒരു കുടക്കീഴിൽ എല്ലാ കലകളും കൊണ്ടുവരാൻ കഴിയണം. അങ്ങനെ വരുമ്പോൾ ഇത് അനർത്ഥമാക്കും വിധത്തിലുള്ള ഒരു നിർദ്ദേശം ഈ യൂണിവേഴ്സിറ്റിയുടെ ഘടനയെ സംബന്ധിച്ച് ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ അതെല്ലാം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു രീതി നമുക്കിന്ന് ഇവിടെ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

കേരളം ഇന്ന് യഥാർത്ഥത്തിൽ നിരവധി തിക്ത അനുഭവങ്ങളിലൂടെ മുന്നോട്ടു പോകുകയാണ്. കേരളീയരെ സംബന്ധിച്ചിടത്തോളം എല്ലാ രീതിയിലുമുള്ള ഒരു പരീക്ഷണത്തിന് വിധേയമാണ്. അതുകൊണ്ടുതന്നെ ഒരു വ്യക്തത കൈവരിക്കുവാൻ നമുക്ക് സാധിക്കണം. ആയുർവ്വേദം, അലോപ്പതി, ഹോമിയോപ്പതി ഇവയിൽ ഓരോ മേഖലയ്ക്കും അതിന്റേതായ പ്രത്യേകതകളും പ്രാധാന്യവും ഉണ്ട്. യുനാനി ആയാലും സിദ്ധ ആയാലും അവയ്ക്കും അതിന്റേതായ പ്രാധാന്യമുണ്ട്. ആ പ്രാധാന്യങ്ങളെയെല്ലാം ഉൾക്കൊള്ളാൻ കഴിയുംവിധത്തിൽ ഓരോ മേഖലയ്ക്കും അതിന്റേതായ പങ്ക് ഇവിടെ നിഷ്കർഷിക്കുന്നുണ്ട്. ആ പങ്ക് യഥാർത്ഥത്തിൽ അർഹതയുള്ളതാണോ എന്നുള്ളത് അംഗീകരിച്ചുകൊണ്ടുള്ള നിലപാട് ഇവിടെ സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ യൂണിവേഴ്സിറ്റികളുടെ ഇന്നത്തെ സ്ഥിതി പരിശോധിക്കുമ്പോൾ അദ്ധ്യാപകർ-അദ്ധ്യാപക സംഘടനക്കാർ, ജീവനക്കാർ-ജീവനക്കാരുടെ സംഘടനകൾ ഇവർ യൂണിവേഴ്സിറ്റികളുടെ അക്കാദമിക് ആയിട്ടുള്ള പങ്കിനെക്കുറിച്ച് പരിശോധിക്കണം. യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകരെയും ജീവനക്കാരെയും സംബന്ധിച്ച് പരിശോധിച്ചാൽ അവരുടെ കടമകളിയാണ് പ്രധാനമായി നടക്കുക. അക്കാദമിക് മേഖലയുടെ വികസനത്തിന് വേണ്ടിയുള്ള അദ്ധ്യാപകരുടെ സംഭാവന വളരെ പരിമിതമായ രീതിയിലേ ലഭ്യമാകുന്നുള്ളൂ. യൂണിവേഴ്സിറ്റിയുടെ ലക്ഷ്യങ്ങളെ പൂർണ്ണമായും നിറവേറ്റുന്നില്ല. അതുകൊണ്ടുതന്നെ നമ്മൾ ഇവിടെ സ്ഥാപിക്കുവാൻ പോകുന്ന യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം കേരളത്തിന്റേതായ പ്രത്യേകതകളെല്ലാം പരിഗണിക്കപ്പെടേണ്ടതുണ്ട്. കേരളത്തിന്റെ പ്രത്യേകതകളെന്നു പറയുമ്പോൾ ആയുർവ്വേദ-ഹോമിയോ രംഗത്തെ കേരളത്തിന്റെ പ്രത്യേകതകൾ പരിഗണിക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ നിയമിക്കപ്പെടുന്നവരൊക്കെത്തന്നെ തീർച്ചയായും ഈ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ പ്രഗത്ഭമതികളായിരിക്കുവാൻ വേണ്ടിയുള്ള പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്നുള്ള അഭിപ്രായം എനിക്കുണ്ട്: യഥാർത്ഥത്തിൽ നമ്മുടെ സർവ്വകലാശാലകളുടെ പൊതുപുരോഗതി നോക്കുമ്പോൾ, പല സർവ്വകലാശാലകളും യഥാവിധി പരീക്ഷ നടത്തുകയോ ഫലം പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നില്ല എന്ന് മനസ്സിലാക്കാൻ കഴിയും. പരീക്ഷ നടത്തി എത്രയോ കാലം കഴിഞ്ഞാണ് അതിന്റെ ഫലം പ്രസിദ്ധീകരിക്കുന്നത്. ഈ വക പരിമിതികൾ കണക്കിലെടുത്തുകൊണ്ട് ഇതിനാവശ്യമായിട്ടുള്ള ഭൗതിക സാഹചര്യങ്ങൾ. അതായത് അതിനാവശ്യമായിട്ടുള്ള ഫാക്കൾട്ടി ഉണ്ടാകണം, അക്കാദമിക് സംവിധാനങ്ങൾ ഉണ്ടാകണം, സ്ഥല സൗകര്യങ്ങളും ഉണ്ടാകണം. സ്ഥല സൗകര്യങ്ങൾ വളരെ പ്രധാനപ്പെട്ട കാര്യമാണ്. അപ്പോൾ പരീക്ഷ നടത്താനും ഫലം പ്രഖ്യാപിക്കാനും ആവശ്യമായിട്ടുള്ള സ്റ്റാഫ് സ്ട്രെങ്തും ഫാക്കൽട്ടി സംവിധാനങ്ങളുമെല്ലാമുണ്ടാകണമെങ്കിൽ അതിന്റേതായിട്ടുള്ള പ്രാധാന്യവും പരിഗണനയും കൊടുത്തുകൊണ്ടുള്ള ഒരു സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ അപ്പപ്പോൾ ഉൾക്കൊള്ളാൻ കഴിയത്തക്ക വിധത്തിലുള്ള സമീപനം നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. ആ നിലയ്ക്ക് ഈ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ് വച്ചിട്ടുള്ളത്. ഈ യൂണിവേഴ്സിറ്റി ഒരു ചരിത്ര പ്രാധാന്യമുള്ള യൂണിവേഴ്സിറ്റിയാണ്. ഈ ബില്ലിനെ ഞാൻ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും കുടുംബക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, കേരള ആരോഗ്യ സർവ്വകലാശാല ബില്ലിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷത്തു നിന്നുള്ള അംഗങ്ങളും ഭരണപക്ഷത്തു നിന്നുള്ള ശ്രീ. സി. എം. ദിനേശ്മണിയും പങ്കെടുക്കുകയുണ്ടായി. ഇവിടെ സൂചിപ്പിച്ചതുപോലെ കേരളം ആരോഗ്യ രംഗത്ത് വളരെയേറെ മുന്നിലാണെങ്കിലും ആദ്യത്തെ കാൽ നൂറ്റാണ്ടിനുശേഷം ഇങ്ങോട്ടുള്ള കാലയളവിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ വളരെ വലിയ നേട്ടം കൈവരിച്ചതായി രേഖകളൊന്നും കാണുന്നില്ല. ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യയിലെ മറ്റു പല സ്റ്റേറ്റുകളും വളരെയേറെ മുന്നിൽ പോയപ്പോഴും കേരളം കുറേശ്ശെ പുറകോട്ടു പോകുകയായിരുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. അത് ഒരു സർവ്വകലാശാല വരാത്തതുകൊണ്ടല്ല. മറിച്ച് അക്കാദമിക് തലത്തിലും ഗവേഷണ തലത്തിലുമൊക്കെ ചെയ്യേണ്ടിയിരുന്ന കാര്യങ്ങൾക്ക് വേണ്ടത്ര പരിഗണന കാലാകാലങ്ങളിൽ വന്നിട്ടുള്ള ഗവൺമെന്റ് നൽകിയിട്ടില്ല എന്നുള്ളത് പരിശോധിച്ചാൽ നമുക്ക് കാണാൻ സാധിക്കും. ഇക്കാര്യം ഈ ഗവൺമെന്റ് വന്ന ഉടൻതന്നെ പരിശോധിക്കുകയും. ഗവൺമെന്റിന്റെ പ്രകടന പത്രികയിൽ ആരോഗ്യ രംഗത്ത് ഒരു സർവ്വകലാശാല ആവശ്യമാണ് എന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ പ്രതിജ്ഞാബദ്ധതയോടുകൂടി പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് നമുക്ക് ഇന്ന് ഈ ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സാധിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് വളരെ പെട്ടെന്ന് ഉണ്ടായ ബില്ല് അവതരിപ്പിക്കലോ ചർച്ചയോ അല്ല. മറിച്ച് ഇതിനൊരു ഗ്രൗണ്ട് വർക്ക് ചെയ്യേണ്ടതുണ്ടായിരുന്നു. ഇങ്ങനെ ഒരു സർവ്വകലാശാല കേരളത്തിൽ കൊണ്ടുവരുന്നതിന് ആവശ്യമായിട്ടുള്ള ഒരു ഗ്രൗണ്ട് വർക്ക് നടത്തുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് അലോപ്പതി മേഖലയിൽ-മോഡേൺ മെഡിസിൻ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് പഠനം നടത്താൻ ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. ആ കമ്മിറ്റിയാണ് ഡോ. ഇക്ബാൽ കമ്മിറ്റി. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചു. അതുപോലെ ആയുർവ്വേദ രംഗത്തും വിദ്യാഭ്യാസ രംഗത്തും നമ്മൾ ഒട്ടും പിന്നിലല്ല. നമ്മുടെ സംസ്ഥാനത്ത് മുന്ന് ഗവൺമെന്റ് ആയുർവ്വേദ മെഡിക്കൽ കോളേജും അതുപോലെ രണ്ട് എയിഡഡ് കോളേജും ഉണ്ട്. ആയുർവ്വേദ മേഖലയെ സംബന്ധിച്ച് പഠിക്കുവാനും ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. ഡോ. മോഹൻലാൽ കമ്മിറ്റി. അതുപോലെതന്നെ ഹോമിയോ വിദ്യാഭ്യാസ രംഗത്തും നമ്മൾ ഒട്ടും മോശമായിരുന്നില്ല. മറ്റ് സ്റ്റേറ്റുകളെ അപേക്ഷിച്ച് ആയുർവ്വേദ-ഹോമിയോ വിദ്യാഭ്യാസ മേഖലയിൽ മോഡേൺ മെഡിസിനേക്കാളും നമ്മൾ കുറച്ച് മുന്നിലായിരുന്നു.

മൂന്ന് എയ്ഡഡ് ഹോമിയോ കോളേജും രണ്ട് സർക്കാർ കോളേജും കേരളത്തിൽ ഉണ്ടായിരുന്നു. ഹോമിയോ എയ്ഡഡ് കോളേജുകൾ കേരളത്തിൽ ഉണ്ടെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് ഹോമിയോ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി അന്നത്തെ പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസറായിട്ടുള്ള ഡോ. ജാനകിക്കുട്ടിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി വയ്ക്കുകയും പ്രധാനമായും ആരോഗ്യ-വിദ്യാഭ്യാസ-ചികിൽസാ രംഗത്തെ പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന നിലയിൽ ഈ മൂന്ന് മേഖലയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചു. ആ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഗവൺമെന്റ് ചർച്ച നടത്തി. ചർച്ച നടത്തിയതിനുശേഷം അയൽ സ്റ്റേറ്റുകളിലെ ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് മന്ത്രിയും സെക്രട്ടറിമാരും ഉദ്യോഗസ്ഥൻമാരും ഉൾപ്പടെയുള്ള ടീം മഹാരാഷ്ട്രയിലും കർണ്ണാടകയിലും തമിഴ്നാട്ടിലുമൊക്കെ പോകുകയുണ്ടായി. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് മാത്രമല്ല ഗവേഷണ രംഗത്തും വളരെയേറെ ഉന്നതി നൽകുന്ന തികച്ചും സവിശേഷമായ ഗുണഗണങ്ങളുള്ള ഒരു സർവ്വകലാശാലയായി ആരോഗ്യ സർവ്വകലാശാല മാറണമെന്നുള്ള നിലയ്ക്കാണ് ഈ ബിൽ നമ്മൾ ഡ്രാഫ്റ്റ് ചെയ്തത്. അത് പെട്ടെന്ന് നിയമമാക്കാൻ സാധിച്ചില്ല. 7-12-2009-നാണ് നമ്മൾ ഓർഡിനൻസ് കൊണ്ടുവന്ന് അംഗീകരിച്ചത്. അതിനു മുൻപ് വന്നിട്ടുള്ള പല ബില്ലുകളും നിയമമാക്കേണ്ടതിന്റെ അടിയന്തര പ്രാധാന്യമുള്ള സാഹചര്യം ഉണ്ടായതിനാൽ ഈ ബിൽ എടുക്കുന്നതിന് കുറച്ച് കാലതാമസം നേരിട്ടു എന്നുള്ളത് ശരിയാണ്. പക്ഷേ ഒരുകൊല്ലം മുൻപുതന്നെ നമ്മുടെ സർവ്വകലാശാല നീലവിൽ വരികയും അതിന്റെ പ്രവർത്തനം ആരംഭിച്ചതും നമുക്ക് അഭിമാനിക്കാൻ കഴിയുന്നതാണ്. സർവ്വകലാശാലാ ഓർഡിനൻസ് ഇറക്കുക മാത്രമല്ല ഗവൺമെന്റ് അതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്തു. തസ്തികകൾ സൃഷ്ടിക്കുകയും പണം അനുവദിക്കുകയും ചെയ്തു. തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ തന്നെ ആവശ്യമായിട്ടുള്ള സ്ഥലം അനുവദിക്കുകയും ചെയ്തു. മാത്രമല്ല. കേരളത്തിലെ മറ്റെല്ലാ സർവ്വകലാശാലകളിലും അഫിലിയേറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയെല്ലാം അഫിലിയേഷൻ രേഖകൾ നമ്മുടെ ആരോഗ്യ സർവ്വകലാശാലയിലേക്ക് മാറ്റുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ചികിൽസാ മേഖലയെക്കുറിച്ചാണ് പ്രധാനമായും ചർച്ച നടന്നത്. ചികിൽസ മെച്ചപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പ്രധാനപ്പെട്ട കാര്യങ്ങളാണ് യഥാർത്ഥത്തിൽ ഇതിൽ വരേണ്ടിയിരുന്നത്. പകരം പ്രധാനപ്പെട്ട പല മെമ്പർമാരും സംസാരിച്ചപ്പോൾ കേന്ദ്രീകരിച്ചത് ചികിൽസയെക്കുറിച്ചാണ്. ഈ സംസ്ഥാനത്ത് മാത്രമല്ല ഇന്ത്യയിലും വിവിധ ചികിൽസാ ശാഖകളുണ്ട്. ആ ചികിൽസാ ശാഖകളെയെല്ലാം ഏകോപിപ്പിക്കുന്ന രീതിയിൽ ആരോഗ്യ സർവ്വകലാശാലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ വിധത്തിലുള്ള ഗവേഷണത്തിനും പഠനത്തിനും പ്രാധാന്യം കൊടുക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളെ അതിനനുസരിച്ച് ഉയർത്തിക്കൊണ്ട് വരണമെന്നുള്ളതുമാണ് സർവ്വകലാശാലകൊണ്ട് നമ്മൾ പ്രധാനമായും ഉദ്ദേശിച്ചത്. ഉദാഹരണത്തിന് നാചുറോപ്പതി കോളേജും യുനാനി കോളേജും ഇവിടെയില്ല. പക്ഷേ ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ട്. ഇവിടെ സിദ്ധ കോളേജുണ്ട്. സെൽഫ് ഫൈനാൻസിംഗ് മേഖലയിലാണ് ശാന്തിഗിരി സിദ്ധ കോളേജ് പ്രവർത്തിക്കുന്നത്. അതേസമയം നമുക്ക് ധാരാളം കോളേജുകൾ ഉണ്ട് എന്ന നിലയിൽ കാണാൻ പറ്റില്ല. എന്നാൽ മെഡിക്കൽ സയൻസ് രംഗത്തുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും നമുക്ക് ഇതിലേക്ക് കൊണ്ടുവരാൻ സാധിക്കത്തക്ക രീതിയിൽ തന്നെയാണ് ഈ ബിൽ നമ്മൾ വിഭാവനം ചെയ്തിട്ടുള്ളത് എന്നാണ് എനിക്ക് പറയാനുള്ളത്.

അതിൽ ഒന്നുരണ്ട് സംശയം വന്നിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മോഡേൺ മെഡിസിൻ, ദന്തൽ സയൻസ് എന്നീ വിഷയങ്ങളിൽ മാത്രമല്ല സ്റ്റാന്റേർഡുള്ളത്. ആയുർവ്വേദത്തിനും ഹോമിയോപ്പതിക്കും ഉണ്ട്. അതിന് സി.സി.എച്ച് കൗൺസിൽ പ്രത്യേകിച്ചുണ്ട്. കൃത്യമായ സ്റ്റാന്റേർഡ്സ് ഇതിനെല്ലാം രൂപീകരിച്ചിട്ടുണ്ട്. കോഴ്സുകളും കോളേജുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒക്കെ അനുവദിക്കുന്നത് സെൻട്രൽ ഗവൺമെന്റിന്റെ അല്ലെങ്കിൽ അതാതു കൗൺസിലുകളുടെ സ്റ്റാന്റേർഡ്സിന് അനുസരിച്ചുള്ള രീതിയിലായിരിക്കും.

<u>ശ്രീ. തോമസ് ചാഴികാടൻ</u>: ഞാൻ നിയമസഭയിൽ ചോദിച്ച ഒരു ചോദ്യത്തിന് ആയുർവ്വേദ മരുന്നുകൾക്ക് സ്റ്റാന്റേർഡ് ഇതുവരെ നിശ്ചയിച്ചിട്ടില്ല എന്നാണ് എനിക്ക് മറുപടി കിട്ടിയത്. മറിച്ച് അലോപ്പതി മരുന്നുകൾക്ക് അന്തർദ്ദേശീയ തലത്തിൽ സ്റ്റാന്റേർഡ്സ് നിശ്ചയിച്ചിട്ടുള്ളതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള പോരായ്മകളുണ്ടെങ്കിൽ അത് കണ്ടെത്താനും മനസ്സിലാക്കാനും എളുപ്പമുണ്ട്. ആയുർവ്വേദ വൈദ്യൻമാർ ഓരോ മരുന്നുകൾ തയ്യാറാക്കുന്നത് അവരുടേതായ പ്രത്യേകമായ കൂട്ടുകൾ കൊണ്ടാണ്. അംഗീകരിക്കപ്പെട്ട സ്റ്റാന്റേർഡ്സ് ആയുർവ്വേദത്തിനും അംഗീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുകൊണ്ടാണ് ഞാൻ ഇത് സൂചിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ചികിൽസയെക്കുറിച്ചോ മരുന്നിനെ കുറിച്ചോ അല്ല പറഞ്ഞത്. സി.സി.എച്ച്-ഉം സി.സി.ഐ.എം.-ഉം കോഴ്സുകളെ സംബന്ധിച്ച് വ്യക്തമായ സ്റ്റാന്റേർഡ്സ് രൂപീകരിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ഹോമിയോ കൗൺസിലുണ്ട്. ആയുർവ്വേദ കൗൺസിലുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ മാത്രമല്ല സി.സി.ഐ.എം. ഉണ്ട്. സി.സി.എച്ച്-ഉം ഉണ്ട്. അതാണ് ഞാൻ പറഞ്ഞ സ്റ്റാന്റേർഡ്സ്. ആ സ്റ്റാന്റേർഡ്സിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ കൗൺസിലുകൾ പ്രവർത്തിക്കുന്നുണ്ട്. അപ്പോൾ വിവിധ ചികിൽസാ രീതി എങ്ങനെയായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് കോഴ്സുകൾ തമ്മിൽ ഇന്റഗ്രേറ്റ് ചെയ്യുന്നതിനും ഒരു സൗകര്യമുണ്ട്. ആരോഗ്യ സർവ്വകലാശാലയിൽ വിവിധ ചികിൽസാ മേഖല വരുമ്പോൾ എല്ലാം പ്രത്യേകം പ്രത്യേകം തന്നെയായിരിക്കും. ഇത്രയും കാലം എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക്, മെഡിക്കൽകോളേജ്, ഫാർമസി കോളേജ് ഇതെല്ലാം കേരള യൂണിവേഴ്സിറ്റിയിൽ ആയിരുന്നതുപോലെ. പക്ഷേ ഇവിടെ മെഡിക്കൽ സയൻസിലെ എല്ലാ വിഷയങ്ങളും ഒരു കുടക്കീഴിൽ വരുന്നതു പോലെ ഒരു സർവ്വകലാശാലയിൽ വരുന്നു എന്ന് മാത്രമേയുള്ളൂ. നമുക്ക് കൂടുതൽ ചർച്ച ചെയ്യാനും അലോപ്പതിയും ആയുർവ്വേദവും ഒന്നിച്ച് ഒരു ഗവേഷണം നടത്തിയാൽ ഒരു മാരകമായ രോഗത്തിന് ഒരു പ്രതിവിധി കണ്ടെത്താൻ സാധിക്കുമെങ്കിൽ നല്ലതാണല്ലോ. അങ്ങനെ പഠനം നടന്നിട്ടുണ്ട്. പ്രത്യേകിച്ച് ഫൈലേറിയയ്ക്ക് അങ്ങനെ ഗവേഷണം നടന്നുകൊണ്ടിരിക്കുന്നു. മന്ത് രോഗത്തിന് അലോപ്പതിയും ആയുർവ്വേദവും കൂടി ചേർന്ന് ഒരു ഗവേഷണം നടത്തിയപ്പോൾ കണ്ടെത്തിയിട്ടുള്ള ചില മരുന്നുകൾ മന്ത് രോഗം കുറയ്ക്കുന്നതിന് സഹായകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നമുക്ക് അതൊന്നും നിഷേധിക്കാൻ സാധിക്കില്ല. പക്ഷേ ഇവിടെ ഗവേഷണത്തിന്റെ പ്രാധാന്യം കുറഞ്ഞിട്ടുണ്ട്. ഒരുപക്ഷേ കാൽനൂറ്റാണ്ടോ അതിലേറെയോ ആയിട്ട് നമ്മുടെ മെഡിക്കൽ കോളേജുകളിലോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടുകൊണ്ട് ഗവേഷണം നടത്തേണ്ടുന്ന മേഖലകളിൽ ഗവേഷണം നടക്കുന്നില്ല. പഠനം തന്നെ നടക്കുന്നില്ല. അവരുടെ അറിവ് അപ്ഡേറ്റ് ചെയ്യുന്നില്ല. അവർക്ക് കോൺഫറൻസിന് പോകാൻ സമയം കിട്ടുന്നില്ല. ഇന്റർനാഷണൽ കോൺഫറൻസിൽ പങ്കെടുക്കുന്നില്ല. ഇന്റർനാഷണൽ കോൺഫറൻസിൽ പങ്കെടുക്കാൻ പണം തരാമെന്നാണിപ്പോൾ ഗവൺമെന്റ് പറയുന്നത്. അതിനു വേണ്ടി പണം ഗവൺമെന്റ് അനുവദിക്കുകയാണ്. നിങ്ങൾ ഇന്റർനാഷണൽ കോൺഫറൻസിന് പോകണം, പേപ്പർ സബ്മിറ്റ് ചെയ്യണം. ഇന്റർനാഷണൽ തലത്തിൽ പേപ്പർ സബ്മിറ്റ് ചെയ്യണമെന്നാണ് പറയുന്നത്. ആ രൂപത്തിൽ ഗവേഷണത്തിന് ഇവിടെ കൂടുതൽ പ്രാധാന്യം നൽകണമെന്നുള്ള നിലയ്ക്കാണ് നമ്മൾ ഉദ്ദേശിച്ചത്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : കഴിഞ്ഞ നാല് വർഷമായി ഞാൻ കുസാറ്റിന്റെ സിന്റിക്കേറ്റ് മെമ്പറായിരുന്നു. ഞാൻ അവിടെ ലളിതമായ ഒരു ചോദ്യം ചോദിച്ചിരുന്നു. കഴിഞ്ഞ 25 വർഷംകൊണ്ട് ഈ യൂണിവേഴ്സിറ്റി ചെയ്തിരിക്കുന്ന റിസർച്ചിൽ ഏതെങ്കിലും ഒരു റിസർച്ച് പേപ്പർകൊണ്ട് മനുഷ്യന് ഗുണം ഉണ്ടായിട്ടുണ്ടോ എന്ന് ചോദിച്ചു. ഡിനുകൾ ഉള്ള സിന്റിക്കേറ്റിൽ

ചോദിച്ചതാണ്. ഒറ്റ ഒരു മറുപടി ഇല്ലായിരുന്നു. ഈ ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധി വളരെ നല്ലതാണ്. ഈ യൂണിവേഴ്സിറ്റിയും പ്രാബല്യത്തിൽ വന്ന് 25 വർഷം കഴിഞ്ഞ് തിരിഞ്ഞു നോക്കുമ്പോൾ, ഈ യൂണിവേഴ്സിറ്റിയുടെ റിസർച്ച് കൊണ്ട് ഏതെങ്കിലും ഒരു മനുഷ്യന് ഗുണം ഉണ്ടായിട്ടുണ്ടോ എന്ന് ചോദിക്കേണ്ട സ്ഥിതിയിലേക്ക് വരുമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : യാതൊരു സംശയവുമില്ല. ഒരു വർഷം മാത്രമേ ആയിട്ടുള്ളൂ. ഈ ഗവൺമെന്റ് തന്നെയാണ് തുടർച്ചയായും അധികാരത്തിൽ വരുന്നത് എന്നുള്ളതിന് സംശയമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരും. ഈ യൂണിവേഴ്സിറ്റി അങ്ങ് ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കും എന്നാണ് എനിക്ക് പറയാനുള്ളത്. അല്ലെങ്കിൽ പിന്നെ ഈ പറഞ്ഞതുപോലെ എങ്ങനെയൊക്കെയാണ് വരികയെന്ന് അറിയാൻ പറ്റില്ല. ഈ ഗവൺമെന്റിന് ഉന്നത ലക്ഷ്യമുണ്ട്. ആദർശങ്ങളുണ്ട്. ഗവേഷണങ്ങൾക്ക് വളരെയേറെ പ്രാധാന്യം കൊടുക്കണം. അതില്ലാതെ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ പുതിയ പുതിയ രോഗങ്ങളാണ് കടന്നു വരുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുകയല്ല. നമ്മുടെ സാധാ സർവ്വകലാശാലകളുടെ ഒരു പുനരാവിഷ്കരണമാണ് നടക്കുന്നതെങ്കിൽ നമ്മുടെ സർവ്വകലാശാലയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതിന്റെ രണ്ടാം പതിപ്പായിട്ടേ ഇതു പോകുകയുള്ളൂ. എനിക്ക് സർവ്വകലാശാലകളുമായുള്ള ബന്ധം വച്ചുനോക്കുമ്പോൾ, പോസ്റ്റ് ഡോക്ടറൽ ഡിഗ്രിക്കുവേണ്ടി ഒരു വ്യാഴവട്ടക്കാലം മുഴുവൻ ആയിട്ട് ഒരു കുട്ടിയാണ് അവിടെ വന്നത്. പ്രശസ്തമായ കുസാറ്റ് എന്ന കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഒറ്റ കുട്ടിയാണ് പോസ്റ്റ് ഡോക്ടറൽ ഡിഗ്രിക്ക് വന്നത്. ഇവിടെ നടക്കുന്ന ഗവേഷണ പര്യവേക്ഷണത്തിനുവേണ്ടിയുള്ള ഈ ടെൻഡ് കൂടി നമുക്ക് ഉൾക്കൊള്ളാൻ കഴിയാതെ പോയാൽ സാധാ സർവ്വകലാശാലകളുടെ കയ്യും കാലും കണ്ണും ചെവിയുമൊക്കെ വച്ചുകൊടുത്ത് ഒരു സർവ്വകലാശാല രൂപം ഉണ്ടാക്കുന്നുവെന്ന് മാത്രമേയുള്ളൂ. ഇത് കുറച്ചു കഴിയുമ്പോൾ ഇപ്പോൾ കാണുന്ന സർവ്വകലാശാലയുടെ രൂപത്തിലേക്ക് പോകുന്ന ട്രെൻഡാണ് കാണുന്നത്. അതിനെയാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. അത് മാറ്റത്തക്ക വിധത്തിൽ ഇതിൽ എന്ത് പുതുമയാണുള്ളത്? സർവ്വകലാശാലകളിൽ നോൺ അക്കാഡമിക് ആയിട്ടുള്ള ഡിബേറ്റുകളും ഡിസ്കഷൻസുമാണ് നടക്കുന്നത്. അക്കാഡമിക് ഡിബേറ്റും അക്കാഡമിക് ഡിസ്കഷനും വളരെക്കുറവാണ്. അതാണ് നമ്മുടെ പ്രധാനപ്പെട്ട പ്രശ്നം. ഒരു സിൻഡിക്കേറ്റിന്റെ അജൻഡ എടുത്താൽ 99 ശതമാനവും അവിടെയുള്ള നോൺ അക്കാഡമിക് ആയിട്ടുള്ള പ്രൊമോഷൻ, ട്രാൻസ്ഫർ, പോസ്റ്റ് ക്രിയേഷൻ തുടങ്ങിയിട്ടുള്ള കാര്യങ്ങൾ മാത്രമാണ്. ആ രൂപത്തിലേക്ക് ഒരു പുതിയ സർവ്വകലാശാലകൂടി വന്നാലും നിലനിൽക്കുന്ന പ്രശ്നത്തിന് പരിഹാരമുണ്ടാവില്ല എന്നുള്ളതാണ് എന്റെ പക്ഷം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : എല്ലാ സർവ്വകലാശാലകളിലും നോൺ അക്കാഡമിക് ആയിട്ടുള്ള ചർച്ചകളാണ് നടക്കുന്നതെന്നുള്ള അങ്ങയുടെ സ്റ്റേറ്റ്മെന്റ് ശരിയല്ല. ഉദാഹരണത്തിന് എം.ജി. സർവ്വകലാശാലയിൽ പുതിയ വൈസ് ചാൻസലർ വന്നശേഷം ഓരോ മാസവും ലോകത്തിലെ വിവിധ സർവ്വകലാശാലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രൊഫസേഴ്സിനെ കൊണ്ടുവന്ന് ഇന്റർനാഷണൽ റിലേഷൻസ് ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങളും ഡിബേറ്റുകളും ചർച്ചകളും സെമിനാറുകളും കൃത്യമായി ചെയ്തുവരികയാണ്. മുഖമാകെ മാറി. നിങ്ങളുടെ കാലഘട്ടത്തിലെ മുഖമേ അല്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞിട്ടുള്ള കാര്യം സംബന്ധിച്ച് എനിക്ക് പറയാനുള്ളത് ഈ ഹെൽത്ത് യൂണിവേഴ്സിറ്റി മറ്റ് യൂണിവേഴ്സിറ്റികളിൽനിന്ന് വ്യത്യസ്തമാണ്. എന്ന് മാത്രമല്ല, ഈ ബിൽ ശരിയായി വായിച്ചു നോക്കുകയാണെങ്കിൽ അതിന്റെ ഘടനയെ സംബന്ധിച്ച് കുറച്ച് മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അത് അങ്ങേക്ക് മനസ്സിലാകും. അക്കാഡമിക് മേഖലയിലും ഗവേഷണ മേഖലയിലും പ്രാധാന്യം കൊടുക്കണം. അത് ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. ഓരോ ശാസ്ത്ര ശാഖയിലും പ്രത്യേകം പ്രത്യേകം ഗവേഷണവും പഠനവും നടത്തുന്നതോടൊപ്പം വിവിധ ശാസ്ത്ര ശാഖകൾ തമ്മിൽ പരസ്പരം ബന്ധപ്പെടുത്തുന്ന ഇന്റർ ഡിസിപ്ലിനറി റിസർച്ചും കൂടി പ്രോത്സാഹിപ്പിക്കാൻ ഈ നിയമത്തിലുണ്ടാകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. കേരളാ ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ ലക്ഷ്യങ്ങളിൽ ഒന്നാമതായത്, അങ്ങ് നോക്കണം. ക്ലോസ് 5(1) പ്രകാരം .....by fostering and promoting medical research. ഒന്നും റിസർച്ചിനെപ്പറ്റി കാണുന്നേയില്ലെന്ന് ബഹുമാനപ്പെട്ട ചില അംഗങ്ങൾ പറഞ്ഞു. ക്ലോസ് 5 സബ്ക്ലോസ് (viii) പ്രകാരം to give thrust to epidemiological studies..... ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞല്ലോ ചിക്കുൻഗുനിയയെ സംബന്ധിച്ചും ഡെങ്കിപ്പനിയെ സംബന്ധിച്ചും. നമ്മുടെ കേരളത്തിൽ വന്നുകൊണ്ടിരിക്കുന്ന പകർച്ചവ്യാധി രോഗങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടത്തുമെന്ന് ഇതിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇതിനകത്ത് Clause 5. The objects of the University.- അതിൽ സബ്ക്ലോസ് (iii) to regulate the academic standards of the affiliated colleges or institutions: ഇത് അപ്ഡേറ്റ് ചെയ്യുന്നതിനെക്കുറിച്ച് ഒരു വാചകംപോലും ഇതിലില്ല. ഞാൻ അങ്ങയെ വിമർശിക്കുകയല്ല. ദയവായി അങ്ങ് ഇതിനെ വിമർശനമായി എടുക്കരുത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : അതാണല്ലോ നമ്മൾ കൂട്ടായി ചർച്ച ചെയ്യുന്നത്. നമ്മൾ ചർച്ച നടത്തുന്നതിന്റെ ഉദ്ദേശംതന്നെ എന്തെങ്കിലും അപാകതകൾ വന്നിട്ടുണ്ടെങ്കിൽ അത് ഭേദഗതി ചെയ്ത് എടുക്കാൻ വേണ്ടിയല്ലേ? നമ്മൾ അതിനുവേണ്ടിയല്ലേ ചർച്ച ചെയ്യുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: ഒരു വർഷംമുമ്പ് ഓർഡിനൻസിലൂടെ പിറവിയെടുത്ത ഈ ഹെൽത്ത് യൂണിവേഴ്സിറ്റി ഓട്ടോണമിയുടെ മറവിൽ കഴിഞ്ഞ ഒരു വർഷക്കാലമായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഒന്ന് വിലയിരുത്തിയിട്ടു വേണം ഈ ബില്ലൊക്കെ പാസ്സാക്കിയിട്ട് ഇതിന് അന്തിമ രൂപം നൽകി നമ്മൾ പുറത്തേക്ക് പോകാൻ. ഒരു വർഷക്കാലമായി അനഭിലഷണീയമായ ഒരുപാട് പ്രവണതകൾ അവിടെ നടക്കുന്നുണ്ട്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഗവൺമെന്റിന് ഇക്കാര്യത്തിൽ സുവ്യക്തമായ ഒരു സമീപനവും നയവുമുണ്ട്. കേരളത്തിൽ സെൽഫ് ഫിനാൻസിംഗ് മേഖലയിൽ കോളേജുകൾ എങ്ങനെ പ്രവർത്തിക്കണമെന്നത് സംബന്ധിച്ചും അതുപോലെ മൈനോറിറ്റിയുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും ഏത് രീതിയിലുള്ള നിലപാടാണ് സ്വീകരിക്കേണ്ടത് എന്നത് സംബന്ധിച്ചെല്ലാം സുവ്യക്തമായ നയമുണ്ട്. അങ്ങയുടെ ഗവൺമെന്റിന് കഴിഞ്ഞ കാലങ്ങളിലുള്ളതുപോലെ അയവേറിയ ഒരു സമീപനമല്ല. മെറിറ്റിന് വളരെയേറെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കാര്യമാണ് ഞങ്ങൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. അതിൽ 5(10) പ്രകാരം ആരോഗ്യ സംരക്ഷണം ലഭ്യമാക്കുന്ന വിവിധ വിഭാഗങ്ങൾ തമ്മിൽ ചർച്ചയും സംവാദവും നടത്തുമെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. അതുപോലെ 5(13)-ൽ പറയുന്നതും ഇതുതന്നെയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങളുടെ ഉത്കണ്ഠ അടിസ്ഥാനരഹിതമാണ്. അതിന് സ്ഥാനമില്ല. അക്കാഡമിക് നിലവാരവും ഗവേഷണവും ശക്തിപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആരോഗ്യ സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലിൽ കേരളത്തിൽ വേറെ ഏതെങ്കിലും സർവ്വകലാശാലയുടെ ഒരു രീതിയല്ല സ്വീകരിച്ചിരിക്കുന്നത്. ക്ലോസ് 22. ഗവേണിംഗ് കൗൺസിൽ-പതിനേഴ് പേരുള്ളതിൽ സബ്ക്ലോസ് 9, 10, 11 വകുപ്പുകൾ പ്രകാരം അഞ്ചുപേരെ ചാൻസലർ നോമിനേറ്റ് ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്. ആരോഗ്യ വിദ്യാഭ്യാസ ഗവേഷണ രംഗത്തെ പ്രമുഖരായിട്ടുള്ള എമിനന്റ് പേഴ്സൺസ് എന്ന് എടുത്തു പറഞ്ഞിട്ടുണ്ട്. പ്രമുഖരായവരെയാണ് ഇതിൽ ഉൾപ്പെടുത്തേണ്ടത്. അങ്ങനെയുള്ളവരെത്തന്നെയാണ് ചാൻസലർ ഇതിനകം നോമിനേറ്റ് ചെയ്തിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നമ്മൾ എമിനന്റ് പേഴ്സൺ എന്നു പറയുന്ന ആളുകളുടെ കെയർ ഓഫ്-ലാണ്. ഇപ്പോൾ സാഹിത്യകാരൻമാരുടെ കെയർ ഓഫ്-ൽ കേരള യൂണിവേഴ്സിറ്റിയിൽ ഒരാൾ വന്നിട്ടുണ്ട്. ഇൻഡസ്ട്രിയലിസ്റ്റിന്റെ പേരിൽ വേറൊരാൾ കേരള യൂണിവേഴ്സിറ്റിയിൽ വന്നുകയറിയിട്ടുണ്ട്. ഇതെല്ലാം എമിനെന്റാണ്. സ്പോർട്ട്സിന്റെ കോട്ടയിലും ഒരാൾ വന്നിട്ടുണ്ട്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അങ്ങനെയുള്ള എമിനെന്റ് പേഴ്സൺസിനൊന്നും ഇതിൽ കയറിവരാൻ പറ്റില്ല. ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ എമിനെന്റ് പേഴ്സൺ എന്നു പറഞ്ഞാൽ ക്വാളിഫിക്കേഷൻ വളരെ പ്രധാനമാണ്. കേരള സർവ്വകലാശാലയിൽ സാഹിത്യ രംഗത്തുള്ള പ്രമുഖർക്ക് വരാം. അല്ലെങ്കിൽ എം.ജി. യൂണിവേഴ്സിറ്റിയിൽ പ്രമുഖർക്ക് വരാം.

സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും വരാം. മറ്റ് സർവ്വകലാശാലകളിലെ എമിനെന്റ് പേഴ്സൺ വിവിധ മേഖലകളിലുള്ളവരാണ്. പക്ഷേ ഇവിടുത്തെ എമിനെന്റ് പേഴ്സൺസ് ആരോഗ്യ വിദ്യാഭ്യാസ ഗവേഷണ രംഗത്തെ പ്രമുഖരായവരെയാണ് നമ്മൾ ഉദ്ദേശിക്കുന്നത്. ക്ലോസ് 35 പ്രകാരം റിസർച്ച് കൗൺസിൽ രൂപീകരിക്കുമെന്ന് പറയുന്നുണ്ട്. Clause 4 (A) (i) പ്രകാരം School of studies and research രൂപീകരിക്കുമെന്ന് പറയുന്നുണ്ട്. അതുകൊണ്ട് ആ കാര്യത്തെ സംബന്ധിച്ച് വിഷമിക്കേണ്ട, സംശയിക്കേണ്ട, ഉൽകണ്ഠ വേണ്ട. ഈ സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന് ..... ശ്രീ. തോമസ് ചാഴികാടൻ, നമ്മുടെ രണ്ടു ബില്ലുകളുംകൂടി എടുക്കേണ്ടേ ? .....

<u>ശ്രീ. തോമസ് ചാഴികാടൻ</u> : ടീച്ചർ ഇവിടെ ഗവേണിംഗ് കൗൺസിലിനെ കുറിച്ചാണ് പറഞ്ഞത്. ഈ യൂണിവേഴ്സിറ്റി സ്ഥാപിക്കുമ്പോൾ അതിന് കീഴിൽ വരുന്നത് മൊത്തം 213 കോളേജുകളാണ്. ആ 213 കോളേജുകളിൽ നഴ്സിംഗ് കോളേജ് 90, ഫാർമസി കോളേജ് 26, പാരാമെഡിക്കൽ കോളേജുകൾ 24, അങ്ങനെ ഏതാണ്ട് 140 -ഓളം കോളേജുകൾ വരുന്ന ആ മേഖലയിൽ നിന്ന് ഈ ഗവേണിംഗ് കൗൺസിലിലേക്ക് ഒരാൾക്കുപോലും വരാനുള്ള സാധ്യതയില്ല ഇപ്പോൾ. മറിച്ച്, മോഡേൺ മെഡിസിൻ, ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ, ഹോമിയോപ്പതി എന്നീ മൂന്ന് മേഖലയ്ക്ക് മാത്രമായി ഗവേണിംഗ് കൗൺസിൽ വരാനുള്ള സാധ്യത ഒരുക്കിക്കൊണ്ടാണ് ഇപ്പോൾ ഈ ബിൽ തയ്യാറാക്കിയിരിക്കുന്നത്. നിർബന്ധമായും എനിക്ക് പറയാനുള്ളത് 140-ഓളം കോളേജുകൾ വരുന്ന ആ മേഖലയെ പൂർണ്ണമായും മാറ്റി നിർത്തി ഈ ഗവേണിംഗ് കൗൺസിലുണ്ടാക്കുമ്പോൾ ആ മേഖലയുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടാതെ പോകും. അതുകൊണ്ട് അതിൽ പുനഃപരിശോധന ആവശ്യമാണ്.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u> : ഒരു മേഖലയേയും അങ്ങനെ അവഗണിക്കുന്ന പ്രശ്നം ഈ സർവ്വകലാശാലയ്ക്ക് ഇല്ല. ഫാർമസി, നഴ്സിംഗ് എന്നൊക്കെ പറയുന്നത് മെഡിക്കൽ കോളേജിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്, എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഏതൊരു മെഡിക്കൽ കോളേജിന്റെയും അനുബന്ധമായി ഫാർമസി കോളേജുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഫാർമസി കോളേജുണ്ട്. പ്രത്യേകം പ്രിൻസിപ്പലില്ല, പക്ഷേ ഫാർമസി കോളേജുണ്ട്. പക്ഷേ ഇവിടെ ഏതെങ്കിലുമൊരു സബ്ജക്ടോ ഡിപ്പാർട്ടുമെന്റോ സ്കൂളോ നമ്മൾ അവഗണിക്കുന്നില്ല, നമ്മൾ അവഗണിക്കാൻ ഉദ്ദേശിക്കുന്നില്ല. കുറെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. തീർച്ചയായും അങ്ങനെയുള്ള നിർദ്ദേശങ്ങൾ നമ്മൾ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷന്റെ സമയത്ത് എടുക്കാം. ബഹുമാനപ്പെട്ട തോമസ് ചാഴികാടൻ പറഞ്ഞത് ശരിയാണ്. 2001 മുതലാണ് കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് അലോപ്പതി മേഖലയിൽ കൂടുതൽ പ്രൈവറ്റ് സ്ഥാപനങ്ങൾ വന്നുതുടങ്ങിയത്.

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമില്ലെന്ന് ഞാൻ പറയുന്നില്ല. നമുക്ക് ഈ സ്ഥാപനങ്ങൾ ആവശ്യമാണ്. കൂടുതൽ ഡോക്ടേഴ്സിനെ ആവശ്യമാണ്. കൂടുതൽ നേഴ്സുമാരെ ആവശ്യമാണ്. കൂടുതൽ ഫാർമസിസ്റ്റിനെ ആവശ്യമാണ്. ഇനി കേരളത്തിൽ ആവശ്യമില്ലെങ്കിൽ വടക്കേന്ത്യൻ സ്റ്റേറ്റുകളിലേക്ക് തൊഴിൽ അന്വേഷിച്ചു കൊണ്ടുപോകാൻ ഇഷ്ടംപോലെ ആളുകൾ തയ്യാറാണ്. ഇവിടെനിന്ന് പഠിക്കാൻവേണ്ടി അങ്ങോട്ട് പോകുന്നുണ്ട്. കർണ്ണാടകയിൽ, ആന്ധ്രയിൽ, മധ്യപ്രദേശിൽ വരെ പോയി പഠിച്ച് വരുന്ന നഴ്സുമാരുണ്ട്. ഇപ്പോൾ നമുക്ക് നഴ്സിംഗ് കോളേജുകൾ കൂടിയിട്ടുണ്ട്. ഇനിയും നഴ്സിംഗ് കോളേജുകൾ വർദ്ധിക്കണം. മെഡിക്കൽ കോളേജിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 150 സീറ്റ് കൂട്ടി. അതുകൊണ്ട് 150 കുട്ടികൾക്ക് കൂടുതലായി പഠിക്കാനായി. രണ്ട് കോളേജുകൾ ഉണ്ടാകുന്നതിന് അത് സമമായി. അഞ്ചാമത്തെ വർഷമായി. അപ്പോൾ കൂടുതൽ സ്ഥാപനങ്ങൾ വേണം. അതിന് തെറ്റില്ല. പക്ഷേ കൂടുതൽ സ്ഥാപനങ്ങൾ മെഡിക്കൽ സയൻസിന്റെ രംഗത്ത് വരുമ്പോൾ ഈ യൂണിവേഴ്സിറ്റി അക്കാഡമിക് രംഗത്ത് മാത്രമല്ല റിസർച്ച് രംഗത്തും വളരെയേറെ ഊന്നൽ നൽകുന്നുവെന്നുള്ളതാണ്. പിന്നെ ബഹുമാനപ്പെട്ട തോമസ് ചാഴികാടനും ശ്രീ. തിരുവഞ്ചൂരും ക്ലാസ് 47-ലെ ന്യൂനപക്ഷ അവകാശം സംബന്ധിച്ച് സംസാരിച്ചപ്പോൾ പറയുകയുണ്ടായി. ന്യൂനപക്ഷ സമുദായങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാൻഭരണഘടനാപ്രകാരം തന്നെ അവകാശമുണ്ട്. ആ അവകാശം സർക്കാർ ഒരു തരത്തിലും നിഷേധിക്കുകയില്ല. അതിൽ കൈകടത്താൻ ആർക്കും അവകാശമില്ല, അധികാരവുമില്ല. അവരത് നടത്തട്ടെ. ഈ സർക്കാരിനും അങ്ങനെയൊരു ഉദ്ദേശവുമില്ല. അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പക്ഷേ അഡ്മിഷൻ എങ്ങനെ നടത്തണമെന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിയമമുണ്ട്. മെഡിക്കൽ കൗൺസിലുകളിൽ ഉണ്ടാക്കിയിട്ടുള്ള റെഗുലേഷൻസുണ്ട്. ഇതെല്ലാം സംബന്ധിച്ച് ബന്ധപ്പെട്ട നിയമങ്ങളും ഭരണഘടനയും പ്രകാരം ന്യൂനപക്ഷങ്ങൾക്ക്-മുസ്ലീം-ക്രിസ്ത്യൻ മൈനോറിറ്റിക്ക് നിയമപരമായി ലഭ്യമായ എല്ലാ അവകാശങ്ങളും സംരക്ഷിച്ചു കൊണ്ടുതന്നെ മാത്രമേ പുതിയ സർവ്വകലാശാല പ്രവർത്തിക്കുകയുള്ളുവെന്ന് സർക്കാരിനുവേണ്ടി ഞാൻ ഇവിടെ ഉറപ്പ് നൽകുകയാണ്. അതുകൊണ്ട് 47-ാം വകുപ്പിലെ സബ്ജക്ട് കമ്മിറ്റിയുടെ ഭേദഗതിയോടെ, സബ്ജക്ട് കമ്മിറ്റി അതിൽ യുനാനിമസായി .....(തടസ്സം) .....തിരുവഞ്ചൂർ ഇനി സമയമില്ല. യുനാനിമസായി ഭേദഗതി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ...(തടസ്സം).... ഈ സർക്കാർ ഈ ബില്ലിൽ അഡ്മിഷൻ സംബന്ധിച്ച് എടുത്ത പോളിസിക്കെതിരെ വന്ന ഒരു അപാകത ഞാൻ ചൂണ്ടിക്കാണിച്ചു. അങ്ങ് പരിശോധിച്ചിട്ട് പറഞ്ഞാൽ മതി.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>: സർ, ഞാൻ അത് ശ്രദ്ധിച്ചു. ...(തടസ്സം)....ശ്രദ്ധിച്ചു. പക്ഷേ അത് ആ ഒരുഭാഗം കൊണ്ടുതന്നെ വിക്കർ വിഭാഗത്തിന് നമ്മൾ ഉദ്ദേശിക്കുന്ന രൂപത്തിൽ അത് വരും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ....(തടസ്സം)....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മെഡിക്കൽ എക്സ്പേർട്ടായിട്ടാണ് സംസാരിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: .....(തടസ്സം).... വീക്കർ വിഭാഗത്തിലുള്ള പാവപ്പെട്ട കുട്ടികൾക്ക് ഇതിനകത്ത് പരിഗണന കൊടുത്താൽ എന്ത് അബദ്ധമാണ് ഉള്ളത് ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, നമുക്ക് സ്റ്റാറ്റ്യൂട്ട്സ് ഉണ്ടാക്കണം. ...(തടസ്സം)....അതിന് ചട്ടങ്ങൾ വേണം. ആക്ടിന്റെ ഭാഗമായിത്തന്നെ ഇനി എന്തൊക്കെ വരാനിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ....(തടസ്സം)... ആക്ടിന്റെഭാഗമായിട്ടുതന്നെ വീക്കർ സെക്ഷൻസിനെക്കുറിച്ച് പറയുമ്പോൾ ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട എക്കണോമിക്കലി വീക്കർ ആയിട്ടുള്ള ആളുകൾക്ക് ഇതിനകത്ത് ഒരു പ്രത്യേക പ്രൊട്ടക്ഷൻ പറയുന്നതിന് എന്ത് തടസ്സമാണ് ഉള്ളത് ? ....(തടസ്സം).....

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ ഈ ഭാഗം സംസാരിക്കട്ടെ. എന്റെ പോയിന്റ്, ബഹുമാനപ്പെട്ട തിരുവഞ്ചൂർ ആവർത്തിച്ച് എഴുന്നേറ്റതുകൊണ്ട് ഞാൻ ഉദ്ദേശിച്ച കാര്യങ്ങളെല്ലാം നിന്നുപോയി. സർക്കാരിന്റെ പ്രധാനപ്പെട്ട രണ്ട് ബിൽ ഉണ്ട്. കേരളത്തിൽ ആരോഗ്യ സർവ്വകലാശാല നന്നായി പ്രവർത്തിക്കണമെന്ന് അപ്പുറത്തുള്ളവർക്കും ഇപ്പുറത്തുള്ളവർക്കും ആഗ്രഹമുണ്ട്. പക്ഷേ അതിനിടയിൽ ബഹുമാനപ്പെട്ട തിരുവഞ്ചൂർ ഒന്നുരണ്ട് കാര്യങ്ങളിങ്ങനെ ഇടയ്ക്കുകയറി പറഞ്ഞു. അത് വല്ലാത്തൊരു തെറ്റിദ്ധാരണയുണ്ടാക്കുന്ന ഒരു പരാമർശമായിപ്പോയി. ഞാൻ ഒന്ന് പറഞ്ഞോട്ടെ. ആദ്യത്തെ കാര്യം, 908 പേരെ ഈ സർക്കാർ വന്നതിനുശേഷം സ്ഥിരപ്പെടുത്തി. അങ്ങയുടെ സർക്കാരിന്റെ കാലത്ത് നിയമിച്ചതാണ്. ആ പാവപ്പെട്ടവർക്ക് ജോലി കൊടുക്കുമ്പോൾ നിങ്ങൾ മെത്തേഡ് ഓഫ് അപ്പോയിൻമെന്റ് പാലിച്ചില്ല. ഗ്രേഡ്-2 എന്നുപറയുന്ന ക്ലീനിംഗ് സ്റ്റാഫിന്റെ മെത്തേഡ് ഓഫ് അപ്പോയിൻമെന്റ് ഒന്നുകിൽ കളക്ടർ മുഖേന ചെയ്യുന്ന കുറച്ച് പാർട്ട്ടൈം സ്വീപ്പേഴ്സിന്റേതുണ്ട്. മറ്റേത് 14 ജില്ലകളിലേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വിധവകൾ, പട്ടികജാതിക്കാർ, പ്രായംചെന്നവർ; ഇവരുടെ സീനിയോറിറ്റി ലിസ്റ്റുടുത്ത്, ഇന്റർവ്യൂ നടത്തി, അങ്ങ് പറഞ്ഞതുപോലെ പത്തിലൊരാൾക്ക് കൊടുക്കണം. പക്ഷേ അന്ന് ആ മെത്തേഡ് ഓഫ് അപ്പോയിൻമെന്റിൽ ചെറിയ തെറ്റുപറ്റി. 14 ജില്ലകളിൽ നിന്ന് എടുക്കുന്നതിനുപകരം അതാത് ജില്ലകളിൽ നിന്നെടുത്ത് പോസ്റ്റ് ചെയ്തു. അപ്പോൾ 179-ാമത്തെ ദിവസം അവരെ പിരിച്ചുവിടണം. പിരിച്ചുവിട്ടില്ല. പിരിച്ചുവിടാത്ത സന്ദർഭത്തിൽ രണ്ടര കൊല്ലം കഴിഞ്ഞപ്പോൾ അവർ ഹൈക്കോടതിയിൽ കേസ്സിന് പോയി. ഹൈക്കോടതിയിൽ കേസ് വന്നു. അങ്ങനെ ഹൈക്കോടതി നിരീക്ഷിച്ചു. ഇവിടെ തസ്തിക വേക്കൻസിയാണ്. ഇങ്ങനെ വേക്കൻസിയുണ്ടാകുമ്പോൾ പിന്നെ എന്തുകൊണ്ടാണ് ഇവരെ നിശ്ചയിച്ചുകൂടാത്തതെന്ന് ആ സർക്കാരിന്റെ കാലത്തുതന്നെ ഹൈക്കോടതി ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ.....(തടസ്സം)..... ഞങ്ങളുടെ സർക്കാരിന്റെ കാലത്ത് എടുത്തിട്ടുള്ളത് ഒരു സൗജന്യമെന്നുള്ള നിലയിൽ അങ്ങ് ചെയ്തതായിട്ടാണല്ലോ പറഞ്ഞത്. ഞാൻ അതിൽ സന്തോഷം രേഖപ്പെടുത്തുന്നു. അതേ കാലഘട്ടത്തിൽ സമാന ഡിപ്പാർട്ടുമെന്റുകളിൽ എടുത്തത് ഒന്നും ചെയ്യാതെ ഇത് മാത്രം തെരഞ്ഞെടുത്ത് ചെയ്യണമെങ്കിൽ എന്തെങ്കിലുമൊരു പ്രത്യേക താൽപ്പര്യം ഇതിലുണ്ടാകുമല്ലോ.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഇല്ല. കാരണം കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഗ്രേഡ്-1 എന്നുപറയുന്ന തസ്തിക പൂർണ്ണമായും ഒഴിഞ്ഞുകിടക്കുകയായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം മിനിസ്റ്ററെന്ന നിലയിൽ ഒറ്റ ലക്ഷ്യമേയുണ്ടായിരുന്നുള്ളൂ. വൃത്തിയാക്കാൻവേണ്ടി അവിടെ ആളുകൾ വേണം. ഇവിടെ എൻട്രി കേഡറുകളിൽ ആളുകളെ എടുക്കണമെങ്കിൽ ഇവർ അവിടെ നിൽക്കുന്നു. ഇവർ ജോലിയിൽ കയറിയിട്ട് അഞ്ചോ ആറ് വർഷമായി. ഇവർക്ക് പ്രൊമോഷൻ കൊടുത്ത് ഈ ആറ് വർഷക്കാരെ ഗ്രേഡ്-1 ആക്കണം. അതും ക്ലീനിംഗ് തന്നെ. ഈയൊരു തസ്തിക നമുക്ക് നികത്തുന്നതിനു വേണ്ടി മാത്രമാണ്. നമ്മുടെ ബഹുമാനപ്പെട്ട എല്ലാ മന്ത്രിമാരോടും ഇക്കാര്യം പറഞ്ഞു ധരിപ്പിച്ചു. എന്നിട്ട് ക്യാബിനറ്റിൽ പോയി, എന്നിട്ടാണ് അവരെ സ്ഥിരപ്പെടുത്തിയത്. അവർ സ്ഥിരപ്പെട്ടു. അവർ പെൻഷണബിളായി. രണ്ടാമതൊരു കാര്യം കൂടിയുണ്ട്. അഡ്വിഗേഷൻ പോലെ പറഞ്ഞതുകൊണ്ടാണ്.

മി. സ്പീക്കർ : യെസ്.....ബില്ലാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, രണ്ട് മിനിട്ടുമതി. ഈ വിഷയത്തിൽ വരേണ്ടതല്ല. ഇത് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടൊരു വിഷയമേയല്ല. ഹെൽത്ത് ഇൻസ്പെക്ടേഴ്സ് എന്നുപറയുന്നവർ, കേരളത്തിലെ അറ്റന്റർ, പാർട്ട്ടൈം സ്വീപ്പർ ഇവരൊക്കെ ഹെൽത്തിൽ വന്നതിനുശേഷം അവർ പോയി പഠിക്കും. ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സ് കഴിയും. പി.എസ്.സി. ലിസ്റ്റേ ഉണ്ടായിരുന്നില്ല. ഈ സർക്കാർ വന്നതിനുശേഷം വേക്കൻസി റിപ്പോർട്ട് ചെയ്ത് പി.എസ്.സി. ലിസ്റ്റുണ്ടാക്കി. എന്നിട്ട് ആ മെത്തേഡ് ഓഫ് അപ്പോയിൻമെന്റിൽ വീണ്ടുമൊരു മാറ്റം വരുത്തി. എല്ലാവരും സർവ്വീസിലുള്ളവരായിരുന്നു ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സ് കഴിഞ്ഞു വരുന്നവർ. ഞങ്ങൾ അതിൽ ചെറിയൊരു മാറ്റം വരുത്തി. 25 ശതമാനം സർവ്വീസിലുള്ളവർക്കും 75 ശതമാനം പി.എസ്.സി. ലിസ്റ്റിൽ നിന്നും എടുക്കാൻ എല്ലാ സംഘടനകളെയും വിളിച്ചുചേർത്ത് തീരുമാനിച്ച് അംഗീകരിച്ച് നടപ്പിലാക്കി. എന്റെ മുമ്പിൽ വന്നിട്ടുള്ള ചില പരാതികളുമായി ബന്ധപ്പെട്ടു കൊണ്ട് അന്വേഷിക്കാൻ ഞാൻ ഉത്തരവിട്ടു. 2006-ൽ ഗവൺമെന്റ് വന്നു. 2007-ൽ എന്റെ മുമ്പിൽ വന്ന പരാതിയെത്തുടർന്ന് ഈ സർട്ടിഫിക്കറ്റ് വ്യാജമാണോയെന്ന് പരിശോധിക്കാൻ സെക്രട്ടറി മുഖേന ഡി.എച്ച്.എസ്.-നോട് ആവശ്യപ്പെട്ടു. ഡി.എച്ച്.എസ്. ചില റിപ്പോർട്ടുകൾ തന്നു. അതിൽനിന്ന് ചില ആളുകളെ കണ്ടുപിടിച്ച് അവരുടെ പ്രൊമോഷൻ തള്ളിക്കളഞ്ഞു. എന്തിനാണ് പ്രൊമോഷൻ തള്ളിക്കളഞ്ഞതെന്ന് അറിയാമോ ? ഇവർ കോഴ്സിന് പോയത് ജോലി എടുത്തുകൊണ്ടുപോയിയെന്നാണ് പറയുന്നത്.

ഇതൊക്കെ അങ്ങേക്കറിയാം. അങ്ങേക്കറിയാത്തതുകൊണ്ടല്ല ഇത് പറഞ്ഞത്. ...(തടസ്സം).....എനിക്ക് നല്ല ബോദ്ധ്യമുണ്ട്. എന്റെ ഓഫീസിലെ കാര്യം മിനിസ്റ്റർ അറിയാതെയാണ് എന്നുപറയുന്നത് തന്നെ ശരിയല്ല. ഞാൻ മുൻകയ്യെടുത്തുകൊണ്ടാണ് ഈ വ്യാജസർട്ടിഫിക്കറ്റ് പരിശോധിച്ച് ആവശ്യമായ നടപടിയെടുത്തത്.

മി. സ്പീക്കർ : യെസ്....ബഹുമാനപ്പെട്ട മിനിസ്റ്റർ....

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ...(തടസ്സം)....വ്യാജസർട്ടിഫിക്കറ്റുമായി ഒരു തൊഴിൽ അന്വേഷകർക്കും ഈ സർക്കാർ അംഗീകാരം കൊടുക്കില്ല. അവരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്. നടപടി എടുത്തുകൊണ്ടിരിക്കുകയുമാണ്. അതുകൊണ്ട് തെറ്റിദ്ധാരണ കൊണ്ടാണ് അങ്ങ് ഇത് പറഞ്ഞിട്ടുള്ളതെന്ന് തോന്നുന്നു. ഏതായാലും ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. തിരുവമ്പാടി രാധാകൃഷ്ണൻ : സർ, ...(തടസ്സം)..... ഞാൻ അങ്ങ് അറിഞ്ഞില്ലായെന്ന് പറഞ്ഞത് ഈ കേസ്സിനകത്തുനിന്ന് അങ്ങയെ ഒഴിവാക്കാൻ വേണ്ടി പറഞ്ഞതാണ്. അതെന്റെയൊരു സൗജന്യമായിട്ടിരുന്നോട്ടെ. അങ്ങയെ ഒഴിവാക്കാൻവേണ്ടി പറഞ്ഞതാണ്. പക്ഷേ അങ്ങ് അറിഞ്ഞുവെങ്കിൽ, സർക്കാർ ഡയറക്ഷനെന്നു പറഞ്ഞ് ഡി.എച്ച്.എസ്.നുള്ള ഡയറക്ഷൻ എന്തുകൊണ്ടാണ് അങ്ങ് ഉത്തരവിടാതെ അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറി ഉത്തരവിടാൻ കാരണം ?.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഫയലെല്ലാം നോക്കുമ്പോൾ അത് മനസ്സിലാകും. ഇത് 2007-ൽ ഞങ്ങളുടെ സർക്കാർ വന്നതിനുശേഷം ഞങ്ങളുടെ ഡിപ്പാർട്ടുമെന്റ് മുൻകയ്യെടുത്ത് പരിശോധിച്ചപ്പോൾ വ്യാജ സർട്ടിഫിക്കറ്റാണെന്ന് കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകിയിരുന്ന കുറേ ആളുകൾക്ക് പ്രൊമോഷൻ നഷ്ടമായിട്ടുണ്ട്. ഇതൊന്നും ഞങ്ങൾക്ക് ഒളിച്ചുവയ്ക്കേണ്ട കാര്യമൊന്നുമല്ല. സുതാര്യമാണ്. ....(തടസ്സം).... ജോലി കിട്ടാത്ത കുറച്ച് ആളുകൾക്ക് കുറച്ചുവിഷമമുണ്ടെങ്കിൽ അവർ പറയുന്നതെല്ലാം മുഖവിലയ്ക്ക് എടുത്ത് പോകാൻ പറ്റില്ല. സർക്കാർ നൂറുശതമാനം വെരിഫൈസികളും ഫിൽ ചെയ്തിട്ടുണ്ട്. അത് നിയമപ്രകാരമാണ്. യാതൊരുതരത്തിലുള്ള അനീതിയോ അന്യായമോ ഇല്ല.

നമ്മുടെ ആരോഗ്യ സർവ്വകലാശാല എന്നുപറയുന്നത് കേരളത്തിലെ ആരോഗ്യ രംഗത്ത് ഉജ്ജ്വലമായ ചരിത്രം സൃഷ്ടിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം ആരോഗ്യ- വിദ്യാഭ്യാസ-ഗവേഷണ രംഗത്തും ഒപ്പം പഠന രംഗത്തുമെല്ലാം മെഡിക്കൽ വിദ്യാർത്ഥികൾക്കും മറ്റെല്ലാ മേഖലകളിലുമുള്ള വിദ്യാർത്ഥികൾക്കും ഒരു വലിയ അനുഗ്രഹമായി നമ്മുടെ സർവ്വകലാശാല മാറും. ഈ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ പിന്തുണയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. ഒന്നുരണ്ട് വിമർശനങ്ങൾ പറഞ്ഞെങ്കിലും എല്ലാ മെമ്പർമാരും നല്ലനല്ല കുറേ കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. എനിക്കറിയാം. അങ്ങനെയുള്ള നല്ല നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമെല്ലാം ആ രീതിയിൽ കണ്ടുകൊണ്ട് ഈ ബിൽ വലിയ പ്രശ്നമൊന്നുമില്ലാതെ നല്ല രീതിയിൽത്തന്നെ കണ്ട് ചർച്ചയിൽ പങ്കെടുത്തതിന് എല്ലാവരോടും നന്ദി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3.00 .P.M.]

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതിയെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എം. ദിനേശ്മണി അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. എം. ദിനേശ്മണി : പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. സി. എം. ദിനേശ്മണി അവതരിപ്പിച്ച ഭേദഗതിയെ.....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചു

ബിൽ പരിഗണനയ്ക്ക് എടുത്തു.

2-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. After clause 2(b) the following shall be inserted as follows:- "(c)'Aided college or institution' means a private college or institution which is entitled to have financial assistance from the Government;"

LIBRARY ARCHIVES Kerala Legislative Assembly

115. After clause 2(j), the following shall be inserted as follows: "(k) 'Degree' means any such degree as may, with previous approval of the Central Government, be specified in this behalf by the University Grants Commission, by notification in the official Gazette:".

116. In clause 2(p), for the words "municipal council or municipal corporation" occurring in both places the word "municipality" shall be substituted.

120. After clause 2(t) the following shall be inserted as follows:

"(u) 'Qualification' means a degree or any other qualification awarded by a university defined under clause (f) of section 2 of the University Grants Commission Act, 1956 (Central Act 3 of 1956), and includes an institution deemed to be a University under section 3 of that Act, or an institution specifically empowered by an Act of Parliament to confer or grant degrees;.

(v) 'Rules' means the rules made by the Government under section 90 of the Act;".

129. In clause 2(za), for the words "Health and Allied Sciences" the words "Health Sciences" shall be substituted.

Shri Thomas Chazhikadan: Sir, I move the following amendment.

119. In clause 2(t), (i) for the words "under the University including" substitute the word "under the University for"

(ii) after the words "Modern Medicine" add the words "including Dental Sciences".

Shri K. C. Joseph: Sir, I move the following amendments.

124. In clause 2(z), for the words "Government or University" add the following words: "University/State Government/ U.G.C. or any other agencies."

118. In clause 2 (q), after the words "Naturopathy, Unani," insert the word "Physiotherapy".

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: രണ്ടാം വകുപ്പിൽ ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 110, 116, 129 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 110, 116, 129 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 115, 120 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തോമസ് ചാഴികാടൻ അവതരിപ്പിച്ച 119-ാം നമ്പർ ഭേഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 118124 എന്നീ നമ്പർ ഭേഗതികൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ചാഴികാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. In clause 3(5) for the words "study centres" the words "Constituent colleges and study centres" shall be substituted.

'Study centres' എന്നു മാത്രമേയുള്ളൂ. അത് 'Constituent colleges and study centres' എന്ന് ആക്കണം. ഇതുകൂടി ചേർത്താലേ അത് ഭംഗിയാകുകയുള്ളൂ.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അതിന്റെ ആവശ്യമില്ല. അർത്ഥം അതിൽ വ്യക്തമാണ്. ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 130-ാം നമ്പർ ഭേഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

133. In clause 4(A), the sub item (ii), shall be substituted as follows namely:-

"(ii) constituent colleges, mainly focusing on under graduate, graduate, post graduate and doctorate teaching directly maintained and managed by the university".

135. In clause 4, after the item (C), the following item shall be inserted, namely:-

"(D) Approved Institutions".

Prof. N. Jayaraj : Sir, I move the following amendment.

134. clause 4(C), shall be substituted as follows :

"(C) Recognized Institutions in Health Sciences".

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ഭേദഗതികൾ അംഗീകരിക്കുന്നില്ല.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 133, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു

പ്രൊഫ എൻ. ജയരാജ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

5-ാം വകുപ്പ്

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഞാൻ താഴെപ്പറയുന്ന ഒഫീഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു.

292. In clause 5(iv), for the words, "and promotive", the words "curative and rehabilitative" shall be substituted.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

136. In clause 5(ii) after the words "courses and curricula" the words 'with the approval of the concerned central councils and" shall be added.

Shri Thomas Chazhikadan : Sir, I move the following amendment.

137. In clause 5(ii) after the words'health Science' add the following words:

"in accordance with the directions and guidances given by the professional bodies like Medical Council of India, Dental Council of India, and Pharmacy Council of India."

Prof. N. Jayaraj : Sir, I move the following amendments.

138. In clause 5 (iii) after the word "regulate" the words "and promote" shall be added.

139. Clause 5 (iv) shall be substituted as follows:

"(iv) to promote preventive, promotive and rehabitative aspects of health;"

140. In clause 5 (viii) the words "and forecasting the same" shall be appended.

Shri C. T. Ahammed Ali : Sir, I Move the following amendment.

145. In clause 5(xi) after the word'medicine' the following words may be added. "including traditional ways of treatment;"

Shri K. C. Joseph : Sir, I move the following amendment.

153. After clause 5(xiv) add the following as sub-clause X "(XV) to promote awareness to prevent contagious diseases and give support for the Palliative care for the deserving classes."

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു..

ശ്രീ. തോമസ് ചാഴികാടൻ: ഭേദഗതി 137 അംഗീകരിക്കാവുന്നതാണ്. യൂണിവേഴ്സിറ്റി മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെയും ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെയും ഫാർമസി കൗൺസിൽ ഓഫ് ഇൻഡ്യയുടെയും ഡയറക്ഷൻസിന് വിധേയമായിട്ടല്ലേ പ്രവർത്തിക്കേണ്ടത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: അങ്ങനെയേ പ്രവർത്തിക്കാൻ പറ്റൂ. അല്ലാതെ പ്രവർത്തിക്കാൻ പറ്റില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതി സഭ അംഗീകരിച്ചു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തോമസ് ചാഴികാടൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 138, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 145-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 153-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഒഫിഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു.

293. " The following proviso shall be added to sub-clause (xv) of clause 6, Provided that the recruitment to the non-teaching staff other than the officers of the University mentioned in clause-9 shall be through Kerala Public Service Commission.

ബഹുമാനപ്പെട്ട കെ. സി. ജോസഫും ഈ ഭേദഗതി നൽകിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ് : സഭയിൽ ഒരു കീഴ്വഴക്കമുണ്ട്. ഒരു മെമ്പറുടെ അമെൻ്റ്മെന്റ് ഫ്ളോറിൽ ഉണ്ടെങ്കിൽ അത് അംഗീകരിക്കുകയാണ് നടപടിക്രമം. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച അമെൻഡ്മെന്റ് ഞാൻ എഴുതിക്കൊടുത്തിരുന്നതാണ്. അതായത് The following proviso shall be added to sub-clause (xv) of clause 6, Provided that the recruitment to the non-teaching staff other than the officers of the University mentioned in clause-9 shall be through Kerala Public Service Commission.

വെർബാറ്റിം എന്റെ അമെന്റ്മെന്റാണ് ഇത്. അത് അംഗീകരിക്കാനുള്ള സൗമനസ്യം കാണിക്കാതെ, ഒരു ദുരഭിമാനം ആയിരിക്കാം, അത്രയും ചെയ്തതിന് നന്ദിയുണ്ട്. ഈ നിയമനം പി.എസ്.സി.-ക്ക് വിട്ടത് സ്വാഗതാർഹമാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ബഹുമാനപ്പെട്ട കെ.സി. ജോസഫ് ക്യാബിനറ്റിൽ എല്ലാ യൂണിവേഴ്സിറ്റികളുടെയും നിയമനം പി.എസ്.സി.-ക്ക് വിട്ടതായി തീരുമാനിച്ചിരുന്നു. ഇക്കാര്യം എഴുതിക്കൊടുത്തത് വൈകിയതാണ്. ബഹുമാനപ്പെട്ട സ്പീക്കർ എന്നോട് പറഞ്ഞിരുന്നു. അതുകൊണ്ടാണ് ശ്രീ. കെ. സി. ജോസഫ് എഴുതിക്കൊടുത്തിട്ടുണ്ട് എന്ന് പറഞ്ഞത്.

ശ്രീ. കെ. സി. ജോസഫ് : അതിൽ ഒരു പ്രയാസം ഗവൺമെന്റിന് ഉണ്ടാകും. പി.എസ്.സി.-ക്ക് വിട്ടാൽ നിയമനം താമസിക്കുമ്പോൾ ആ കാലഘട്ടത്തിൽ എന്തുചെയ്യും അതിന് ഞാൻ നിർദ്ദേശം വച്ചിരുന്നു. അതായത് പി.എസ്.സി നിയമനം താമസിക്കുകയാണെങ്കിൽ 'through Employment Exchange or by deputation from other universities of the Government' ആ ഒരു ക്ലോസ് ചേർത്തില്ലെങ്കിൽ പി.എസ്.സി. നിയമനം നീണ്ടുപോകും യൂണിവേഴ്സിറ്റിയിൽ ആവശ്യത്തിന് സ്റ്റാഫ് ഉണ്ടാകില്ല.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ഏത് പി.എസ്.സി. നിയമനത്തിനും ആ വ്യവസ്ഥയുണ്ട്. കേരളത്തിൽ ഏത് പി.എസ്.സി. നിയമനവും വൈകിയാൽ ആ സന്ദർഭത്തിൽ എംപ്ലോയ്മെന്റിൽനിന്ന് എടുക്കാം. ഇപ്പോൾ ഡെപ്യൂട്ടേഷനിലാണ് വയ്ക്കുന്നത്.

Shri K. Babu : Sir, I move the following amendment.

159. In clause 6(iii) after the word "award" the word "doctorate" shall be added.

LIBRARY ARCHIVES Kerala Legislative Assembly

Prof. N. Jayaraj : Sir, I move the following amendments.

174. In clause 6(xx) insert the words "and infrastructure facilities" between the words, "academic performance" and "of affiliated colleges"

179. In clause 6 (xxix) after sub-clause (d), the following item shall be inserted.

"(e) study centres."

Shri K. Kutty Ahammed Kutty : Sir, I move the following amendments.

175. In clause 6(xxii) after the words "prizes for" the word "eligible" shall be inserted.

185. In clause 6 (xxxii) after the word "organisations", the words "in a prescribed manner" shall be added.

ശ്രീ. കെ. എം. മാണിക്കുവേണ്ടി ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

188. In clause 6 the following proviso shall be added at the end, namely,

"Provided that the University shall not exercise the powers and functions enumerated in clauses (1) to (iv) and clause (viii) without the prior permission of the Central Government and the concerned Central Council in this regard.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 59-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. എൻ. ജയരാജ് അവതരിപ്പിച്ച 174, 179 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 175, 185 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 188-ാംനമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

